# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊന്നാനി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.21/330/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/03/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പൊന്നാനി മുനിസിപ്പാലിറ്റി

സർ,

**വിഷയം : പൊന്നാനി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.21/330/24 തീയ്യതി: 04/03/2024

# മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2023 മുതൽ 04-02-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 24-02-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-02-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-02-2024 | 15-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-02-2024 | 15-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ പി ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫാറൂഖ് കെ.പി, അസിസിറ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി, അസിസിറ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രാമകൃഷ്ണൻ ടി സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ആസ്സൻക്കുട്ടി യു സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനീത് ബാബു കെ.ടി സീ.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഇദ്രീസ് അബ്ദുള്ള.എസി ഓഡിറ്റർ

ശ്രീമതി. സുജിത പി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശിവദാസൻ,ആറ്റുപുറത്ത് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ.കെ.എസ് | സെക്രട്ടറി | 01-04-2022 | 31-08-2022 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2022 | 02-09-2022 |
| ശ്രീ.സജിറൂൺ.എസ് | സെക്രട്ടറി | 03-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രദീപ് .പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സ്വാമിനാഥൻ എം | ഹെൽത്ത് ഓഫീസർ | 01-04-2022 | 30-11-2022 |
| ഒഴിവ് | ഹെൽത്ത് ഓഫീസർ | 01-12-2022 | 21-12-2022 |
| ശ്രീ. അരിഷ് . എ.ആർ | ഹെൽത്ത് ഓഫീസർ | 22-12-2022 | 21-02-2023 |
| ശ്രീ. സുബ്രമണ്യൻ പി.വി | ഹെൽത്ത് ഓഫീസർ | 22-02-2023 | 31-03-2023 |
| ശ്രീ. നിസാം കെ കരി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 19-10-2022 |
| ശ്രീ. നിതിൻ പി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 20-10-2022 | 31-03-2023 |
| ഡോ. അഷിഖ് അമൻ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി ) | 01-04-2022 | 31-03-2023 |
| ഡോ. പിങ്കി ആർ. വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. തഹ്സീൻ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ഷാജ് കുമാർ. എ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ഡോ. ആഷ പി.കെ | മെഡിക്കൽ ഓഫീസർ, വുമൺ ആന്റ് ചിൽഡ്രൺ ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത് ഗോപിനാഥ് | മുനിപ്പൽ എഞ്ചിനിയർ | 01-04-2022 | 12-09-2022 |
| ഒഴിവ് | മുനിപ്പൽ എഞ്ചിനിയർ | 13-09-2022 | 25-09-2022 |
| ശ്രീമതി. അജിശ .ആർ | മുനിപ്പൽ എഞ്ചിനിയർ | 26-09-2022 | 10-10-2022 |
| ശ്രീമതി. ധന്യ | മുനിപ്പൽ എഞ്ചിനിയർ | 11-10-2022 | 16-11-2022 |
| ശ്രീ. രഘു പി | മുനിപ്പൽ എഞ്ചിനിയർ | 17-11-2022 | 31-03-2023 |
| ശ്രീ. മോഹനൻ പി.പി | പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. റിയാസ് എ.കെ | എസ്.സി.ഡി.ഒ | 01-04-2022 | 31-03-2023 |
| ഡോ. വിനീത് രവീന്ദ്രൻ.ടി | വെറ്ററനറി സർജൻ, ഡിസ്പെൻസറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സിനി സുകുമാരൻ | വെറ്ററനറി സർജൻ, ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജേഷ് . കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 02-02-2023 |
| ശ്രീമതി. അമൃത ഗോപൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-02-2023 | 31-03-2023 |
| ശ്രീമതി. നീന എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. ഷബ്ന കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2022 | 16-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-01-2023 | 18-01-2023 |
| ശ്രീമതി. നീന എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-01-2023 | 31-03-2023 |
| ശ്രീ. പ്രശാന്ത് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | സ്ഥിര നിക്ഷേപം-ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ലഭ്യമായിട്ടില്ല. | 1-1-3 |
| 5 | അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി-വരവ് തുക വാർഷികകണക്കിൽ ചേർത്തിട്ടില്ല. | 1-1-6 |
| 8 | ലോൺ രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വാടക-തൻവർഷ കുടിശ്ശിക-തെറ്റായി രേഖപ്പെടുത്തി. | 1-1-8 |
| 10 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-9 |
| 11 | ഓഡിറ്റ് റിക്കവറി ഇനത്തിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 22 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ– അവലോകനം | 1-12 |
| 23 | ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് | 1-13 |
| 24 | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 25 | തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-15 |
| 26 | നഗരസഭയുടെ വാതിൽപ്പടി സേവനം- ഒരു അവലോകനം | 1-16 |
| 27 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-17 |
| 28 | അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി - അപാകതകൾ | 1-18 |
| 29 | പൊന്നാനി തുറമുഖത്തെ മാനുവൽ ഡ്രഡ്ജിംഗ് - തൊഴിലാളികൾക്ക് കൂലി അനുവദിക്കുന്ന അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-19 |
| 30 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു | 1-20 |
| 31 | വീട് റിപ്പയർ ജനറൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 32 | തെങ്ങ് കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 33 | നെൽ കൃഷിക്ക് വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 34 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല | 1-24 |
| 35 | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് KWA യിൽ തുക നിക്ഷേപിച്ചത് - രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക 600000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | SSA വിവഹിതം നൽകൽ - രേഖകൾ ഹാജരാക്കിയില്ല- 2000000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 37 | നഗരസഭാ സെക്രട്ടറി നിർവഹിച്ച പ്രൊജക്ടുകൾ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 38 | PMAY ഭവന നിർമാണ പദ്ധതി- നിർമാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 39 | പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 40 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-30 |
| 41 | അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിന് പ്രാധാന്യം നൽകണം. | 1-31 |
| 42 | പി-ക്യാപ് പൊന്നാനി കരിയർ ഗൈഡൻസ് - രേഖകൾ ലഭ്യമാക്കിയില്ല. | 1-32 |
| 43 | ന്യൂട്രിമിക്സ് വിതരണം - അപാകതകൾ | 1-33 |
| 44 | ടാലന്റ് ലാബ്- വിവിധ സ്കൂളുകൾക്ക് തുക കൈമാറി. രേഖകൾ ലഭ്യമാക്കിയില്ല. | 1-34 |
| 45 | സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-35 |
| 46 | വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-36 |
| 47 | തൃക്കാവ് ഗവ.ഹൈസ്കൂളിലേക്ക് ബെഞ്ചുകളും ഡെസ്കുകളും വാങ്ങൽ -അപാകതകൾ | 1-37 |
| 48 | തൃക്കാവ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ -ഫർണിച്ചർ ലഭ്യമായില്ല. ചെലവ് തുക നിരാകരിക്കുന്നു. | 1-38 |
| 49 | വിദേശത്ത് തൊഴിൽ ധന സഹായം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-39 |
| 50 | വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശിക | 1-40 |
| 51 | ഈഴുവത്തിരുത്തി പി.എച്ച്.സി സായാഹ്ന ഒ.പി-ഡോക്ടർ താൽകാലിക നിയമന നടപടിക്രമങ്ങൾ -സബ്സിഡി മാർഗ്ഗ രേഖ പ്രകാരമല്ല | 1-41 |
| 52 | പൊന്നാനി നഗര ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-42 |
| 53 | പാലിയേറ്റീവ് ഫാർമസി സ്റ്റോറിൽ എ.സി. സ്ഥാപിക്കൽ– GeM മുഖന വാങ്ങൽ നടത്തിയില്ല | 1-43 |
| 54 | പരിരക്ഷ പ്രൈമറി താലൂക്ക് ആശുപത്രി -മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-44 |
| 55 | ഡയാലിസ് സെന്ററിന് ധനസഹായം- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക ₹ 10,55,000/- തടസ്സം ചെയ്യുന്നു | 1-45 |
| 56 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-46 |
| 57 | സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-47 |
| 58 | ഗാർഹിക യൂനിറ്റുകൾക്ക് ബയോബിന്നുകൾ നൽകൽ - അപാകതകൾ | 1-48 |
| 59 | ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ– മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-49 |
| 60 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല-3,20,320 രൂപയുടെ അധിക ചെലവ് | 1-50 |
| 61 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല. | 1-51 |
| 62 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല. | 1-51-1 |
| 63 | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-51-2 |
| 64 | പൈപ്പ് ലൈൻ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക – പൂർത്തീകര വിവരം ലഭ്യമാക്കിയില്ല. | 1-51-3 |
| 65 | പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല. | 1-51-4 |
| 66 | മെറിട്ടോറിയസ് സ്കോളർഷിപ്പ് അധികം നൽകി | 1-52 |
| 67 | മുനിസിപ്പൽ റഗുലർ ജീവനക്കാർക്ക് പെൻഷൻ ഫണ്ട് - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-53 |

| | | |
|---|---|---|
| 68 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-54 |
| 69 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-55 |
| 70 | ആർ ഒ പ്ലാന്റ് പ്രവർത്തന സജ്ജമാക്കൽ - വിശദവിവരം ലഭ്യമാക്കിയില്ല. | 1-56 |
| 71 | സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-57 |
| 72 | തെരുവ് വിളക്ക് പരിപാലനം; വിശദവിവരം ലഭ്യമാക്കേണ്ടതാണ് | 1-58 |
| 73 | 'വാട്ടർ കണക്ഷന് സബ്സിഡി നൽകൽ ' – ക്രമവിരുദ്ധമായി തുക ചെലവഴിച്ചു. | 1-59 |
| 74 | ടെക്നിക്കൽ സർവ്വീസിന് 2% ഇൻകം ടാക്സ് ടി ഡി എസ് ഈടാക്കിയില്ല. | 1-60 |
| 75 | സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് - തുക തിരികെ ഈടാക്കി വിവരമറിക്കേണ്ടതാണ്. | 1-61 |
| 76 | കുടിവെള്ള വിതരണപദ്ധതി -അപാകതകൾ | 1-62 |
| 77 | ഖരമാലിന്യ സംസ്കരണം -റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ | 1-63 |
| 78 | മുൻകൂറുകൾ ക്രമീകരിച്ചില്ല. | 1-64 |
| 79 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകിയത് – TDS (GST TDS) ഈടാക്കിയില്ല. | 1-65 |
| 80 | തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് - അപാകതകൾ | 1-66 |
| 81 | വണ്ടിപ്പേട്ട റോഡ് കോൺക്രീറ്റിംഗ് - ആദായ നികുതി കുറവായി ഈടാക്കി- കരാറുകാരന് അധികം നൽകിയത് 6956 രൂപ | 1-67 |
| 82 | മരാമത്ത് പ്രവൃത്തി - ഫൈൻ ഈടാക്കിയതിൽ കുറവ് 49,452 രൂപ | 1-68 |
| 83 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാത്തത് സംബന്ധിച്ച് | 1-69 |
| 84 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 47,05,042 രൂപ | 1-70 |
| 85 | ഡ്രൈനേജ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി -19,357 രൂപയുടെ നഷ്ടം | 1-71 |
| 86 | മരാമത്ത് പ്രവൃത്തികളിൽ GST ഇനത്തിൽ അധിക ചെലവ് - 17,744 രൂപ. | 1-72 |
| 87 | മണ്ണ് നീക്കം ചെയ്യുന്നതിന് ഡോസർ / എസ്കവേറ്റർ എന്നിവ ഉപയോഗിക്കാതെ മനുഷ്യ വിഭവ ശേഷി മാത്രം ഉപയോഗിക്കുന്നതിനാൽ അധിക ചെലവ് - പ്രവൃത്തികളിലെ അധികചെലവ് 48,279 രൂപ | 1-73 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൃക്കാവ് ഗവ,ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ–ഫർണിച്ചർ ലഭ്യമായില്ല.ചെലവ് തുക നിരാകരിക്കുന്നു | 3-1 |
| 2 | ഡ്രൈനേജ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി -19,357 രൂപയുടെ നഷ്ടം | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.07.2023 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**തീയതി :** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

### 1-1-1 അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2007 ലെ കേരള മുനിസിപാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 58-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Entertainment Tax | 979553 |
| Profession Tax Employees | 4844567 |
| Rent From Ferries | 40000 |
| Fees | 9471333 |
| Rent From Civic Amenities(Current) | 169115 |
| Rent From Civic Amenities(Arrear) | 3252 |
| Profession Tax - Institutions/Professionals/ Traders (Current) | 1421200 |
| Profession Tax - Institutions/Professionals/ Traders (Arrear) | 317436 |

### 1-1-3 സ്ഥിര നിക്ഷേപം-ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ലഭ്യമായിട്ടില്ല.

വാർഷികകണക്ക് പ്രകാരമുള്ള 500000/-രൂപ മൂല്യമുള്ള ഇക്വിറ്റി ഷെയറിന്റെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ലഭ്യമായിട്ടില്ല. പ്രസ്തുത ഷെയർ സംബന്ധിച്ച വിവരം ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

### 1-1-4 അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Loans Advances And Deposits ഇനത്തിൽ 25074543/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖപ്പെടുത്തൽ അഡ്വാൻസ് രജിസ്റ്ററിൽ നടത്തിയിട്ടില്ല.

### 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം പ്രകാരം 102287113/-രൂപ ബാലൻസ് ഉണ്ട്, എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-6 തൊഴിലുറപ്പ് പദ്ധതി-വരവ് തുക വാർഷികകണക്കിൽ ചേർത്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി- അഡ്മിനിസ്ട്രേഷൻ, തൊഴിലാളികൾക്കുള്ള കൂലി എന്നിവ സംബന്ധിച്ച് വരവ് വാർഷികകണക്കിൽ ചേർത്തിട്ടില്ല.

### 1-1-7 ലോൺ രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

2021-22 ലെ ബാലൻസ് ഷീറ്റ് പ്രകാരം Loan From HUDCO ഇനത്തിൽ 158925334 - *തിരിച്ചടവ് ബാക്കിയുണ്ടായിരുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 135392000*-രൂപയാണ്, ആയതിനാൽ ലോൺ ഇനത്തിൽ അടവാക്കാൻ ശേഷിക്കുന്ന തുകയുടെ പ്രാരംഭബാക്കിയിലും ഈ വ്യത്യാസം വന്നിട്ടുണ്ട്. എന്നാൽ വ്യത്യാസം ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

### 1-1-8 വാടക-തൻവർഷ കുടിശ്ശിക-തെറ്റായി രേഖപ്പെടുത്തി.

വാടകയിനത്തിൽ തൻവർഷ ഡിമാന്റ് 189807/-രൂപയും തൻവർഷ കളക്ഷൻ 169115/-രൂപയുമാണ്. എന്നാൽ തൻവർഷ കുടിശ്ശികയായി വർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് 225247/-രൂപയാണ്.

### 1-1-9 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും RP-40(a),Rp-40(b) എന്നീ ഷെഡ്യൂളുകളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-10 ഓഡിറ്റ് റിക്കവറി ഇനത്തിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം 107845/- രൂപ വരവുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസാക്കിയ തിയ്യതി | 2022-23 ലെ ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|

| | |
|---|---|
| 31.03.2022 തിയ്യതിയിലെ തീരുമാനം നമ്പർ (1) | 28.03.2023 ലെ തീരുമാനം നമ്പർ (1) |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2022-23 സാമ്പത്തിക വർഷത്തെ തുക (₹) |
|---|---|
| മുന്നിരിപ്പ് | 96258867.92 |
| വരവ് | 403715749 |
| ആകെ | 499974616.92 |
| ചെലവ് | 378954046 |
| നീക്കിയിരിപ്പ് | 121020570.92 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 59533641 | 59533641 | 58025060 | 1508581 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 19950971 | 19950971 | 17927978 | 2022993 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 15249000 | 15249000 | 12684539 | 2564461 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 30755000 | 30755000 | 27345479 | 3409521 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 28977945 | 28977945 | 40488560 | -11510615 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 35692071 | 35692071 | 47567950 | -11875879 |
| ബി. ഫണ്ട് | 0 | 124808600 | 124808600 | 124808600 | 0 |

കുറിപ്പ്:- CFC ഗ്രാന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെടുത്താത്തതിനാലാണ് നീക്കിയിരിപ്പ് -Ve ബാലൻസ് ഉള്ളത്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 372 | 396265712 | 239 | 222870947 | 0 | 133 | 64.2% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1249815 | 7478237 | 8728052 | 8775227 | 47175 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 2647400 | 137 |
| വിധവ പെൻഷൻ | 38920000 | 2027 |
| വാർദ്ധക്യകാല പെൻഷൻ | 67608000 | 3521 |
| വികലാംഗ പെൻഷൻ | 13828400 | 720 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1804800 | 94 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2024 ന് 3.15 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന 159717/- രൂപയുടെ ആധികാരികത ഡേ ബുക്ക്, പെറ്റി ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആവശ്യകത പരിഗണിക്കാതെ ഫർണ്ണിച്ചറുകൾ വാങ്ങലുകൾ നടത്തിയതിനാൽ വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയുണ്ട് (ഖണ്ഡിക 3-1 കാണുക).

2.നഗരസഭ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ ചന്തപ്പടി SBI ശാഖയിൽ ഉള്ള 67103971015 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 47,05,042 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് വ്യക്തമല്ല. ഇടപാടുകൾ രേഖപ്പെടുത്തി കാഷ്ബുക്ക് പരിപാലിച്ചിട്ടില്ല.

3 . ഏഴ് കേന്ദ്രങ്ങളിലായി സ്ഥാപിക്കേണ്ട തുമ്പൂർ മൊഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ളാന്റുകൾ മുഴുവനായി 2 കേന്ദ്രങ്ങളിലായി സ്ഥാപിച്ചു. പ്ളാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് മാതൃ-ശിശു ആശുപത്രിയിലും പൊന്നാനി നഗരസഭയിലും മാത്രമാണ് എന്ന് ബോധ്യപ്പെട്ടു. സ്ഥാപിച്ച പ്ലാന്റുകളിലെ അപാകത ഖണ്ഡികയിൽ (1-66) പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലനത്തിൽ വീഴ്ച സംഭവിക്കാതെ നോക്കുന്നതിന് നഗരസഭ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്.

4.രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം തൃപ്തികരമല്ല. ഈ റിപ്പോർട്ടിൽ പരാമർശിച്ച ഖണ്ഡികകളിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനത്തിൽ ഉണ്ടായ വീഴ്ചകൾ പരാമർശിച്ചിട്ടുണ്ട്.

5.വിദ്യാഭ്യാസ പദ്ധതികളുടെ ഭാഗമായി ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നഗരസഭയിലെ വിവിധ വിദ്യാലയങ്ങളിലേക്ക് ധാരാളം സാധന സാമഗ്രികൾ വാങ്ങി വരുന്നുണ്ട്. പ്രസ്തുത സാധന സാമഗ്രികൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ആയത് വിവിധ വിദ്യാലയങ്ങളിൽ ലഭിച്ചുവെന്ന് ഉറപ്പ വരുത്തുകയും ചെയ്തു കാണുന്നില്ല.

6.ഡെപ്പാസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ മോണിറ്റർ ചെയ്യുന്നില്ല.

7.വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക ഇനത്തിൽ വൻ തുക കൊടുക്കാനുണ്ട്. കുടിശ്ശിക തീർപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

8. പൊന്നാനി തുറമുഖത്തെ മാനുവൽ ഡ്രഡ്ജിംഗ് - തൊഴിലാളികൾക്ക് കൂലി അനുവദിക്കുന്ന അക്കൗണ്ടിൽ വൻ തുക വർഷങ്ങളായി അവശേഷിക്കുന്നു. 1035116/- രൂപ നിലവിൽ നീക്കിയിരിപ്പുണ്ട്.

9. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2020 | 2018-19 | 30.12.2020 |
| എ.ജി ഓഡിറ്റ് | 10.04.2023 | 2019-20 മുതൽ 2022-23 വരെ | 10.07.2023 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ബജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മേൽനോട്ടം, നികുതികളുടേയും ഫീസുകളുടെയും വാടകയുടേയും തിട്ടപ്പെടുത്തലും ഈടാക്കലും, അക്കൗണ്ടുകൾ മാസം തോറും പരിശോധിക്കുക, സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും അവയുടെ ഉപയോഗം നിരീക്ഷിക്കുക, മാസം തോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും, മാസം തോറുമുള്ള വരവ് ചെലവ് കണക്കുകളുടെ പരിശോധന, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിൽ മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക , നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും നികുതി ചുമത്തുന്നതിൽ നിന്നും വിട്ടുപോയവ ചുമത്തുന്നതും മൂല്യം കുറച്ച് നികുതി ചുമത്തിയത് പുന:പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് നഗരസഭയുടെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്.

ഓഡിറ്റ് വർഷത്തിൽ 14 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ,സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ട് പ്രാഥമിക വിജ്ഞാപനം 21.06.2023 തീയതിയിൽ പരസ്യപ്പെടുത്തിയിരുന്നു.

3. സ.ഉ (അച്ചടി) നം. 26/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 29.07.23 ലെ 7നമ്പർ ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

4. മേഖല തിരിച്ചു കൊണ്ടുള്ള റോഡുകളുടെ വിവരണങ്ങളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. നഗരസഭയിൽ ഇപ്രകാരം 760 അപേക്ഷകൾ ലഭിച്ചതിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടത്തിൻമേൽ മാറ്റം വരുത്തിയതും കൂട്ടിച്ചേർക്കൽ വരുത്തിയതുമായ എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം നടത്തി നികുതി പുനർനിർണ്ണയം നടത്തുന്നതിലേക്കായി ഊരാളുങ്കൽ ലേബർ സൊസൈറ്റിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെന്നും 01.12.2023 മുതൽ GIS മാപ്പിംഗിനായുള്ള ഡ്രോൺ സർവേ ഉൾപ്പടെയുള്ള വിവരശേഖരണം ആരംഭിച്ചതായും 80 % പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

വസ്തുനികുതിയിനത്തിൽ 2022-23 സാമ്പത്തികവർഷം 87,50,213/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സേവന ഉപനികുതി**

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം സേവനഉപനികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

**തൊഴിൽ നികുതി**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1.2005ലെ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏതെങ്കിലും ഓഫിസിലോ,കമ്പനിയിലോ,ഫേമിലോ,സംരഭത്തിലോ,എസ്റ്റാബ്ലിഷ്മെന്റിലോ,സ്ഥാപനത്തിലോ,

ശമ്പളത്തിനോ വേതനത്തിലോ നിയമിക്കപ്പെടുകയോ അതിൽ തൊഴിലെടുക്കുകയോ ഉദ്യോഗം വഹിക്കുകയോ

ചെയ്യുന്ന തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥനായ വ്യക്തികളിൽ നിന്ന് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 252,253,254,256 വകുപ്പുകളിൽ പറഞ്ഞിട്ടുള്ള നടപടിക്രമമനുസരിച്ച് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേനയോ 3-ാം ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭപരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ തൊഴിൽ നികുതി രജിസ്റ്ററോ റിട്ടേണുകളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവ് സംബന്ധിച്ച് കൃത്യത പരിശോധിക്കാനായില്ല. ( തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരാമർശം ഖ 1-15 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.).

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നഗരസഭ ഈടാക്കുന്നില്ല.

നഗരസഭാ പരിധിയിലുള്ള തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് . തൊഴിൽ നികുതിയിനത്തിൽ 2022-23 സാമ്പത്തികവർഷം 3601435/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വാടക**

വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം നഗരസഭയുടെ ഉടമസ്ഥതയിലുള്ള 14 റൂമുകൾ വാടകക്ക് നൽകുന്നുണ്ട്.

വാടകയിനത്തിൽ 2022-23 സാമ്പത്തികവർഷം 206691/- രൂപ കുടിശ്ശികയായി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്**

നഗരസഭാ പരിധിയിലെ വ്യാപാര സ്ഥാപനങ്ങൾ വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല മാത്രമല്ല പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതു കൊണ്ടു തന്നെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു തന്നെയാണോ പ്രവൃത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**വിനോദനികുതി**

നഗരസഭാ പരിധിയിൽ 3 തീയേറ്ററുകളിൽ നിന്നും നിലവിൽ വിനോദ നികുതി ഈടാക്കുന്നുണ്ട്.

**മണൽ ഖനനം**

പൊന്നാനി തുറമുഖ ചാനലിലും ബേസിനിലും അടിഞ്ഞുകൂടി കിടക്കുന്ന മണലടങ്ങുന്ന മിശ്രിതം മാനുവൽ ഡ്രഡ്ജിംഗ്

നടത്തുന്നതിനും ശുദ്ധീകരിച്ച ഡ്രഡ്ജസ് മെറ്റീരിയലിൽ നിന്നും മണൽ സർക്കാർ നിശ്ചയിച്ച ഒരു ടണ്ണിന് 1900/- രൂപ നിരക്കിൽ പോർട്ട് കൺസർവേറ്ററുടെ അക്കൗണ്ടിൽ ഉപഭോക്താക്കൾ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ തുകയിൽ നിന്നും വിവിധ വകുപ്പുകൾക്കും കമ്പനികൾക്കും വിഹിതം അനുവദിക്കുകയാണ് ചെയ്യുന്നത്. ഇതിൽ ടണ്ണിന് 92/- രൂപ നിരക്കിൽ നഗരസഭക്ക് വിഹിതം അനുവദിക്കുന്നുണ്ട്.

**മറ്റിനങ്ങൾ**

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. നഗരസഭയിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(തനത് വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (4/07.02.2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങൾ കൂടി ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ- അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയൽ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കണ്ടു.

| ക്രമ.നം. | പ്രോജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | ഗാർഹിക കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2016-17 | KWA | 5614255 | ഇല്ല | 5614255 |
| 2 | കറുകതിരുത്തി ചുവന്ന റോഡ് പൈപ്പ് ലൈൻ റീപ്ലെയ്സ്മെന്റ് | 2016-17 | KWA | 1314597 | 995382 | 319215 |
| 3 | സ്ട്രീറ്റ് മെയിൻ | 2016-17 | KSEB | 1197266 | ഇല്ല | 1197266 |
| 4 | ഗാർഹിക കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നം. 222/18) | 2017-18 | KWA | 15,00,000 | 1253758 | 246242 |
| 5 | വൈദ്യുതി പോസ്റ്റുകൾ മാറ്റി | 2017-18 | KSEB | 2500000 | ഇല്ല | 2500000 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽ (198/18) | | | | | |
| 6 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2021-22 | KWA | 15,00,000 | ഇല്ല | 15,00,000 |
| | | | | | | 11376978 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-09/07.02.2024)ക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിന് ശേഷവും മുകളിൽ ചേർത്തിരിക്കുന്ന പ്രവൃത്തികളിലായി 11376978 രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്

വാർഷികകണക്ക് B-7 പത്രിക പ്രകാരം നഗരസഭയിൽ വിവിധ ഇനങ്ങളിലായ സ്വീകരിച്ച ഡെപ്പോസിറ്റുകളുടെ ബാലൻസ് വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Supplier's Earnest Money Deposit - Municipal Fund | 98,778 |
| Supplier's Earnest Money Deposit -Specific Grants | 5,000 |
| Contractor's Security Deposit - Municipal Fund | 821,320 |
| Supplier's Security Deposit - Municipal Fund | 14,200 |
| Contractor's Retention Money - Municipal Fund | 754,603 |
| Contractor's Retention Money - Specific Grants | 11,705 |
| Auction Deposit | 598,836 |
| Water Deposit | 89,112,904 |
| Election Deposit(Candidate) | 909,000 |
| Deposit Received From Others | 9,927,817 |
| Other Deposits Received | 32,950 |

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം-32(3) പ്രകാരം സ്വീകരിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-06/06.02.2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് (B 15 പത്രിക പ്രകാരം) വിവിധ നികുതി നികുതിയിതര വരവിനത്തിൽ ലഭ്യമാകുവാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| Receivables For Property Tax (Current) | 4246820 |
| Receivables For Property Tax (Arrears) | 4503393 |
| Receivables For Profession Tax Institution/ Professionals/Traders(current) | 4750 |
| Receivable For Profession Tax Institution/ Professionals/Traders(arrears) | 3596685 |
| Receivables For Advertisement Tax (Arrears) | 82455 |
| Receivables For License Fees (Current) | 236300 |
| Rent Receivables For Civic Amenities (Current) | 225247 |

| | |
|---|---|
| Rent Receivables For Civic Amenities (Arrears) | 66218 |
| Other Receivables (Current) | 15842114 |
| Other Receivables (Arrears) | 4072243 |
| ആകെ | 32876225 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം,പിരിച്ചെടുത്ത തുക എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03/07.02.24) മറുപടി ലഭ്യമാക്കിട്ടില്ല. മേൽ ഇനങ്ങളിൽ കുടിശ്ശിക ഈടാക്കിയതിന്റെ വിവരവും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള രജിസ്റ്ററുകൾ നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച വരവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരം എഴുതി തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. വാർഷിക കണക്കു പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 4844567/- രൂപയുടെ വരവും ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 1421200/- രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാൻ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി ( നം.8/06.02.2024) നൽകിയതിന് ഓഡിറ്റ് അവസാനിക്കുന്ന ദിവസം 20 ൽ താഴെ സ്ഥാപനങ്ങളുടെ റിട്ടേണുകൾ മാത്രമാണ് പരിശോധനക്ക്ഹാജരാക്കിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെയും ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതിയിനത്തിലുള്ള വരവുകൾ 2021 -22 വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ 860965/- രൂപ തൊഴിൽ നികുതി ഇനത്തിലുള്ള വരവിൽ കുറവു വന്നതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | 2021 -22 | 2022-23 | വ്യത്യാസം |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി | 5260903 | 4844567 | 416336 |
| ട്രേഡേഴ്സ് / സ്ഥാപന തൊഴിൽ നികുതി | 1865829 | 1421200 | 444629 |
| ആകെ | | | 860965 |

ഇതിൽ നിന്നും 2022 -23 സാമ്പത്തിക വർഷം മുഴുവൻ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകൾ മുഴുവനായി പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ഏതെല്ലാം സ്ഥാപനങ്ങളാണ് തെഴിൽ നികുതി അടവാക്കാത്തതെന്ന് പരിശോധിക്കാനായിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും ഓഡിറ്റിന് മുമ്പാകെ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 നഗരസഭയുടെ വാതിൽപ്പടി സേവനം- ഒരു അവലോകനം

സ.ഉ (സാധാ) നം.1066/ 2021/ത.സ്വ ഭ വ തീ.31.05. 2021 പ്രകാരം വിവിധ കാരണങ്ങളാൽ അവകാശപ്പെട്ട സേവനങ്ങൾ ലഭിക്കാതെ പോകുന്ന ജനങ്ങൾക്ക് സന്നദ്ധ സേവനാംഗങ്ങളോ അനുബന്ധസേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാറിന്റെ സാമൂഹിക സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായം പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ടാണ് വാതിൽപ്പടി സേവന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതിയുടെ പ്രഥമഘട്ടത്തിൽ മസ്റ്ററിംഗ് , ലൈഫ് സർട്ടിഫിക്കറ്റ് ,സാമൂഹിക സുരക്ഷാപെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ,ജീവൻരക്ഷാ മരുന്നുകൾ എന്നീ അഞ്ചു സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രായാധിക്യം , ഗുരുതരരോഗം, ഭിന്നശേഷി വിഭാഗക്കാർ, അതിദരിദ്രർ, ഒറ്റപ്പെട്ടു പോകുന്നവർ തുടങ്ങിയവർക്ക് സുരക്ഷിതമായ ജീവിതത്തിന് ആവശ്യമായ സേവനങ്ങൾ പലപ്പോഴും ലഭ്യമാകാതെ പോകുന്നുവെന്ന് തിരിച്ചറിവാണ് ഈ പദ്ധതിയുടെ ജീവൻ. ഈ സേവനങ്ങൾ മിക്കതും ഇന്ന് അക്ഷയകേന്ദ്രങ്ങൾ വഴി ലഭ്യമാകുന്നുണ്ടെങ്കിലും ശാരീരിക അവശതകളാൽ അവിടെ എത്തപ്പെടാൻ കഴിയാതെ പോകുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ കൂടിയാണ്

ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ സേവകരുടെ സഹായം ഉപയോഗിച്ച് ഗുണഭോക്താവിനരികിൽ നേരിട്ടെത്തി അവരെ സഹായിക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.സേവനാവകാശിയെ കണ്ടെത്തി സേവനം പ്രദാനം ചെയ്യുന്ന രീതി.

പൊന്നാനി നഗരസഭയിൽ 2022- 23 വർഷത്തിൽ താഴെ പറയും പ്രകാരം വാതിൽപ്പടി സേവനത്തിനായി തനത് ഫണ്ടിൽ നിന്നും സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200642/ 12.08.22 | 5,200 | പരിശീലന പരിപാടിയുടെ ഭാഗമായി ലൈറ്റ് & സൗണ്ട്സ് ചെലവ് |
| 2 | 22200641/ 12.08.22 | 4,600 | ബാനർ |
| 3 | 22200639/ 12.08.22 | 26,100 | ചായ ലഘുഭക്ഷണം |
| 4 | 22200640/ 12.08.22 | 10,070 | ഓഡിറ്റോറിയം വാടക |
| 5 | 22201827/ 28.03.23 | 20,246 | രജിസ്റ്ററുകൾ ,ഫോമുകൾ വാങ്ങിയതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക(സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കിയിട്ടില്ല.) |

മേൽ മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പാലാക്കുന്നതിനായി നഗരസഭാതലത്തിൽ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കണം .ഒരു ഏകോപന സമിതി രൂപീകരിക്കണം കോ ഓർഡിനേറ്ററുടെ റോളിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ചെയർപേഴ്സൺ/ തദ്ദേശ സ്വയം ഭരണസ്ഥപനതല കോ-ഓർഡിനേറ്ററുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കണം .സംഭാവന സ്പോൺസർഷിപ്പ്, കലാ സാസ്കാരിക വിനോദ വാണിജ്യ മേളകൾ എന്നിവ നടത്തി ധനസമാഹരണം നടത്തണം.

നഗരസഭാതലത്തിൽ ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്. കോ-ഓർഡിനേറ്ററുടെ റോളിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറെയാണ് അപ്രകാരം നിയമിച്ചിട്ടുള്ളത് .മാർഗ്ഗരേഖ പ്രകാരം ബയോമെടിക് ഉപകരണങ്ങൾ, ലാപ്ടോപ്പ് ,യാത്ര ,ഇന്ധനം ,മരുന്നുകൾ എന്നിവക്കായി 2,00,000 രൂപ കൂടി വിനിയോഗിക്കാവുന്നതാണ്. എന്നാൽ അപ്രകാരം തുക ചെലവഴിച്ചിട്ടില്ല.

വാർഡുതലത്തിൽ സന്നദ്ധ സേവന അംഗങ്ങളുടെ രജിസ്ട്രേഷൻ നടത്തി പരിശീലനം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം ഐഡന്റിറ്റി കം മോണിറ്ററിംഗ് കാർഡ് നൽകിയിട്ടില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റിന് കൗൺസിൽ അംഗീകാരം നൽകിയതായി വിവരമില്ല. ചെയർപേഴ്സൺ/ തദ്ദേശ സ്വയം ഭരണസ്ഥപനതല കോ ഓർഡിനേറ്ററുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. മറ്റു സൗകര്യങ്ങൾ ഇല്ല. ഗുണഭോക്താക്കൾക്ക് സേവനം നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ടത്തിലും നിരവധി പ്രവർത്തനങ്ങൾ നടത്തുവാനുണ്ടെങ്കിലും ഒന്നാംഘട്ട പ്രവർത്തനം തന്നെ പൂർത്തീകരിക്കപ്പെട്ടില്ലാത്തതിനാൽ രണ്ടാം ഘട്ടം ആരംഭിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 76/22-23/14.02.24- മറുപടി ലഭ്യമാക്കിയില്ല.)

## 1-17 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

നഗരസഭയിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ (പഴയ നിരക്ക് )താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 70/- രൂപ / ച.മീ.

നഗരസഭയിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതിലേക്ക് 50/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

| ക്രമ നം | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന | നിർണ്ണയി ക്കേണ്ടത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ($M^2$) | വസ്തു നികുതി | |
| 1 | ശ്രീ സഫറുള്ള മൂച്ചിക്കൽ ഹൗസ് | XXI/12 A | 27.1 | 50 | 70 |
| | | XXI/12 A1 | 27.1 | 50 | 70 |
| | | XXI/12 A2 | 27.12 | 50 | 70 |
| | | XXI/12 A3 | 27.1<br>ആകെ – 108.42 | 50 | 70 |
| 2 | ശ്രീ. ഗിരീഷ് കുമാർ പേരോത്ത് | XXVIII/ 36A | 25.01 | 50 | 70 |
| | | XXVIII/ 36A1 | 25.01 | 50 | 70 |
| | | XXVIII/ 36B | 38.01 | 50 | 70 |
| | | XXVIII/ 36B1 | 38.02<br>ആകെ – 126.05 | 50 | 70 |
| 3 | ശ്രീ. ഉസ്മാൻ ചെങ്ങനാത്ത് ഹൗസ് | XXVIII/ 407A | 12.9 | 50 | 70 |
| | | XXVIII/ 407A1 | 12.9 | 50 | 70 |
| | | XXVIII/ 407A2 | 12.9 | 50 | 70 |
| | | XXVIII/ 407A3 | 26.82 | 50 | 70 |
| | | XXVIII/ 407A4 | 30.45 | 50 | 70 |
| | | XXVIII/ 407A5 | 18.81<br>ആകെ – 114.78 | 50 | 70 |
| 4 | ശ്രീ. കരീം അറമസം വീട്ടിൽ | XLII/ 322A1 | 14.04 | 50 | 70 |
| | | XLII/ 322A2 | 41.36 | 50 | 70 |
| | | XLII/ 322A3 | 42.9 | 50 | 70 |
| | | XLII/ 322B | 54.89 | 50 | 70 |
| | | XLII/ 322B1 | 62.9 | 50 | 70 |
| | | XLII/ 322B2 | 24.51<br>ആകെ -240.6 | 50 | 70 |

ഓഡിറ്റ് വർഷം തന്നെ 100 M2 മുകളിലുള്ളതും വിവിധ നമ്പറുകൾ അനുവദിച്ച മറ്റു കെട്ടിടങ്ങൾക്ക് 70/M2 രൂപ നിരക്കിൽ

നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാ: ശ്രീ.റഫീഖ് ആലിയമക്കാനകത്ത് എന്നയാളുടെ XLIX/40 A,B,C,D എന്നീ റൂമുകളടങ്ങിയ ആകെ 180.79 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 70/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം 233(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും നഗരസഭാ പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 50 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 70 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 233(3) വകുപ്പിന്റെ ലംഘനവുമാണ്. ആയതിനാൽ നഗരസഭാ പരിധിയിലെ ഒരേ ഉപയോഗത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒരേ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.1/06.02.2024) നൽകിയിരുന്നതിന് അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 അയ്യാങ്കാളി തൊഴിലുറപ്പ് പദ്ധതി – അപാകതകൾ

അയ്യാങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1)മുഴുവൻ ഫയലുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.**

താഴെ പറയുന്ന ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വിനിയോഗിച്ച തുക | വൗച്ചർ നം./ തീയ്യതി |
|---|---|---|---|
| 1 | ജൈവ പച്ചക്കറി കൃഷിയിടമൊരുക്കൽ പദ്ധതി | 2,91,748 രൂപ | 2220299,300 To 307/ 08.06.2022 |
| 2 | മാലിന്യ സംസ്കരണം | 3,05,550 രൂപ | 22200238/ 31.05.2022 |
| 3 | മാലിന്യ സംസ്കരണം | 3,83,829 രൂപ | 22200055/ 13.04.2022 |
| 4 | തോട് ശുചീകരണം | 42,23,024 രൂപ | 2220741 To 804& 22200831 To 835/ 31.08.2022 |

**2) മറ്റു അപാകതകൾ**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) എവിടെ പ്രവൃത്തി നടത്തി എന്ന വിവരം ഫയലിൽ ലഭ്യമല്ല ( ഉദാ. ജൈവ പച്ചക്കറി കൃഷിയിടമൊരുക്കൽ പദ്ധതി ,ഫയൽ നം. H2 10676/21, വിനിയോഗിച്ച തുക 55,056രൂപ, വൗച്ചർ നം. 222010199/ 19.05.22) ലഭ്യമാക്കിയ ജൈവ പച്ചക്കറി കൃഷിയിടമൊരുക്കൽ പദ്ധതി , വീടുകളിൽ മണ്ണ് സംരക്ഷണവും മഴകുഴി നിർമ്മാണവും പ്രവൃത്തികൾ തുടങ്ങി ഒന്നിലും പ്രവൃത്തി എവിടെ നടത്തി എന്നതിന്റെ വിവരം ലഭ്യമല്ല.

Ii) തൊഴിലാളികളുടെ തൊഴിൽ കാർഡ് നമ്പർ കൃത്യമായി മസ്റ്റർറോളിൽ രേഖപ്പെടുത്തുന്നില്ല. തൊഴിൽ കാർഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആയത് നഗരസഭയിൽ ഈ കാലയളവിൽ സൂക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

Iii)മസ്റ്റർ റോളിൽ പ്രവൃത്തി മേൽ നോട്ടം വഹിച്ച മേറ്റ് , പ്രവൃത്തി പരിശോധിച്ച എഞ്ചിനീയർ/ പരിശോധിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ. കറുകത്തിരുത്തി സ്കൂൾ അയനിച്ചുവട് മുതൽ പാസഞ്ചർ പാലം വരെ തോട് ശുചീകരണം (ഫയൽ നം. H2 12207/22, വിനിയോഗിച്ച തുക 60,988രൂപ, വൗച്ചർ നം. 22200834/ 31.08.22)

Iv) മിക്ക പ്രവൃത്തിയിലും മേൽ പരിശോധന ഒന്നും നടത്താതെയും, മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെയുമാണ് തുക നൽകിയിട്ടുള്ളത് .ഉദാ. കരിങ്കാകുഴി തോട് പുനരുദ്ധാരണം (ഫയൽ നം. H2 12217/22, വിനിയോഗിച്ച തുക 69,546രൂപ വൗച്ചർ നം. 22200743/ 31.08.22)

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതും അയ്യങ്കാളി തൊഴിലുറപ്പപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും മേൽ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 77/22-23/14.02.24- മറുപടി ലഭ്യമാക്കിയില്ല.)

## 1-19 പൊന്നാനി തുറമുഖത്തെ മാനുവൽ ഡ്രഡ്ജിംഗ് – തൊഴിലാളികൾക്ക് കൂലി അനുവദിക്കുന്ന അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

പൊന്നാനി തുറമുഖ ചാനലിലും ബേസിനിലും അടിഞ്ഞുകൂടി കിടക്കുന്ന മണലടങ്ങുന്ന മിശ്രിതം മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നതിനും ലഭ്യമാകുന്ന ഡ്രഡ്ജ്സ് മെറ്റീരിയൽ രാജധാനി മിനറൽസിന് കൈമാറുന്നതിന് തുറമുഖ ഡയറക്ടറുടെ

05.05.2017 ലെ സി3- 4548/16 ഡി പി നമ്പർ ഉത്തരവ്, 13.07.2017 ലെ സ ഉ (ആർ ടി) 552/2017/എഫ് & പി ഡി നമ്പർ ഉത്തരവ് എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ശുദ്ധീകരിച്ച ഡ്രഡ്ജസ് മെറ്റീരിയലിൽ നിന്നും മണൽ സർക്കാർ നിശ്ചയിച്ച ഒരു ടണ്ണിന് 1900/- രൂപ നിരക്കിൽ പോർട്ട് കൺസർവേറ്ററുടെ അക്കൗണ്ടിൽ ഉപഭോക്താക്കൾ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ തുകയിൽ നിന്ന് വിവിധ വകുപ്പുകൾക്കും കമ്പനികൾക്കും വിഹിതം അനുവദിക്കുകയാണ് ചെയ്യുന്നത്. നഗരസഭയുടെ വിഹിതം പൊന്നാനി സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ 0201040004023 എന്ന അക്കൗണ്ടിലേക്കും തൊഴിലാളികൾക്ക് കൂലിയിനത്തിൽ ഒരു ടണ്ണിന് 565/- രൂപ നിരക്കിൽ തുക മുനിസിപ്പാലിറ്റിയുടെ പൊന്നാനി സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ 0201060000015 എന്ന അക്കൗണ്ടിലേക്കും അനുവദിക്കുയാണ് ചെയ്യുന്നത്. തൊഴിലാളികളുടെ കൂലി പോർട്ട് കൺസർവേറ്റീവ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് നഗരസഭയാണ് വിതരണം ചെയ്യുന്നത്. 1 മുതൽ 15 തീയതി വരെയും 16 മുതൽ 30 വരെയുള്ള ഡ്രഡ്ജിംഗ് കണക്കാക്കി മാസത്തിൽ രണ്ട് തവണയായാണ് അക്കൗണ്ടുകളിലേക്ക് നഗരസഭയുടെ വിഹിതവും തൊഴിലാളികളുടെ കൂലിയും കൈമാറുന്നത്. മാനുവൽ ഡ്രഡ്ജിംഗിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2022-23 സാമ്പത്തിക വർഷം കൂലിയിനത്തിൽ 4,66,44,606/- രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് കൂലി അനുവദിച്ചതിന്റെ വൗച്ചറുകളും അനുബന്ധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. 2022 -23 വർഷത്തെ തൊഴിലാളികളുടെ കൂലി അനുവദിച്ചതിനു ശേഷവും അക്കൗണ്ടിൽ 31.03.2023 ന് 1035116/- രൂപ അവശേഷിക്കുന്നുണ്ട്. മുൻവർഷങ്ങളിലെ കൂലിയിനത്തിൽ അനുവദിക്കേണ്ട തുക ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

മേൽ അപാകതകൾ കാണിച്ചും അക്കൗണ്ടിൽ അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനുമായി ഓഡിറ്റ് എൻക്വയറി നൽകിയതിന് (13/09.02.2024) തൊഴിലാളികൾക്ക് കൂലി അനുവദിച്ചതിന്റെ അനുബന്ധരേഖകൾ ഹാജരാക്കി. തൊഴിലാളികളുടെ കൂലി അനുവദിക്കുന്ന അക്കൗണ്ടിൽ അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂലിയിനത്തിൽ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട തൊഴിലാളികൾക്ക് വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2022-23 ലെ ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ച ഏതാനും സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നംമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|
| വാർഡ് 3/36 | 3/8 | മലബാർ ട്രേഡേഴ്സ് | സക്കീർ ഹുസൈൻ പാർപ്പിടാവശ്യം |
| വാർഡ് 4/49 | 4/41 | ഡ്യൂട്ടി പെയ്ഡ് ഷോപ്പ് | ഉസൈൻ, പാലക്കവളപ്പിൽ പാർപ്പിടാവശ്യം |
| വാർഡ് 5/22 | 5/11 | എ ആർ കമ്മ്യൂണിക്കേഷൻ & ഫോട്ടോസ്റ്റാറ്റ് | ആമ്പില വളപ്പിൽ മീനാക്ഷി പാർപ്പിടാവശ്യം |
| വാർഡ് 5/32 | 5/36 | ന്യൂ പുതുമ ഫാൻസി | രജനി, മുള്ളത്ത് പാർപ്പിടാവശ്യം |
| വാർഡ് 5/22 | 5/32 | ലിയാന റെഡിമെയ്ഡ്സ് | ചിറക്കൽ ഷറഫുദ്ദീൻ പാർപ്പിടാവശ്യം |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.81/16.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 2013 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/-

രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വീട് റിപ്പയർ ജനറൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ വീട് വീട് റിപ്പയർ ജനറൽ എന്ന പ്രൊജക്ടിനായി ഓഡിറ്റ് വർഷം വികസന ഫണ്ട് (ജനറൽ) 61,40,000 രൂപ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് വീട്ടു പുനരുദ്ധാരണത്തിന് താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| വീട് റിപ്പയർ ജനറൽ 422/23 | 520000 | 1/25.4.22 | 52 |
| | 430000 | 26/3.6.22 | 43 |
| | 990000 | 53/6.7.22 | 99 |
| | 970000 | 54/6.7.22 | 97 |
| | 930000 | 55/6.7.22 | 93 |
| | 330000 | 62/14.7.22 | 33 |
| | 100000 | 63/14.7.22 | 10 |
| | 650000 | 74/4.8.22 | 65 |
| | 820000 | 101/26.8.22 | 82 |
| | 40000 | 112/1.9.22 | 4 |
| | 180000 | 118/16.9.22 | 18 |
| | 110000 | 123/17.9.22 | 11 |
| | 70000 | 263/26.12.22 | 7 |
| ആകെ | 61,40,000 | | |

സർക്കാർഉത്തരവ് (കൈ)115/2022/LSGD/28.5.2022 ഖണ്ഡിക6.7.4 എന്ന ഉത്തരവ് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം അനുവദിക്കുമ്പോൾ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തി കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി അനുവദിക്കണം. തുടർന്ന് മൂല്യ നിർണ്ണയം നടത്തി യഥാർത്ഥ തുക (പ്രൊജക്ട് പ്രകാരം അനുവദനീയമായ തുക) അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)നഗരസഭയിൽ ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തുന്നില്ല. ഗുണഭോക്താക്കൾക്ക് 10,000 രൂപ മുൻകൂറായി അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഓവർസിയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തി 10,000 രൂപയുടെ വീണ്ടും ഫൈനൽ ഗഡു അനുവദിക്കുകയുമാണ് ചെയ്യുന്നത്.

2) ഗുണഭോക്താക്കളുമായി നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല.

3)സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് അർഹമായ ധനസഹായവും അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. ഇത് പദ്ധതി ധനവിനിയോഗ മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. എല്ലാഗുണഭോക്താക്കൾക്കു.20,000 രൂപ മാത്രമാണ് അനുവദിക്കുന്നത്.

4) പുതിയ വീട്ടുനിർമ്മിച്ച് 8 വർഷം കഴിഞ്ഞവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത് എന്നാൽ വീട്ടുനിർമ്മിച്ച് 8 വർഷം കഴിഞ്ഞവർക്കാണ് ആനുകൂല്യം നൽകിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 67/13.2.24 ന് മറുപടി നൽകിയിട്ടില്ല.ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് അർഹമായ ധനസഹായം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 തെങ്ങ് കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ സമഗ്ര തെങ്ങ് കൃഷി വികസനം പദ്ധതികൾക്കായി താഴെ പറയും പ്രകാരം 235 കർഷകർക്കായി 60850 രൂപ ചെവഴിച്ച് അഗ്രോ നേഴ്സറി പരപ്പനങ്ങാടിയിൽ തെങ്ങിൻതൈ വാങ്ങുകയും 48,09,948 രൂപ വളം,കുമ്മായം എന്നിവ വിതരണം ചെയ്ത വകയിൽ പൊന്നാനി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട് .

| പ്രോജക്റ്റ് | ഫണ്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| തെങ്ങ് കൃഷി വികസനം (237/23) | വികസന ഫണ്ട് ജനറൽ | 60850 | 235/13.12.22 |
| | | 3501432 | 336/16.1.23 |
| | | 450780 | 913/31.3.23 |
| | | 173976 | 914/31.3.23 |
| | | 660792 | 915/31.3.23 |
| | | 22968 | 916/31.3.23 |
| ആകെ | | 48,70,798 | |

പദ്ധതിയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1-1-3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായ പർച്ചേഴ്സ് കമ്മറ്റിയുടെ തീരമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചാണ് ജൈവവളങ്ങൾ വാങ്ങി വിതരണം ചെയ്യേണ്ടത്.എന്നാൽ നഗരസഭ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 235 കർഷകർക്ക് ജൈവവളം,കുമ്മായം എന്നിവ ലഭ്യമാക്കിയതിന് പൊന്നാനി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് 48,09,948 രൂപ നൽകിയിട്ടുള്ളത്.

2. സ്ഥാപനം ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

3.പൊന്നാനി സർവ്വീസ് സഹകരണ ബാങ്ക് 21.12.22 ന് നൽകിയ കത്ത് പ്രകാരം കുമ്മായം,കടലപിണ്ണാക്ക്, എല്ല്പൊടി,വേപ്പ് പിണ്ണാക്ക്, ബയോമീൽ എന്നിവ വിതരണം ചെയ്തിട്ടുണ്ട് എന്നാൽ എത്ര കിലോ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. വിതരണം വിവരം ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 66/13.2.24 ന് മറുപടി നൽകിയിട്ടില്ല. വിതരണം വിവരം ലഭ്യമാക്കേണ്ടതും വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ തുക നൽകിയതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-23 നെൽ കൃഷിക്ക് വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ നെൽ കൃഷിക്ക് വികസനം പദ്ധതികൾക്കായി താഴെ പറയും പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| നെൽ കൃഷി വികസനം (237/23) | 68804 (CFC) | 229/12.12.22 |
| | 1,23,390 (CFC) | 230/12.12.22 |
| | 48,690 (CFC) | 231/12.12.22 |
| | 30,000 (CFC) | 293/6.1.23 |
| | 4,25,000 (CFC) | 357/24.1.23 |
| ആകെ | 6,95,884 | |

ഈ പദ്ധതിയിൽ 19 കർഷകർക്ക് വിത്ത് ,വളം,കുമ്മായം എന്നിവ വിതരണം ചെയ്യുകയും 34 കർഷകർക്ക് നെൽകൃഷി കൂലിചെലവ് നൽകുകയും ചെയ്തിട്ടുണ്ട്

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1-1-3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായ പർച്ചേഴ്സ് കമ്മറ്റിയുടെ തീരമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങ ൾപാലിച്ചാണ് ജൈവവളങ്ങൾ വാങ്ങി വിതരണം ചെയ്യേണ്ടത്.എന്നാൽ നഗരസഭ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 19 കർഷകർക്ക് ജൈവവളം,കുമ്മായം എന്നിവ ലഭ്യമാക്കിയതിന് പൊന്നാനി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് 1,72,080 രൂപ നൽകിയിട്ടുള്ളത്

2)സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം

വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ 32 ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കി കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/10.2.24 മറുപടി നൽകിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. വിള ഇൻഷ്യൂറൻസ് രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-24 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല

സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022/ ത.സ്വ.ഭ.വ28.5.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം പട്ടിക ജാതി വികസന ഓഫീസർ നിർവഹണം നടത്തിയ വിവിധ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടുകൾ പ്രകാരം ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം പഠനമുറി നിർമ്മാണത്തിനായി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|
| ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് പഠനമുറി (86/23) | 375000 | 300000 | വികസന ഫണ്ട് (SCP) |
| ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് പഠനമുറി (87/23) | 1500000 | 300000 | വികസന ഫണ്ട് (SCP) |
| ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് പഠനമുറി (85/23) | 675000 | 375000 | വികസന ഫണ്ട് (SCP) |
| ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് പഠനമുറി (243/23) | 1600000 | 400000 | വികസന ഫണ്ട് (SCP) |
| | ആകെ | 13,75.000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കരാർ പ്രകാരം 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല എന്ന് കാണുന്നു.

| ഗുണഭോക്താവ് | കരാർവെച്ച തിയതി | കൈപറ്റിയ ധനസഹായം |
|---|---|---|
| ജിതിൻ-വാർഡ്-15 | 30.3.22 | 50,000 |
| അനുകൃഷ്ണ -വാർഡ്-11 | 30.1.23 | 50,000 |
| കാർത്തിക് വാർഡ്- 17 | 30.1.23 | 50,000 |
| സുകനേഷേകുമാർ-വാർഡ്-18 | 30.1.23 | 50,000 |
| | ആകെ | 2,00,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/10.02.24ന് പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ് എന്ന് മറുപടി അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയതുക തിരികെ ഈടാക്കേണ്ടതാണ്.

## 1-25 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് KWA യിൽ തുക നിക്ഷേപിച്ചത് - രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക 600000/- രൂപ തടസ്സപെടുത്തുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ പൊന്നാനി നഗരസഭ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് , ജല അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം 600000 രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നം 015751/21.03.2023 പ്രകാരം ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ( പ്രൊജക്ട് നമ്പർ 433/23- നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി)

നഗരസഭയുടെ 09.05.2022 -ലെ G5 /7092/01 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ജലഅതോറിറ്റിയുടെ പൊന്നാനി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.11.2022 ലെ KWA/EE/EDPL/DB3/298/2022(DEPO -Genrl) കത്ത് മുഖേനയാണ് 600000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭയക്ക് നൽകിയിട്ടുള്ളത്. 383 ടാപ്പുകൾ നീക്കം ചെയ്യുന്നതിനുള്ള അനുബന്ധച്ചെലവുകൾ ഉൾപ്പെടെയുള്ള തുകയും 18% GST യും ഉൾപ്പെടെയാണ് 600000രൂപ കണക്കാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച വിശദമായ ചർച്ച ചെയ്യുന്നതിന് ജല അതോറിറ്റി ജീവനക്കാരുടെ ഒരു യോഗം 04.01.2023 ന് വിളിക്കാൻ നഗരസഭാ ചെയർമാൻ നിർദേശിച്ചതിന്റെ തുടർ നടപടികളുടെ ഭാഗമായി സംയുക്ത പരിശോധന നടത്തുകയും ആകെയുള്ള 1128 പൊതുടാപ്പുകളിൽ ഉപയോഗ ശൂന്യമായി കണ്ടെത്തിയ 361 എണ്ണം ഒഴിവാക്കുന്നതിനും 22 പൊതുടാപ്പുകൾ ക്രമവൽക്കരിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഇതനുസരിച്ച് , വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് 1819.916666 രൂപ പ്രകാരം 383 ടാപ്പുകൾക്ക് ആകെ 697028.083 രൂപ കുറച്ച് ബാക്കി തുകയാണ് 2023 ഏപ്രിലിൽ KWA ക്ക് നൽകിയിട്ടുള്ളത്. എന്നാൽ, നഗരസഭാ പരിധിയിൽ പ്രവർത്തനക്ഷമമായതും ഉപയോഗശൂന്യമായതുമായ പൊതു ടാപ്പുകളുടെ എണ്ണം, വാർഡ്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച് ഇരു കക്ഷികളും അംഗീകരിച്ച സംയുക്ത പരിശോധനാ റിപ്പോർട്ട്, ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയ 383 ടാപ്പുകൾ സ്ഥിതി ചെയ്യുന്ന ലൊക്കേഷൻ, വാർഡ്, എന്നിവയുൾക്കൊള്ളുന്നതും KWA അംഗീകരിച്ചതുമായ റിപ്പോർട്ട്, KWA ക്ക് നൽകിയ 600000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നല്കിയ 14/12.02.2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 15.02.2024 ന് ലഭ്യമാക്കിയ മറുപടിയിൽ, 2023 മാർച്ച് മാസത്തിൽ തന്നെ ടി തുക ജലഅതോറിറ്റിയിൽ ഒടുക്കുകയും ഏപ്രിൽ മുതൽ തന്നെ 383 ടാപ്പുകളുടെ വെള്ളക്കരം കുറച്ച തുകയാണ് അടച്ചുകൊണ്ടിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ജലഅതോറിറിയുടെ ഉത്തരവ് കാത്തു നിൽക്കാതെ തന്നെ അടവു തുകയിൽ കുറവ് വരുത്തിയതിനാൽ ടാപ്പുകൾ നീക്കം ചെയ്യുന്നതിന് ഒടുക്കിയ തുകയേക്കാൾ കൂടുതൽ തുക വെള്ളക്കരമിനത്തിൽ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നുണ്ട്. ജല അതോറിറ്റിയിൽ നിന്നുള്ള ഉത്തരവ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പിന്നീട് ഓഡിറ്റിനു ഹാജരാക്കുകന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ഉപയോഗശൂന്യമെന്ന് പറയപ്പെടുന്ന 383 ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കിക്കൊണ്ടുള്ള ജല അതോറിറ്റിയിൽ നിന്നുള്ള ഉത്തരവ്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ 600000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 SSA വിവഹിതം നൽകൽ - രേഖകൾ ഹാജരാക്കിയില്ല- 2000000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2022-23- സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ SSA വിഹിതം അടവാക്കൽ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 01/23 SSA വിഹിതം നൽകൽ |
| അടങ്കൽ തുക | 2000000/- ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 2000000/- (Bill.No 169/27.10.2022)<br>Vr. No. 22201157/10.11.2022 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി, പൊന്നാനി നഗരസഭ |
| തുക സ്വീകരിച്ച ഏജൻസി | സംസ്ഥാന പ്രൊജക്ട് ഡയറക്ടർ, SSK , കേരള |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6 (4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത്

തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽപറഞ്ഞ പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യുന്നത് വരെ 2000000- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി( 48/12.02.2023)നെത്തുടർന്ന് ടി ഫയൽ പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും മേൽ പറഞ്ഞ വിധമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല.

## 1-27 നഗരസഭാ സെക്രട്ടറി നിർവഹിച്ച പ്രൊജക്ടുകൾ - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പട്ടികയിൽ പറഞ്ഞിരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് | പരിശോധനക്ക് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 535/23 | അമൃത് - നഗരസഭാ വിഹിതം (ULB Share ) | 15000000/- (ധനകാര്യ കമ്മീഷൻഗ്രാന്റ് ) | 15000000/- Vr.No. 222022107/ 31.03.2023 | (അമൃത് മിഷൻ ഡയറക്ടർക്ക് കൈമാറിയ 15000000/- രൂപയുടെ കൈപ്പറ്റു രശിതി. |
| 2 | 71/23 | IKM വിഹിതം അടവാക്കൽ | 415027 (ധനകാര്യ കമ്മീഷൻഗ്രാന്റ് ) | 415027/- (Bill No.108/ 29.08.2022) | IKM ന് കൈമാറിയ തുകയുടെ കൈപ്പറ്റ് രശീതി . |
| 3 | 437/23 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ലൈൻ ദീർഘിപ്പിക്കൽ | 195082/- (ധനകാര്യ കമ്മീഷൻഗ്രാന്റ് ) | (1) Bill No. 646/23 Dtd.10.03.23 തുക-20637/- (2) Bill No. 694/23 Dtd.16.03.23 തുക-53308/- (3) Bill No. 720/23 Dtd.18.03.23 21169/- | (1) അംഗീകൃത പ്രൊജക്റ്റ്, (2)KSEB നൽകിയ എസ്റ്റിമേറ്റ്, (3)KSEB യുമായുണ്ടാക്കിയ കരാർ (4) തുക കൈമാറിയതിന്റെ വിശദാംശങ്ങൾ (5) പ്രവൃത്തി പൂർത്തീകരണ/ വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | | | | Total- 95114/- | സാക്ഷ്യപത്രം. |
| | | | | 15510141/- | |

മേൽ പറഞ്ഞ പട്ടികയിലെ 6ാം കോളത്തിൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/12.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 PMAY ഭവന നിർമാണ പദ്ധതി- നിർമാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പൊന്നാനി നഗരസഭയുടെ PMAY പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ മുൻ വർഷങ്ങളിലെ 7 DPR കളിലായി ധനസഹായത്തിനു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 87.1% ഗുണഭോക്താക്കൾ മാത്രമാണ് പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടുള്ളത് എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**ആകെ ധനസഹായത്തുക- 400000/-**

**പ്രൊജക്ട് നിർവഹണം- സംക്ഷിപ്തം**

| | |
|---|---|
| മുൻ വർഷങ്ങളിലെ 1മുതൽ 7 വരെ DPR കളിലായി ധനസഹായത്തിനു തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 1327 |
| നഗരസഭയുമായി കരാർ ചമച്ച ഗുണഭോക്താക്കളുടെ എണ്ണം | 1294 |
| നിർമാണം പൂർത്തീകരിച്ചവർ | 1156 |
| കരാർ ചമച്ച ഗുണഭോക്താക്കളിൽ ധനസഹായം കൈപ്പറ്റാത്തവർ | 2 |
| കരാർ ചമച്ച ഗുണഭോക്താക്കളിൽ ഭാഗികമായി മാത്രം ധനസഹായം കൈപ്പറ്റിയവർ | 136 |
| വിവിധ കാരണങ്ങളാൽ കരാർ വെക്കാത്തതിനാൽ ഒഴിവാക്കപ്പെടാൻ പോകുന്ന ഗുണഭോക്താക്കളുടെ എണ്ണം | 18 |
| തീരദേശ നിയന്ത്രണ മേഖലയിലെ പ്രത്യേക അനുമതി ലഭിക്കാത്തതിനാൽ കരാർ ചമയ്ക്കാൻ കഴിയാത്തവർ | 15 |

മേൽ പറഞ്ഞ പട്ടിക പ്രകാരം , തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 136 പേർ ഭാഗികമായിമാത്രം ധനസഹായം കൈപ്പറ്റിയവരാണ്. ഈ ഗുണഭോക്താക്കളിൽ **36 പേർ** 1ാം ഗഡുവായ **40000/- രൂപ** മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ഇവർ നിർമാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ പട്ടിക I ൽ കൊടുത്തിരിക്കുന്നു.

**പട്ടിക- I**

| ക്രമനം | ഗുണഭോക്താവിന്റെ Id | ഗുണഭോക്താവിന്റെ പേരും വിലാസവും | തുക കൈപ്പറ്റിയ തിയ്യതി |
|---|---|---|---|
| *1* | 328032722683500015 | ആയിഷാബി , തെരുവത്ത് , എരിക്കാംപാടം, പൊന്നാനി | 05/05/2018 |
| *2* | 328032722683800014 | ഫാത്തിമ പൂക്കോട്ട പള്ളിയാലിൽ, കടവനാട്, പൊന്നാനി | 22/09/2017 |
| 3 | 328032722683500001 | ഫാത്തിമ. ഞാരങ്ങാട്ട വളപ്പൽ, പൊന്നാനി | 12/07/2017 |
| 4 | 328032722681700050 | റാബിയ, കുന്നംപുള്ളി , ഈശ്വരമംഗലം, | 10/05/2018 |
| 5 | 32803272268180007 | ഷൈനി , മുണ്ടംവളപ്പിൽ, കോട്ടത്തറ | 13/10/2020 |
| 6 | 328032722681500008 | പ്രീത, പാറത്തി വീട്, ഇഴുവത്തിരുത്തി, | 25/03/2021 |
| 7 | 328032722681700052 | നസ്രത്ത്, കുന്നംപുള്ളി, നെയ്തല്ലൂർ | 08/08/2018 |
| 8 | 328032722682900034 | പത്മിനി, കുരിയൻവീട്, തെയ്യങ്ങാട് | 07/03/2019 |

| | | | |
|---|---|---|---|
| 9 | 328032722682100018 | ഹസീന, മുക്രി വീട്, ബിയ്യം | 02/05/2019 |
| 10 | 328032722683300026 | സജിത, ഇല്ലത്തു വളപ്പിൽ, പള്ളപ്രം | 30/09/2019 |
| 11 | 328032722681300028 | റാഹില, പാലാട്ടു തറയിൽ, ഈഴുവത്തുരുത്തി | 19/06/2019 |
| 12 | 328032722681700066 | കാർത്യായനി, ചെറുടാവിൽ വീട്, ലെയ്ക്കല്ലൂർ | 03/05/2023 |
| 13 | 328032722681700064 | മിനി. ചെറുനിലത്ത്, ഈശ്വരമംഗലം | 21/05/2020 |
| 14 | 328032722682300036 | ബീപാത്തു, ചെറിയന്റെ കണക്കത്ത്, പൊന്നാനി | 08/04/2019 |
| 15 | 328032722682300049 | സലീം MV, മുല്ലവളപ്പിൽ, കെ.കെ. ജംഗ്ഷൻ | 19/06/2019 |
| 16 | 328032722682900057 | ഉണ്ണികൃഷ്ണൻ, വല്ലോംപറമ്പിൽ, കടവനാട് | 31/05/2019 |
| 17 | 328032722685300009 | ആസിയ, മുക്രിന്റെ , TB ഹോസ്പിറ്റലിനു സമീപം. പൊന്നാനി | 22/08/2019 |
| 18 | 0332803272602625991 | ലളിത, പാണക്കൽ , കടവനാട് | 10/05/2022 |
| 19 | 0332803272608047813 | നൗഷാദ് , തറയിൽ, പുതുപൊന്നാനി | 24/06/2022 |
| 20 | 0332803272607920540 | രഹന, വമ്പന്റെ, പുതുപൊന്നാനി | 01/03/2023 |
| 21 | 328032722682100007 | മറിയക്കുട്ടി , നടുവിൽ നാലകത്ത്, ബിയ്യം, പൊന്നാനി | 08/08/2018 |
| 22 | 328032722685100003 | സഫിയ, ആല്യമക്കാനകത്ത്, ഫയർസ്റ്റേഷന് പിൻവശം, പൊന്നാനി | 17/11/2017 |
| 23 | 328032722685600001 | സറഫുന്നീസ, ഈസ്പിക്കാനകത്ത്, മീൻതെരുവ്, പൊന്നാനി | 12/07/2017 |
| 24 | 328032722681700041 | വള്ളി, മണലിത്തറയിൽ, നെയ്തല്ലൂർ | 05/06/2020 |
| 25 | 328032722681700030 | വത്സല, ചോലക്കുളങ്ങര, നെയ്തല്ലൂർ , പൊന്നാനി | 19/05/2023 |
| 26 | 328032722682200034 | ഉമ്മുകുൽസു, പടിഞ്ഞാറകത്ത് , പുഴമ്പ്രം, പൊന്നാനി | 17/04/2019 |
| 27 | 328032722683000036 | ശാലിനി, ഇരട്ടാരക്കൽ, കടവനാട് പൊന്നാനി | 09/11/2022 |
| 28 | 328032722683400007 | പ്രദീപ്, കോഴിപ്പറമ്പിൽ , പൊന്നാനി | 13/10/2017 |
| 29 | 328032722683500015 | ജയന്തി കൃഷ്ണൻ, പാണ്ടിത്തറയിൽ , പാലപ്ര | 02/05/2019 |
| 30 | 328032722682800009 | റഹ്മത്ത്, പാലക്കൽ രായിമരക്കാർ വീട്, കറുകത്തിരുത്തി | 23/06/2023 |
| 31 | 328032722681500001 | അഷ്റഫ്, പാലക്കൽ, ഈശ്വരമംഗലം | 15/03/2019 |
| 32 | 3280327226847000088 | കദീജ, മൂസാന്റെ, പുതുപൊന്നാനി | 25/08/2023 |
| 33 | 328032722682100027 | സുബൈദ, മഞ്ഞന്ര്രയകത്ത് ,ബിയ്യം | 10/05/2022 |
| 34 | 3280327226829628 | വസുമതി, കെ.പി, കൈലാസം കളത്തിൽ, ജിം റോഡ്, പൊന്നാനി | 11/08/2022 |
| 35 | 0332803272608058860 | കദീജ, പുതുപൊന്നാനിക്കാരന്റെ,മുക്കാടി | 20/05/2023 |
| 36 | 0332803272608421290 | ബുഷറ, പി.പി., പുതുപ്പറമ്പിൽ, പൊന്നാനി സൗത്ത് | 06/07/2023 |

2)താഴെ പറയുന്ന ഗുണഭോക്താക്കൾ 1&2 ഗഡുക്കളിലായി 200000 ( 40000+160000) രൂപ കൈപ്പറ്റിയിട്ടുണ്ട്. ബാക്കി തുക ( 200000 രൂപ ) കൈപ്പറ്റുകയോ പണി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ Id | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|---|
| 1 | 328032722682900011 | **ശ്രീമതി, പള്ളിയിൽ, ഫിഷറീസ് സ്കൂൾ, പൊന്നാനി** |
| 2 | 328032722683100056 | **സറീന, ചാണക്കൽ. കടവനാട്** |
| 3 | 328032722683100054 | **സുനിത ശശികുമാർ, കരിയംപറമ്പിൽ, ചിറക്കൽ വീട്, കടവനാട്** |
| 4 | 328032722680200004 | **ജാഫർ, താരീക്കനകത്ത്, അഴീക്കൽ** |

| | | |
|---|---|---|
| 5 | 328032722685000052 | **സജിന, ബീരാൻകുട്ടിക്കാനകത്ത്, ചുവന്ന റോഡ് പൊന്നാനി** |
| 6 | 328032722681600024 | **ശശികുമാർ ചെമ്മഞ്ചേരി , ഈശ്വരമംഗലം** |
| 7 | 328032722681600025 | **സുധീഷ് കെ.ടി കല്ലിങ്ങൽ ഈശ്വരമംഗലം** |
| 8 | 328032722681700067 | **പ്രീത. എ.പി. ആരംങ്ങോട്ടുപറമ്പിൽ, നെയ്തല്ലൂർ, പൊന്നാനി** |
| 9 | 328032722681800023 | **സരസ്വതി, കേള്ളം വളപ്പിൽ, പുഴമ്പ്രം, പൊന്നാനി** |
| 10 | 328032722682000027 | **സാബിറ, ചെമ്പയിൽ, ഇഴുവത്തുരുത്തി** |
| 11 | 328032722682000023 | **സമീറ എം.പി, മുല്ലവീട്ടിൽ, എരിക്കമണ്ണ, പൊന്നാനി** |
| 12 | 328032722682200064 | **രാജേന്ദ്രൻ, കല്ലിങ്ങൽ, പുഴമ്പ്രം,പൊന്നാനി** |
| 13 | 328032722682300042 | **ലോഹിതാക്ഷൻ, തിരുമംഗലത്ത് , പൊന്നാനി** |
| 14 | 328032722682300039 | **സൗദത്ത്, കടക്കൽ പീടിയേക്കൽ, പൊന്നാനി** |
| 15 | 328032722684900021 | **സുബ്രഹ്മണ്യൻ, ഉണ്ണിക്കോത്ത്, നായാടിക്കോളനി, പൊന്നാനി** |
| 16 | 328032722685000028 | **സുബൈദ, കുരട്ടന്റെ മുല്ലറോഡ്,** |
| 17 | 328032722682700028 | **സുഗത, വലിയപാടത്ത്, തറയിൽ, കറുകത്തിരുത്തി** |
| 18 | 328032722683000034 | **നസ്രത്ത്, പിലാക്ക വീട്ടിൽ , കടവനാട്, പൊന്നാനി** |
| 19 | 328032722685200006 | **നൂർജഹാൻ, പുതുപ്പറമ്പിൽ അലിയാർപള്ളിറോഡ്** |
| 20 | 328032722680200006 | **അബ്ദുൽ റസാക്ക്, കുട്ടസക്കണക്കത്ത്, അഴീക്കൽ** |
| 21 | 328032722680900013 | **ബിന്ദു, കാരത്തൂർ, തൃക്കാവ്, പൊന്നാനി** |
| 22 | 3280327226833000023 | **നസീർ,പിലാക്കവീട്ടിൽ പള്ളപ്ര** |
| 23 | 328032722684600030 | **ഫാത്തിമ, മുഹമ്മദ്, പൊന്നാനി** |
| 24 | 328032722681300022 | **സാറു, മൂർഷിങ്ങനകത്ത്, എഴുവത്തിരുത്തി** |
| 25 | 328032722683500016 | **ശ്യാമള, മോടംപറമ്പിൽ തൃക്കാവ്, പൊന്നാനി** |
| 26 | 328032722681300019 | **പ്രീതി, പി.വി. ഗ്രാമത്തിൽ, എഴുവത്തിരുത്തി** |
| 27 | 328032722684700101 | **സറീന, കുളങ്ങരവീട്ടിൽ, പുതുപൊന്നാനി** |
| 28 | 328032722684700096 | **സുബൈർ, കുഞ്ഞിമക്കാനകത്ത്, പുതുപൊന്നാനി** |
| 29 | 328032722682500015 | **വസന്ത, കൊള്ളത്തുപടി, തെയ്യങ്ങാട് പൊന്നാനി** |
| 30 | 328032722680829521 | **നിഷാബി, ുദജിയാരകത്ത്, RV ഹാളിനു പിൻ വശം, പൊന്നാനി** |
| 31 | 033280327260269765 | **സക്കീന, നമ്പറുവീട്ടിൽ, ചാണ റോഡ്, പൊന്നാനി** |
| 32 | 0332803272608609847 | **സഫിയ, രായിമരക്കാർ വീട്ടിൽ, ചാണറോഡ്** |
| 33 | 0332803272608606298 | **തങ്കമണി, വള്ളിക്കാട്ട്, എഴുവത്തിരുത്തി** |
| 34 | 0332803272602618015 | **പ്രീതജഗൻ,കളത്തിൽ പറമ്പിൽ, കടവനാട്, പൊന്നാനി** |
| 35 | 0332803272607936021 | **തങ്കമണിരാഘവൻ, ചാലിൽവീട്, കടവനാട്, പൊന്നാനി** |
| 36 | 0332803272602637241 | **സുരേഷ്കുമാർ, കൈപ്പറമ്പിൽ, കടവനാട്, പൊന്നാനി** |
| 37 | 328032722682900055 | **റുക്കിയ, പണിക്കവീട്ടിൽ, കടവനാട്, പൊന്നാനി328032722682900055** |

**ധനസഹായത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽആകെ ധനസഹായത്തുകയുടെ 50ശതമാനമോ അതിൽ കുറവോ മാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ മാത്രമാണ് മുകളിൽ പട്ടികപ്പെടുത്തിയിട്ടുള്ളത്. ഇതിനു പുറമേ 63 പേർ അവസാന ഗഡു കൈപ്പറ്റാത്തവരും പണിപൂർത്തീകരിക്കാത്തവരുമാണ്.**

മേൽ പരാമർശിച്ച 1, 2 പട്ടികകളിലെ ഗുണഭോക്താക്കൾ പ്രൊജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ പൊതു ഫണ്ടിന് 1ാം പട്ടിക പ്രകാരം 1440000രൂപയും, (36 X 40000) രണ്ടാം പട്ടിക പ്രകാരം 7400000രൂപയും (37x 200000) നിഷ്ഫലമായ ചെലവായി അവശേഷിക്കുന്നു. മാത്രമല്ല, പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നതിലുള്ള കാലതാമസമനുസരിച്ച് , നിർമാണ സാമഗ്രികളുടെ ചെലവിലും കൂലിച്ചെലവിലും വരുന്ന വർധന ലക്ഷ്യം കൈവരിക്കുന്നത് കൂടുതൽ പ്രയാസകരമാക്കുകയോ ചിലർക്ക് നിർമാണം പൂർത്തീകരിക്കാനാവാതെ വരികയോ ചെയ്യാനിടകുന്നു.

കൂടാതെ വിവിധ കാരണങ്ങളാൽ കരാർ വെക്കാത്തതിനാൽ ഒഴിവാക്കപ്പെടാൻ പോകുന്ന 18ഗുണഭോക്താക്കളും, തീരദേശ നിയന്ത്രണ മേഖലയിലെ പ്രത്യേക അനുമതി ലഭിക്കാത്തതിനാൽ കരാർ ചമയ്ക്കാൻ കഴിയാത്ത 15 പേരും കരാർ ചമച്ച് തുക കൈപ്പറ്റാത്തവർ 2പേരുമുണ്ട്.

അപാകതകൾ സംബന്ധിച്ച് നൽകിയ 13.02.2024-ലെ 60ാംനമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ , അപാകതകൾ പരിഹരിക്കുന്നതിനും , പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

നാളിതുവരെ നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതും എഗ്രിമെന്റ് വെക്കാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെ മറ്റു ഗുണഭോക്താക്കളുടെ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഇത് സംബന്ധിച്ച് നൽകിയ 60/13.02.2023-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താക്കൾക്ക് പണി പൂർത്തിയാക്കാൻ അറിയിപ്പ്

നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്)

## 1-29 പട്ടിക ജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം– പദ്ധതി നടത്തിപ്പിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം പദ്ധതി പ്രകാരം 64 വിദ്യാർഥികൾക്ക് ARTCO മലപ്പുറത്തു നിന്നും മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച | ബിൽ നമ്പർ | ഇൻവോയ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | തുക | | |
| UP ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും (242/23) | 319978 (വികസന ഫണ്ട് SCP) | 66/29.3.23 | ARTCO/32/18.3.23 |
| ആകെ | 319978 | | |

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.6 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേന ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മേശയും കസേരയും വിതരണം ചെയ്യാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ARTCO/ എന്ന സ്ഥാപനങ്ങളിൽ നിന്നും 64 മേശയും കസേരയും വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിനായി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടില്ല.

2.വിദ്യാർത്ഥികൾ മുൻപ് മേശയും കസേരയും കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടില്ല.

3. മേശയുടെയും കസേരയുടേയും ഗുണ നിലവാരം, വാറന്റി എന്നിവ സംബന്ധിച്ച് നഗരസഭ ARTCO യുമായി കരാർ ചമച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/12.2.24 ന് നൽകിയ മറുപടിയിൽ മാർച്ച് മാസമായതിനാലാണ് സ്കൂൾ മുഖേന വിതരണം ചെയ്യാതിരുന്നതെന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണ് എന്നുമാണ്. ഭാവിയിൽ എല്ലാ വാങ്ങലുകൾക്കും സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-30 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നഗരസഭയിൽ നടപ്പിലാക്കിയ 'കോക്‌ളിയാർ ഇംപ്ലാന്റേഷന് തുക അനുവദിക്കൽ' എന്ന പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 407/23 കോക്ലിയാർ ഇംപ്ലാന്റേഷൻ-തുക അനുവദിക്കൽ |
| അടങ്കൽ | 150000 രൂപ (വികസന ഫണ്ട്) |
| ചെലവ് | 79157രൂപ<br>ബിൽ നമ്പർ 687/16.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മൂന്ന് കുട്ടികളുടെ കോക്‌ളിയാർ ഇംപ്ലാന്റേഷനായി 79157 രൂപ 31.1.23 ലെ രണ്ടാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിക്ഷേപിച്ചിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 10/8.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 79157 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിന് പ്രാധാന്യം നൽകണം.

പൊന്നാനി നഗരസഭയിൽ 51 വാർഡുകളിലായി ആകെ 83 അംഗനവാടികളാണ് ഉള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം | 28 |

| | |
|---|---|
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 16 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | ഇല്ല |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | ഇല്ല |
| സ്വന്തമായി ഭൂമി ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 20 |
| ടോയ് ലറ്റ് സൗകര്യം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം. | ഇല്ല |
| അപകടകരാവസ്ഥയിലുള്ള അങ്കണവാടികളുടെ എണ്ണം | ഇല്ല |
| ആവശ്യത്തിന് ഫർണ്ണിച്ചർ/ ഉപകരണങ്ങൾ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | ഇല്ല |
| സ്മാർട്ട് അങ്കണവാടികളുടെ എണ്ണം | 12 |
| അങ്കണനവാടികളിലുള്ള കുട്ടികളുടെ എണ്ണം | 1439 |
| അങ്കണവാടിയിലെ സ്റ്റാഫിന്റെ എണ്ണം | 166 |

പതിനാലാം പഞ്ചവൽസര പദ്ധതി മുനിസിപ്പാലിറ്റി,കോർപ്പറേഷൻ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗരേഖ സ.ഉ(കൈ) 86/2022 തസ്വഭവ തി. 19.4.22 ഖ.8.8.2(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം ,കെട്ടിടം,ചുറ്റുമതിൽ ,കുടിവെള്ളം,ഫർണിച്ചർ മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനും അങ്കണവാടികൾ ബാലസൗഹൃദമാക്കുന്നതിനും പ്രഥമ പരിഗണന നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും പ്രഥമ പരിഗണന നൽകേണ്ടതുണ്ട് എന്ന വിവരം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് നമ്പർ 11/8.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പരിഗണിച്ചാണ് മേൽ വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

## 1-32 പി-ക്യാപ് പൊന്നാനി കരിയർ ഗൈഡൻസ് - രേഖകൾ ലഭ്യമാക്കിയില്ല.

കുട്ടികൾക്ക് ഉടർ പഠനത്തിനും ജോലി സംബന്ധമായ വിവരങ്ങൾ നൽകുന്നതിനും പി -ക്യാപ് എന് പ്രൊജക്റ്റ് നഗരസഭ നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 356/23 പി -ക്യാപ് പൊന്നാനി കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് |
| അടങ്കൽ | 100000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 82800രൂപ<br>ബിൽ നമ്പർ 741/21.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പൊന്നാനി നഗരസഭയിലെ അഞ്ച് സ്കൂളുകളിലെ 828 കുട്ടികൾക്ക് അഡീഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (ASAP) മലപ്പുറത്തിന്റെ നേതൃത്വത്തിൽ കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുകയുണ്ടായി. പ്രോഗ്രാം നടത്തിപ്പിനായി 24.1.23 ന് സ്ഥാപനവുമായി കരാർ വച്ചിട്ടുണ്ട്.മേൽ പ്രോഗ്രാമിന് 70169+12631(18%GST)=82800 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1 അംഗീകരിച്ച പ്രൊജക്റ്റ്

2 ഏതെല്ലാം സ്കൂളുകളിലെ കുട്ടികൾക്ക് എവിടെ വെച്ച് എന്നാണ് ടെസ്റ്റ് നടത്തിയത് എന്നതിന്റെ വിശദാംശങ്ങൾ

3 ചെലവു രേഖകൾ

3 പങ്കെടുത്ത കുട്ടികളുടെ ഹാജർ

4 പങ്കെടുത്ത ഫാക്കൾട്ടിയുടെ വിശദാംശങ്ങൾ

5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്
6 മേൽ പ്രൊജക്ട് എസ്.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പ്രൊജക്ടുകളുടെ ആവർത്തനമല്ല എന്നുറപ്പ് വരുത്തിയ രേഖകൾ സൂക്ഷിച്ചിട്ടില്ല.

മേൽ തുക ചെലവഴിച്ചതിന്റെ ബില്ല് മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 44/12.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.രേഖകൾ ഹാജരാക്കുന്നതുവരെ 82800 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 ന്യൂട്രിമിക്സ് വിതരണം - അപാകതകൾ

**1.ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.**

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ കത്ത് പ്രകാരം അംഗനവാടികളിലൂടെ പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ 1.1.23 മുതൽ 31.3.23 വരെ കാലയളവിലെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**2.ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല.**

ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന ജനകീയം ന്യൂട്രിമിക്സ് കുടുംബശ്രീ -ആലംകോട് എന്ന സ്ഥാപനത്തെ നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി നഗരസഭ കരാർ ചമച്ചിട്ടുമില്ല. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് ഏത് അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതും ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂണിറ്റുകൾക്ക് നഗരസഭയുമായി കരാർ ചമക്കുന്നതിൽ നിന്ന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നമ്പർ 12/8.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം ഐസിഡിഎസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

1 ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം സമയബന്ധിതമായി പരിശോധിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്.

2 മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ കോ - ഓർഡിനേറ്ററുടെ 19.4.23 ലെ നടപടിക്രമത്തിലൂടെയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിനും ഭരണ സമിതി അംഗീകാരത്തിനും കത്ത് നൽകിയിട്ടുണ്ട്.
തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ടാലന്റ് ലാബ്- വിവിധ സ്കൂളുകൾക്ക് തുക കൈമാറി. രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 29/23 ടാലന്റ് ലാബ് |
| അടങ്കൽ | 402918രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 402000രൂപ<br>ബിൽ നമ്പർ 662/14.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ടാലന്റ് ലാബ് എന്ന പ്രൊജക്ടിന്റെ ഭാഗമായി നഗരസഭയിലെ താഴെ പറയുന്ന സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| സ്കൂളിന്റെ പേര് | അനുവദിച്ച തുക |
|---|---|
| ജി യു പി എസ് കടവനാട് | 70000 |
| ജിഎൽപിഎസ് വെള്ളീരി | 40000 |
| ജിഎഫ്എൽപിഎസ് പൊന്നാനി | 26000 |
| ജിഎഫ്എൽപിഎസ് കടവനാട് | 30000 |
| ജിഎംഎൽപിഎസ് പൊന്നാനി ടൗൺ | 16000 |
| ജിയുപിഎസ് ചെറുവായിക്കര | 40000 |
| ജിഎച്ച്എസ്എസ് തൃക്കാവ് | 70000 |
| ജിഎഫ്എൽപിഎസ് പുതുപൊന്നാനി | 40000 |
| ജിഎൽപിഎസ് തെയ്യങ്ങാട് | 70000 |
| ആകെ | 402000 |

15.3.23 ലെ 2/1 നമ്പർ കൗൺസിൽ തീരുമാനപ്രകാരം വിവിധ സ്കൂളുകൾ നൽകിയ ബില്ലുകൾ അംഗീകരിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച കത്ത് അംഗീകരിച്ചിട്ടുണ്ട്.

പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1 അംഗീകരിച്ച പ്രൊജക്ട്

2 ടാലന്റ് ലാബിന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

3 മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ ചെലവ് രേഖകൾ

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിന് ഉതകുന്ന പ്രൊജക്ടുകൾ എസ്എസ് കെ ,വിദ്യാഭ്യാസ വകുപ്പ് എന്നിവ നടപ്പിലാക്കുന്ന പ്രൊജക്ടുകളുടെ ആവർത്തനമല്ല എന്നുറപ്പുവരുത്തി നടപ്പിലാക്കുവാൻ മാർഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.എന്നാൽ അത്തരം പരിശോധന നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.ടാലന്റ് ലാബ് പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് എത്രത്തോളം പ്രയോജനപ്പെട്ടുവെന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്.

ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 45 /12.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിട്ടിട്ടുണ്ട്.രേഖകൾ ഹാജരാക്കുന്നതുവരെ 402000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-35 സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി പൊന്നാനി നഗരസഭയിലെ വിവിധ സ്കൂളുകളിലേക്ക് താഴെ പറയും പ്രകാരം പാചക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| വർഷം | 2022-23 |

| | |
|---|---|
| പ്രൊജെക്ട് നമ്പർ/പേര് | 49/23 സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 3990779രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 3809538രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഇൻവോയ്സ് നമ്പർVCC/2994 തി.23.3.2023 പ്രകാരം വിശ്വാസ് കെയർ കുന്നംകുളത്തു നിന്നും 230873 രൂപ ചെലവഴിച്ച് 42 ഇനം പാചക സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ 771/24.3.23).
ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പാചക പാത്രങ്ങളുടെ വില | സി ജിഎസ് ടി | എസ് ജി എസ് ടി | ആകെ വില |
|---|---|---|---|
| 203939.87 | 13466.47 | 13466.47 | 230873 |

22.3.23 ലെ 33/1 നമ്പർ കൗൺസിൽ തീരുമാന പ്രകാരം വിശ്വാസ് കെയർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.
മേൽ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാതകതകൾ കാണുന്നു.

1 അംഗീകരിച്ച പ്രൊജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2 തദ്ദേശ സ്വസംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ ജിഒ(പി) നമ്പർ 259/2010/തസ്വഭവ തി.8.11.10 മാർഗരേഖയിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള സമാഹരണത്തിന് ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്..ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

3 ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് വിശ്വാസ് കെയറിൽ നിന്നും നിന്നും ടെണ്ടർ നടപടിയിലൂടെ പാചക സാമഗ്രികൾ വാങ്ങിയിട്ടുള്ളത്.
3 പാചക സാമഗ്രികളുടെ ആവശ്യകതാ നിർണ്ണയം നടത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4 നിർവഹണ ഉദ്യാഗസ്ഥൻ കൈകാര്യം ചെയ്യുന്ന സ്റ്റോക്ക് രജിസ്റ്ററിൽ പാചക ഉപകരണങ്ങൾ ഏതെല്ലാം സ്കൂളുകൾക്കാണ് വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നമ്പർ 46/12.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.അപാകതകൾ പരിഹരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 230873 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സ.ഉ (കൈ) 86/2022 തസ്വഭവ തി. 19.04.22 ക്രമ നമ്പർ 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. 17 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 2022-23 വർഷം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്.(15.2.22,22.3.22). ഏഴ് വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ രണ്ടിലധികം മീറ്റിംഗുകൾ ചേർന്നിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിപ്പതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ബുക്കുകളുടെ ആദ്യ പേജിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല

2 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് ക്ലോസ് ചെയ്തിട്ടില്ല.

ഉദാ. വിദ്യാഭ്യാസം കായികം യുവജനക്ഷേമം (15.2.22, 22.3.22) , ആരോഗ്യം (15.2.22, 22.3.22), നഗരാസൂത്രണം (15.2.22, 22.3.22), പൊതുമരാമത്ത് ഊർജം (15.2.22, 22.3.22), പട്ടികജാതി പട്ടിക വർഗവികസനം (15.2.22, 22.2.22, 22.3.22).

3 വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. ആരോഗ്യം (15.2.22, 22.3.22, 20.9.22)

4 വർക്കിംഗ് ഗ്രൂപ്പിൽ നാമമാത്രമായ അംഗങ്ങളാണ് പങ്കെടുത്തിട്ടുള്ളത്.

ഉദാ. ജൈവവൈവിധ്യ പരിപാലനം,പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം.പങ്കെടുത്ത അംഗങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു,

15.2.22-(5),22.3.22-(4)

5 വർക്കിംഗ് ഗ്രൂപ്പിൽ നിലവിലെ അവസ്ഥകൾ വിശകലനം ചെയ്യുകയും പുതിയ പ്രൊജക്ട് നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്ത് കാര്യമായ ചർച്ചകൾ നടത്തുകയും വിശദമായ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ പേര് മിനട്ട്സിൽ രേഖപ്പെടുത്തി വയ്ക്കുകയാണ് ചെയ്തു വരുന്നത്.

6 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്.മോണിറ്ററിംഗ് കമ്മിറ്റി പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.എന്നാൽ നഗരസഭയിൽ പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നമ്പർ 68/14.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക നൽകിയ മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പ് സംബന്ധിച്ച അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 തൃക്കാവ് ഗവ.ഹൈസ്കൂളിലേക്ക് ബെഞ്ചുകളും ഡെസ്കുകളും വാങ്ങൽ -അപാകതകൾ

തൃക്കാവ് ഗവ.ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 25/23 സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 3000000 രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 2915988 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

പ്രൊജക്ടിന്റെ ഭാഗമായി 12,88,560 രൂപ ചെലവഴിച്ച് ആർട്കോ ലിമിറ്റഡ് മലപ്പുറത്തു നിന്നും ജിഎച്ച്എസ് തൃക്കാവിലേക്ക് താഴെ പറയുന്ന ഫർണിച്ചർ നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ MPM437/25.3.23). 22.3.23 ലെ 33/ 1 നമ്പർ തീരുമാനപ്രകാരം ബില്ലുകളും ഇൻവോയ്സുകളും നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

ബിൽ നമ്പർ 805/27.3.23- 6,44,280 രൂപ

ബിൽ നമ്പർ 806/27.3.23- 6,44,280 രൂപ

ആകെ 12,88,560 രൂപ

| ക്രമനമ്പർ | ഇനം | എണ്ണം | റേറ്റ് | തുക | CGST | SGST | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | STEEL BENCH WITH CR PIPES AND TOP WITH RUBWOOD 180*30*45 CM | 150 | 3068 | 460200 | 41418 | 41418 | 543036 |
| 2 | STEEL PLAIN DESK WITH CR PIPES AND RW TOP-180*40*75 | 150 | 4212 | 631800 | 56862 | 56862 | 745524 |
| | ആകെ | | | | | | 1288560 |

പ്രൊജക്ടിന്റെ ഓഡിറ്റുമായി ബന്ധപ്പെട്ട് 7.2.24 ന് തൃക്കാവ് ജി എച്ച് എസിൽ സ്ഥല പരിശോധന നടത്തിയിരുന്നു. സ്ഥല പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

ബിൽ നമ്പർ MPM437/25.3.23 പ്രകാരം ആർട്കോ ലിമിറ്റഡ് മലപ്പുറത്തുനിന്നും വാങ്ങിയ 150 സ്റ്റീൽ ബഞ്ചുകളും 150 സ്റ്റീൽ പ്ലയിൻ ഡസ്കുകളും ജിഎച്ച്എസ് തൃക്കാവിൽ പണി പൂർത്തിയാകാത്ത ക്ലാസ്സ് മുറികളുള്ളിൽ കൂട്ടിയിട്ടിരിക്കുകയാണ്.വാങ്ങിയ ബെഞ്ചുകളും ഡെസ്കുകളും നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.പണി പൂർത്തിയാകാത്ത കെട്ടിടത്തിനുള്ളിൽ കൂട്ടിയിട്ടുതുമൂലം കേടുവരാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. കെട്ടിടത്തിന്റെ പണി

പൂർത്തിയാകുന്നതിനു മുമ്പ് ഫർണിച്ചർ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്ന സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ചു വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. വാങ്ങിയ ഫർണിച്ചർ മുഴുവൻ ഗുണമേന്മയോടെ ലഭിച്ചുവെന്ന് രേഖപ്പെടുത്തി ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തുകയോ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയോ ചെയ്തതായി കാണുന്നില്ല. നിർവഹണ ഉദ്യാഗസ്ഥൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ജിഎച്ച്എസ് ഹെഡ്മാസ്റ്റർ എല്ലാ സാധനങ്ങളും ലഭ്യമായി എന്നു രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ബെഞ്ചുകളും ഡെസ്കുകളും വാങ്ങിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

2. ഓരോ വർഷവും നഗരസഭയിലെ ഏക ഗവ,ഹൈസ്കൂളായ തൃക്കാവ് ഹൈസ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ബെഞ്ചുകളും ഡെസ്കുകളും മറ്റ് ഫർണിച്ചറും വാങ്ങി വരുന്നുണ്ട്. എന്നാൽ ബെഞ്ചുകളുടെയും ഡെസ്കുകളുടെയും ആവശ്യകതാ നിർണയം നടത്തിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. വിദ്യാഭ്യാസം ,കായികം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നമ്പർ 65 /13.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ആയതിനു താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണ്.

2. കെട്ടിടം പൂർത്തിയാകും എന്ന ധാരണയിലാണ് ബെഞ്ചുകളും ഡെസ്കുകളും വാങ്ങിയത്.

3. ബെഞ്ചുകളും ഡെസ്കുകളും നമ്പർ രേഖപ്പെടുത്തി കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്.

അപാകതകൾ പരിഹരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.




**1-38 തൃക്കാവ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ -ഫർണിച്ചർ ലഭ്യമായില്ല. ചെലവ് തുക നിരാകരിക്കുന്നു.**

പൊന്നാനി നഗരസഭയിലെ തൃക്കാവ് ഗവ.ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 25/23 സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 3000000രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 29,15,988രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പ്രൊജക്ടിന്റെ ഭാഗമായി 6,08,380 രൂപ ചെലവഴിച്ച് ആർട്കോ ലിമിറ്റഡ് മലപ്പുറത്തു നിന്നും ജിഎച്ച്എസ് തൃക്കാവിലേക്ക് താഴെ പറയുന്ന ഫർണിച്ചർ നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ MPM448/25.3.23)

ബിൽ നമ്പർ 804/27.3.23

| ക്രമനമ്പർ | ഫർണിച്ചർ | അളവ് | റേറ്റ് | തുക | CGST | SGST | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | OFFICE CUPBOARD PARTICLE BOARD1M2 SETTING UP OF OFFICE CUPBOARD BY USING GOOD QUALITY 18 MM PRELAMINATED PARTICLE BOARD WITH DOORS INCLUDING STEEL HANDLE MULTI LOCK AND AUTOHIGES ETC. | 11.800 | 9097 | 107344.60 | 9661.01 | 9661.01 | 126666.63 |
| 2 | EXECUTIVE TABLE-BY USING GOOD QUALITY LAMINATED 18MM PARTICLE BOARD INCLUDING DRAWER@ CUPBOARD WITH SLIDING KEY BOARD,FILE MANAGER.STEEL HANDLE PROVISION FOR CPU/UPS WITH LOCK @KEY OF SIZE 1.125M2 RATE | 3.990 | 9912.00 | 39548.88 | 3559.40 | 3559.40 | 46667.68 |
| 3 | EXECUTIVE TABLE BY USING GOOD QUALITY LAMINATAED PARTICLE BOARD INCLUDING DRAWER @ CUPBOARD WITH SLIDING KEY BOARD,FILE MANAGER,STEEL HANDLE ,PROVISION FOR CPU/UPS WITH LOCK @ KEY OF SIZE1.125M2 RATE | 21.600 | 9912.00 | 214099.20 | 19268.93 | 19268.93 | 252637.06 |
| 4 | PARTITION WALL 18MM PLYWOOD RATE FOR 1M2 OFFICE PARTITION WALL WITH DOOR BY USING GOOD QUALITY PLYWOOD | 21.800 | 7091.00 | 154583.80 | 13912.54 | 13912.54 | 182408.88 |
| | | | | 5615576.48 | 46401.88 | 46401.88 | 608380.25 |

പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ആർട്കോ മലപ്പുറത്തിന്റെ ഇൻവോയ്സ്/ ബില്ലുകൾ എന്നിവ അംഗീകരിച്ച നഗരസഭാ തീരുമാനം

ലഭ്യമാക്കിയില്ല.നഗരസഭാ തീരുമാനം കൂടാതെ എങ്ങനെയാണ് പർചേസ് നടത്തിയതെന്ന് വിശദമാക്കേണ്ടതാണ്.

2.വാങ്ങിയ ഫർണിച്ചറിന്റെ ആവശ്യകതാ നിർണയം നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പർച്ചേസ് കമ്മിറ്റി മിനട്ട്സിൽ മേൽ വാങ്ങൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാണാൻ കഴിഞ്ഞില്ല.

3. പ്രൊജക്ടിൽ നേരിട്ടുള്ളനിർവഹണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഏത് ഏജൻസി വഴിയാണ് നിർവഹണം നടത്തുന്നതെന്ന് പരാമർശിച്ചിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച ഫർണിച്ചർ വിതരണവുമായി ബന്ധപ്പെട്ട് 25.3.23 ന് ആർട്കോയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയും ഫർണിച്ചർ 10 ദിവസത്തിനകം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.3.23 ന് ആർട്കോയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ടിന്റെ ഓഡിറ്റുമായി ബന്ധപ്പെട്ട് 7.2.24 ന് തൃക്കാവ് ജി എച്ച്എസിൽ സ്ഥല പരിശോധന നടത്തിയിരുന്നു. സ്ഥല പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

മുകളിലെ പട്ടിക പ്രകാരമുള്ള ക്രമനമ്പർ 1- UF 1852 OFFICE CUPBOARD സാധന സാമഗ്രികൾ ലഭ്യമാക്കി പണി പൂർത്തീകരിച്ചിട്ടില്ല(11.800sqm).

ക്രമനമ്പർ 2-UF 1858 EXECUTIVE TABLE ലഭിച്ചിട്ടുണ്ട്.(3.99sqm).എന്നാൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

ക്രമനമ്പർ 3- UF 1858 EXECUTIVE TABLE 200*60*75 HDJKEJX 9 ടേബിളുകൾ ലഭിച്ചിട്ടുണ്ട്.(15sqm).6 ടേബിളുകൾ ലഭിച്ചിട്ടില്ല.200*60*75 Cm=5 എണ്ണം,60*60*75cm=1 എണ്ണം. ആകെ ലഭിക്കേണ്ടത് (21.600sqm) സാധനസാമഗ്രികൾ ലഭ്യമാക്കി പണി പൂർത്തിയാക്കിയിട്ടില്ല. ലഭിച്ച ടേബിളുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

ക്രമനമ്പർ 4 UF1882 PARTITION TABLE സാധന സാമഗ്രികൾ ലഭിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടില്ല. ആകെ ലഭിക്കേണ്ടത് (21.8sqm) .

ക്രമനമ്പർ 1,4 എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല. ക്രമനമ്പർ 2 ലഭ്യമായി. ക്രമനമ്പർ 4 ഭാഗികമായി ലഭ്യമായിട്ടുണ്ട്.

4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയുന്ന സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ച് വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ പട്ടികയിൽ കാണിച്ച ഫർണിച്ചർ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ജിഎച്ച്എസ് ഹെഡ്മാസ്റ്റർക്ക് കൈമാറിയതാണെങ്കിലും സ്കൂളിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ലഭ്യമായിട്ടില്ല എന്ന് കാണുവാൻ കഴിഞ്ഞു. സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ ഫർണ്ണിച്ചറുകൾ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുകയും എല്ലാ ഫർണിച്ചറും മുഴുവനായി ഗുണമേന്മയോടെ ലഭിച്ചുവെന്ന നിർവഹണ ഉദ്യോഗസ്ഥൻ ഇൻവോയ്സിൽ സാക്ഷ്യപ്പെടുത്തുകയും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടില്ല. കൈപറ്റ് രേഖകളിൽ തൃക്കാവ് ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസ്സിന്റെ രശീതി മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉള്ളത്.

5 വിദ്യഭ്യാസം,കായികം,യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സ് പ്രകാരം 15.2.23 നും 22.3.22 നും യോഗങ്ങൾ ചേർന്നിട്ടുണ്ട്.പണി പൂർത്തിയാക്കിയ നാല് സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം , ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതു സ്കൂളുകൾക്കാണ് മേൽ ഫർണ്ണിച്ചറുകൾ നൽകുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. മുൻ വർഷ പ്രൊജക്ടുകൾ അവലോകനം ചെയ്യുകയും ആവശ്യകത നിർണയിക്കുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്തിട്ടില്ല.

6 പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 61/13.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

1 നഗരസഭാ തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ്.

2 പ്രൊജക്ടിൽ നേരിട്ടുള്ള നിർവഹണം എന്നു രേഖപ്പെടുത്തിയത് ടെണ്ടർ വഴിയോ ക്വട്ടേഷൻ വഴിയോ സപ്ലയറെ കണ്ടെത്തി നൽകുക എന്ന ഉദ്ദേശത്തോടെയല്ലെന്നും അതിനാലാണ് ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയത്.

3 ഓഫീസ് കബോർഡ് ,പാർട്ടീഷൻ ടേബിൾ എന്നിവ പണി പൂർത്തിയാക്കുന്നതാണ്.

4 എക്സ്ക്യൂട്ടിവ് ടേബിൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നമ്പറിട്ട് സൂക്ഷിക്കുന്നതാണ്.

5 സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതാണ്.

6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കുന്നതാണ്.

സ്കൂളുകളിലേക്ക് സാധന സാമഗ്രികൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കുകയും സ്റ്റോക്ക്

രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയും സാധന സാമഗ്രികൾ യഥാസമയം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്.
ലഭ്യമാകാത്ത ഫർണിച്ചറിന്റെ വില തിരികെ അടവാക്കേണ്ടതാണ്.

പണി പൂർത്തിയാക്കാതെ/സാധനങ്ങൾ സപ്ലൈ ചെയ്യാതെ തുക അനുവദിച്ച് നൽകിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ക്രമനമ്പർ 1: 126666.63 +ക്രമനമ്പർ 3: 101054.82 (252637.06/15 ഫർണ്ണിച്ചർ 9+6) (16842.47x6 ലഭ്യമാകാത്ത ഫർണിച്ചറിന്റെ വില)+ക്രമനമ്പർ 4: 182408.88= 410130 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അവശേഷിക്കുന്ന തുക 608380-410130=198250 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ഖ.3-1 ആയി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 1-39 വിദേശത്ത് തൊഴിൽ ധന സഹായം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വിദേശത്ത് തൊഴിൽ ധന സഹായം(241/23) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ/ഫണ്ട് | 11,00,000 /വികസനഫണ്ട് SCP |
| ചെലവ് | 11,00,000 |

സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022/ ത.സ്വ.ഭ.വ28.5.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.3.2 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്ന പക്ഷം വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറക്ക് ധനസഹായം നൽകാവുന്നതാണ് എന്നത് പ്രകാരം നഗരസഭ 11 ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട് .എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു .

| ഗുണഭോക്താവ് | പാസ്സ്പോർട്ട് നമ്പർ | ബിൽ നമ്പർ | നൽകിയ തുക | അപാകത |
|---|---|---|---|---|
| ശ്രീ. ശരത്ബാബു | S5269202 | 27/4.2.23 | 100000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ വിസ നമ്പർ 242847528/16.6.22 പ്രകാരം 90 ദിവസത്തേക്കുള്ള താൽകാലിക വിസയിലാണ് വിദേശ പോയിട്ടുള്ളത്.തൊഴിൽ കരാർ പത്രം ഹാജരാക്കിയിട്ടില്ല. |
| ശ്രീ.പ്രവീൺ മുളക്കൽ | W1462340 | 28/4.2.23 | 100000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ വിസ നമ്പർ 2326693242/13.5.22 പ്രകാരം 90 ദിവസത്തേക്കുള്ള താൽകാലിക വിസയിലാണ് വിദേശ പോയിട്ടുള്ളത്.തൊഴിൽ കരാർ പത്രം ഹാജരാക്കിയിട്ടില്ല. |
| ശ്രീ.സമേഷ് ടി.എസ് | J3860697 | 29/4.2.23 | 100000 | വിസ ,തൊഴിൽ കരാർ പത്രം ഹാജരാക്കിയിട്ടില്ല. |
| ശ്രീ.വിജീഷ് | R2276768 | 30/4.2.23 | 100000 | തൊഴിൽ കരാർ പത്രം ഹാജരാക്കിയിട്ടില്ല. |
| ശ്രീ.ബാബു,വി | N3367434 | 69/29.3.23 | 100000 | അപേക്ഷയോടൊപ്പം ഹാജരാക്കിയ വിസ നമ്പർ 6074225182/25.8.21 പ്രകാരം 90 ദിവസത്തേക്കുള്ള താൽകാലിക വിസയിലാണ് വിദേശ പോയിട്ടുള്ളത്.തൊഴിൽ കരാർ പത്രം ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 500000 | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/12.2.24 ന് നൽകിയ മറുപടിയിൽ താൽകാലിക വിസമാത്രമാണ് ചില രാജ്യങ്ങൾ നിലവിൽ അനുവദിക്കുന്നത് എന്നും നിലവിൽ പ്രസ്തുത ഗുണഭോക്താക്കൾ വിദേശത്ത് നല്ല രീതിയിൽജോലിയിൽ തുടരുന്നുണ്ട് എന്നും അറിയിച്ചു . ഭാവിയിൽ വിദേശത്ത് തൊഴിൽ തേടുന്നതിന്- ധന സഹായം വിതരണം ചെയ്യുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതും ഗുണഭോക്താക്കളുടെ

ജോലിസ്ഥിരത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-40 വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശിക

നഗരസഭയിലെ പൊതു വാട്ടർ ടാപ്പുകൾക്ക് 01/2024 ൽ ലഭ്യമായ കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 744 ടാപ്പുകൾക്ക് പ്രതിമാസം 13,53,998രൂപയും ഫൈൻ ഇനത്തിൽ 20,99,067 രൂപയും കുടിശ്ശിക ഇനത്തിൽ 11,04,65,093 രൂപയും വെള്ളക്കരമിനത്തിൽ അടവാക്കാനുണ്ട്. നിലവിലുള്ള ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് അടവാക്കി വരുന്നത് ഫൈൻ ,കുടിശ്ശിക മുതലായവ അടവാക്കുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി നടത്തിയ ജോയന്റ് വെരിഫിക്കേഷൻ മൂലം ടാപ്പുകളുടെ എണ്ണം 1128ൽ നിന്നും 744 ആയി കുറഞ്ഞിട്ടുണ്ട്.

04/2023 ഡിമാന്റ് നോട്ടീസിൽ 11,04,65,093 രൂപ കുടിശ്ശികയും 20,99,067രൂപ ഫൈൻ ഇനത്തിലും കുടിശ്ശിക വന്നത് എപ്രകാരമെന്ന് വ്യക്തമല്ല. ഫയൽ പരിശോധിച്ചതിൽ ഈക്കാര്യത്തിൽകേരള വാട്ടർ അതോറിറ്റിയുമായി കത്തിടപാട് നടത്തിയതിന്റെ വിവരം ലഭ്യമല്ല. ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 5,00,000 രൂപ കൂടി തൻവർഷം അടവാക്കിയിട്ടുണ്ട്(വൗച്ചർ നം. 22200263/ 30.03.23).ഭീമമായ കുടിശ്ശിക സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും തുടർനടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 78/22-23/14.02.2024 ) ലഭ്യമാക്കിയ മറുപടിയിൽ ഈക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി കത്തിടപാട് നടത്തിയതിന്റെ വിവരം ലഭ്യമാക്കി. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-41 ഈഴവത്തിരുത്തി പി.എച്ച്.സി സായാഹ്ന ഒ.പി-ഡോക്ടർ താൽകാലിക നിയമന നടപടിക്രമങ്ങൾ -സബ്സിഡി മാർഗ്ഗ രേഖ പ്രകാരമല്ല

പ്രോജക്ട് നം. 15/23 ഈഴവത്തിരുത്തി പി.എച്ച്.സി സായാഹ്ന ഒ.പി-ഡോക്ടർ, ഫാർമസിസ്റ്റ് വേതനം

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 943550( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 935754

BRN 22150447001100091379/11.5.2022 ₹ 49227/-

2215044700110065084/3.6.2022 ₹ 82045/-

22150447001100262081/2.7.2022 ₹ 82053/-

22150447001100383299/4.8.2022 ₹ 77543/-

22150447001100509539/4.9.2022 ₹ 80189/-

22150447001100616403/7.10.2022 ₹ 80128/-

22150447001100757570/11.11.2022 ₹ 80455/-

22150447001100892270/12.12.2022 ₹ 81228/-

22150447001100995030/4.1.2023 ₹ 79398/-

22150447001101140884/4.2.2023 ₹ 82045/-

22150447001101379694/16.3.2023 ₹ 82045/-

22150447001101510246/28.3.2023 ₹ 79398/-

28.05.2022ലെ സ.ഉ.(കൈ)നം 115/2022/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 .(1) പ്രകാരം ചില പ്രദേശങ്ങളിലെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടറുമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ആവശ്യമായി വരും ഇതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും പാരാ മെഡിക്കൽ സ്റ്റാഫിനേയും , കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ടു ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണ്. ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്.

എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് മെഡിക്കൽ ഓഫീസറുടെ 4.03.2022 ലെ 75/22 വാക്ക് ഇന്റർവ്യൂ നോട്ടീസ് പ്രകാരം 15.03.2022 ൽ മെഡിക്കൽ ഓഫീസർ , പി.എച്ച്.സി., നഗരസഭ സെക്രട്ടറി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർപേഴ്സൺ എന്നിവരടങ്ങിയ കമ്മിറ്റിയാണ് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും തെരഞ്ഞടുത്തത്. ഇന്റർവ്യൂവിൽ ഡോക്ടർ വിഭാഗത്തിൽ ഒരു ഉദ്യോഗാർത്ഥി മാത്രമാണ് അഭിമുഖത്തിൽ പങ്കെടുത്തത്. മെഡിക്കൽ ഓഫീസറുടെ 12.4.2022 ലെ ഉത്തരവ് നടപടി നമ്പർ 8/2022 പ്രകാരം ഡോ.ആയിശ തസ്നി എന്നവരെ സായാഹ്ന ഒപിയിലേക്ക് നിയമിക്കുകയും മേൽ ബിൽ പ്രാകരമുള്ള തുകയിൽ നിന്നും വേതനം നൽകുകയും ചെയ്തു.

നടപടിക്രമം പാലിക്കാതെ സായാഹ്ന ഒപിയിൽ ഡോക്ടറെ നിയമിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പര്49/23 തീയതി 12.02.2024) ലഭ്യമാക്കിയ മറുപടിയിൽ 17.01.2019 ലെ 442/ ഡി.ബി.2/2018/ത.സ്വ.ഭ.വ. സർക്കുലറിൽ പഞ്ചായത്ത് തലത്തിൽ നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തിയെടുക്കുന്ന രീതി അവലംബിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർമാരുടെ ജില്ലാ തല മീറ്റിംഗിലും മുനിസിപ്പാലിറ്റി തലത്തിൽ ഇന്റർവ്യൂ നടത്തി എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മേൽ സർക്കുലറിന് ശേഷം വന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 പൊന്നാനി നഗര ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 19/23 പൊന്നാനി നഗര ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 200000( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 200000/-

ഈ പദ്ധതിയുടെ ഭാഗമായി പൊന്നാനി നഗര ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മുഴവൻ മുമരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ | ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ | |
|---|---|---|---|
| | | (ഇൻവോയിസ് നമ്പർ/തീയതി | തുക |
| PRF1974/4.11.22 | 143305/- BRN 22150447002000782255/16.11.22 | 21171/24.12.22 | 12266 |
| | | 21983/5.1.23 | 3538 |
| | | 22234/6.1.23 | 18592 |
| | | 22415/7.1.23 | 9856 |
| | | 22710/11.1.23 | 5544 |
| | | 23308/16.1.23 | 22176 |
| | | 26270/2.3.23 | 10675 |
| | | 28248/30.3.23 | 6496 |
| | | 2243/6.5.23 | 1680 |

| | | | |
|---|---|---|---|
| | | | |
| | | 1541/3.5.23 | 1662 |
| | | 10103/21.6.23 | 2195 |
| | | 8366/9.6.23 | 2407 |
| | | 7691/5.6.23 | 4437 |
| | | 12169/10.7.23 | 3566 |
| | | 16344/18.8.23 | 941 |
| | | 17773/18.9.23 | 3136 |
| | | 16750/21.8.23 | 10304 |
| | | 21237/21.11.23 | 5779 |
| | | 23404/12.12.23 | 426 |
| | | ആകെ | **125676** |
| | | ഇനി ലഭിക്കാനുള്ളത് | **17629** |
| PRF3980/28.01.23 | 56695/- BRN 22150447002001152243/7.2.23 | 10477/24.6.23 | 6379 |
| | | 11930/7.7.23 | 1574 |
| | | 1306/27.4.23 | 9427 |
| | | 7667/3.6.23 | 5940 |
| | | 15622/10.8.23 | 13516 |
| | | 16739/21.8.23 | 5152 |
| | | 17836/18.9.23 | 1546 |
| | | ആകെ | **43534** |
| | | ഇനി ലഭിക്കാനുള്ളത് | **13161** |
| | | മൊത്തം ഇനി ലഭിക്കാനുള്ളത് | **30790 (17629+13161)** |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 51/23 തീയതി.12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-43 പാലിയേറ്റീവ് ഫാർമസി സ്റ്റോറിൽ എ.സി. സ്ഥാപിക്കൽ- GeM മുഖന വാങ്ങൽ നടത്തിയില്ല

പ്രോജക്റ്റ് നമ്പർ- 12/23 പരിരക്ഷ പ്രൈമറി താലൂക്ക് ആശുപത്രി

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

അടങ്കൽ-1486701/-( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ് 1437048

BRN 221504470020009733315/29.12.22 ₹ 47000/

പദ്ധതി പ്രകാരം ടെണ്ടർ നടപടിക്രമത്തിലൂടെ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഫാർമസിയിൽ എ.സി സ്ഥാപിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് Tee Key Homeids പൊന്നാനി എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 47000/- രൂപയ്ക്ക് എ.സി. വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ 1665/9.02.2023 ₹47000/-)

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 56/23 തീയതി 12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 പരിരക്ഷ പ്രൈമറി താലൂക്ക് ആശുപത്രി -മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. 12/23 പരിരക്ഷ പ്രൈമറി താലൂക്ക് ആശുപത്രി

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 1486701( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 1437048

പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മുഴുവൻ മുമരുന്നുകളും ലഭ്യമായിട്ടില്ല. (ചെലവ് തുകയിൽ നഴ്സ് വേതനം, ഡ്രൈവർ വേതനം , വാഹന ഇന്ധനം, ഭക്ഷണം മുതലായവയും ഉൾപ്പെട്ടിട്ടുണ്ട്.)

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ | ലഭ്യമായ മരുന്ന് വിശദാംശങ്ങൾ | |
|---|---|---|---|
| | | (ഇൻവോയിസ് നമ്പർ/തീയതി | തുക |
| PRF4271/07.02.23 | 166134/- BRN 221504470020015 12514/28.03.23 | 736/11.4.23 | 7666 |
| | | 3218/12.5.23 | 13026 |
| | | 9962/20.6.23 | 34505 |
| | | 15601/10.8.23 | 1962 |

| | | | |
|---|---|---|---|
| | | 18703/27.9.23 | 6684 |
| | | 18140/19.9.23 | 1366 |
| | | 22744/5.12.23 | 2184 |
| | | 21093/18.1123 | 5260 |
| | | 22533/4.12.23 | 2825 |
| | | 24499/6.1.24 | 23812 |
| | | ആകെ | **99290** |
| | | ഇനി ലഭിക്കാനുള്ളത് | **66844** |
| PRF5202/10.03.23 | 144999/- BRN 22150447002001575377/31.03.23 | 1562/3.5.23 | 16422 |
| | | 9948/20.6.23 | 18163 |
| | | 7105/1.6.23 | 29073 |
| | | 10690/26.6.23 | 11493 |
| | | 18458/21.9.23 | 1117 |
| | | 23094/8.12.23 | 10876 |
| | | ആകെ | **87144** |
| | | ഇനി ലഭിക്കാനുള്ളത് | **57855(144999-87144)** |
| | | മൊത്തം ഇനി ലഭിക്കാനുള്ളത് | **124699 (66844+57855)** |

ഇനിയും ലഭിക്കാത്ത മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 52/23 തീയതി.12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-45 ഡയാലിസ് സെന്ററിന് ധനസഹായം- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക ₹ 10,55,000/- തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 32/23 ഡയാലിസ് സെന്ററിന് ധനസഹായം(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 1056128( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 1055000

BRN 221504470020009101457/13.5.2022 ₹ 1055000/-

28.05.2022ലെ സ.ഉ.(കൈ)നം 115/2022/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.7 പ്രകാരം ടി ഉത്തരവ് ഖണ്ഡിക 2.15(1), 2.15(2) എന്നിവയിലെ വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപ നിരക്കിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് ( സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ്.

ഡയാലിസ് സെന്റർ കോർഡിനേറ്ററും ഇൻചാർജ് ഓഫീസറും ഒപ്പുവെച്ച അക്വിറ്റൻസിന്റെ അടിസ്ഥാനത്തിലാണ് മേൽ ബിൽ പ്രകാരമുള്ള തുക ഡയാലിസ് സെന്ററിന് അനുവദിച്ചിട്ടുള്ളത്. ഓഗസ്റ്റ് 2021 മുതൽ ഡിസംബർ 2021 വരെ ഡയാലിസ് ചെയ്തതിനാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം | മാസം &വർഷം | രോഗികളുടെ എണ്ണം | അനുവദിച്ച തുക | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഓഗസ്റ്റ് 2021 | 62 | 61*4000,1*2000 | 246000 | |

| | | | | | |
|---|---|---|---|---|---|
| 2 | സെപ്തംബർ 2021 | 60 | 59*4000,1*1000 | 237000 | |
| 3 | ഒക്ടോബർ 2021 | 59 | 59*4000 | 236000 | |
| 4 | നവംബർ 2021 | 61 | 61*4000 | 244000 | ആദ്യത്തെ രണ്ട് ആഴ്ചമാത്രമാണ് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| 5 | ഡിസംബർ 2021 | 23 | 23*4000 | 92000 | ആദ്യത്തെ രണ്ട് ആഴ്ചമാത്രമാണ് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | | | ആകെ | 1055000 | |

പദ്ധതി നിർവ്വഹണം നടത്തിയതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 62/23 തീയതി.13.02.2024) മറുപടി/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1. വാർഡ് സഭകൾ തെരഞ്ഞെടുത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2. അപേക്ഷകൾ

3. ഡയലിസ് ആവശ്യമാണന്നതിനുള്ള ഡോക്ടറുടെ സാക്ഷ്യപത്രം

4.ഡയാലിസ് ചെയ്തതുമായി ബന്ധപ്പെട്ട ആശുപത്രി രേഖകൾ

മറുപടി/ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹ 1055000/- തടസ്സം ചെയ്യുന്നു.

## 1-46 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 10/23 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 1000000( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 1000000/-

പദ്ധതിയുടെ ഭാഗമായി താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മുഴുവൻ മമരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ | ലഭ്യമായ മരുന്ന് വിശദാംശങ്ങൾ | |
|---|---|---|---|
| | | (ഇൻവോയിസ് നമ്പർ/തീയതി | തുക |
| PRF2648/29.11.22 | 346185/- BRN 22150447002000864930/5.12.22 | 21965/4.1.23 | 17298 |
| | | 25638/27.2.23 | 8310 |
| | | 27447/23.3.23 | 24282 |
| | | 10368/23.6.23 | 60010 |
| | | 6056/25.3.23 | 31529 |

| | | | |
|---|---|---|---|
| | | 9958/20.6.23 | 4875 |
| | | 8332/9.6.23 | 2696 |
| | | 15120/4.8.23 | 1579 |
| | | 16310/18.8.23 | 9510 |
| | | 18328/20.9.23 | 13619 |
| | | 18715/28.9.23 | 10046 |
| | | 19141/7.10.23 | 29528 |
| | | 22896/6.12.23 | 15598 |
| | | 22440/2.12.23 | 34828 |
| | | 20942/18.11.23 | 19152 |
| | | ആകെ | **282860** |
| | | ഇനി ലഭിക്കാനുള്ളത് | **63325** |
| PRF1047/20.08.22 | 601680/- BRN 22150447002000624797/10.10.22 | 8883/13.6.23 | 57458 |
| | | 10981/29.6.23 | 18515 |
| | | 6627/30.5.23 | 42254 |
| | | 9936/19.6.23 | 78999 |
| | | 12991/15.7.23 | 61455 |
| | | 13687/21.7.23 | 8544 |
| | | 15186/4.8.23 | 8084 |
| | | 16986/23.8.23 | 15839 |
| | | 18020/19.9.23 | 5152 |
| | | 18642/27.9.23 | 288 |
| | | 20118/2.11.23 | 941 |
| | | 20278/4.11.23 | 13028 |
| | | 20968/18.11.23 | 27145 |
| | | 21196/20.11.23 | 21168 |
| | | 21998/28.11.23 | 4583 |
| | | 21911/28.11.23 | 13104 |
| | | 22967/7.12.23 | 258 |
| | | 22781/5.12.23 | 12681 |
| | | 23271/11.12.23 | 4904 |
| | | ആകെ | **394400** |
| | | ഇനി ലഭിക്കാനുള്ളത് | **207280** |
| | | മൊത്തം ഇനി ലഭിക്കാനുള്ളത് | **270605 (63325+207280)** |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 54/23 തീയതി.12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-47 സെക്കൻഡറി പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 11/23 സെക്കൻഡറി പാലിയേറ്റീവ്

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 445580( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 445500

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ നഗരസഭ പ്രസ്തുത ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2.) മേൽ ഉത്തരവ് ഖണ്ഡിക 2.9.2 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും നഗരസഭാ ചെയർമാൻ ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പി.എം.സി മിനുട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 2 തവണ മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്(04.06.22, 13.01.23). പി.എം.സി.യുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

3.)പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ | ലഭ്യമായ മരുന്ന് വിശദാംശങ്ങൾ | |
|---|---|---|---|
| | | (ഇൻവോയിസ് നമ്പർ/തീയതി | തുക |
| PRF487/28.06.22 | 197455/-<br>BRN<br>22150447002000283359/07.07.22 | 15048/28.10.22 | 571 |
| | | 17184/15.11.22 | 35530 |
| | | 19236/30.11.22 | 1316 |
| | | 20844/21.12.22 | 11769 |
| | | 1537/3.5.23 | 2133 |
| | | 3078/11.2.23 | 258 |
| | | 3787/16.5.23 | 10360 |
| | | 5554/23.5.23 | 28510 |
| | | 9918/19.6.23 | 13731 |
| | | 12879/14.7.23 | 986 |
| | | 12909/15.7.23 | 39692 |
| | | 15734/11.08.23 | 918 |
| | | 14679/29.7.23 | 1607 |
| | | 19986/31.10.23 | 3730 |
| | | 21031/18.11.23 | 5636 |
| | | ആകെ | 156747 |
| | | ഇനി ലഭിക്കാനുള്ളത് | 40708(197455-156747) |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും മേൽ സൂചിപ്പിച്ച മറ്റു അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 53/23 തീയതി. 12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മറ്റു അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-48 ഗാർഹിക യൂനിറ്റുകൾക്ക് ബയോബിന്നുകൾ നൽകൽ - അപാകതകൾ

പ്രോജക്റ്റ് നം. 361/23

ഗാർഹിക യൂനിറ്റുകൾക്ക് ബയോബിന്നുകൾ നൽകൽ പദ്ധതി

അടങ്കൽ തുക – 29,29,080 രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 26,36,172 രൂപ

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)- 2,92,908 രൂപ

വിനിയോഗിച്ച തുക – 5,47,369 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം.22202098/ 29.03.23 – 2,69,640 രൂപ

വൗച്ചർ നം.22202114/ 31.03.23 – 2,77,729 രൂപ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ ,പൊന്നാനി നഗരസഭ

ശുചിത്വമിഷൻ എം പാനൽ ചെയ്തിട്ടുള്ള ഏജൻസിയായ റെയ്ഡ്കോ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഇ ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്തതിനാലാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്.406 എണ്ണം ബയോബിന്നുകളാണ് വാങ്ങിയിട്ടുള്ളത്. (ഇൻവോയിസ് നം. TIR/522/2022-23/27.03.23 – 206 എണ്ണം & ഇൻവോയിസ് നം. TIR/511/2022-23/21.03.23 – 200 എണ്ണം)അടപ്പോടുകൂടിയ HDP BIN 2 എണ്ണം ,HDP Tray 2 എണ്ണം ഇനോകുലം 9 കി.ഗ്രാം എന്നിവയടങ്ങിയതാണ് ബയോബിൻ. 1498 രൂപ നിരക്കിൽ 406 എണ്ണത്തിന് 6,08,188രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടത്. അതിൽ മേൽ വൗച്ചർ പ്രകാരം 5,47,369 രൂപയാണ് സ്ഥാപനത്തിന് നൽകിയത്.
പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)10% ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) കൂടി ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത്.406 ഗുണഭോക്താക്കളിൽ നിന്നും 308 രൂപ നിരക്കിൽ 1,25,048 രൂപ പിരിച്ചെടുത്ത് നഗരസഭ തനത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കി. യഥാർത്ഥത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 10% ഗുണഭോക്താവിൽ നിന്ന് പിരിച്ചെടുത്താൽ മതി (149.80 രൂപ നിരക്കിൽ). എന്നിരിക്കെ ആയതിൽ സ്ഥാപനത്തിന് നൽകുവാൻ ബാക്കിയുള്ള 60,819 രൂപ (6,08,188 – 5,47,369) കുറവു ചെയ്താൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിൽ ബാക്കിയുള്ള 64,229 രൂപ (1,25,048–60,819) ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരമറിയിക്കേണ്ടതാണ്.

2)സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തീയ്യതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്. എന്നാൽ സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

3)സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തീയ്യതി. 24.07.2019 സ്റ്റാമ്പ് ഷെഡ്യൂൾ (5 F) പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1,000/- രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത പദ്ധതിക്കായി 100 രൂപയുടെ കരാർ പത്രികയാണ് തയ്യാറാക്കിയിട്ടുള്ളത്. (ഈ പദ്ധതിയുടെ അടങ്കൽ തുകയുടെ മൂല്യം = ₹2929/-).

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/22-23/12.02.24) മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി നൽകിയില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ അവശേഷിക്കുന്ന 64,229 രൂപ (1,25,048 – 60,819) ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരമറിയിക്കേണ്ടതുമാണ്.

## 1-49 ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 18/23 ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ - 500000( വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ്- 500000

പദ്ധതിയുടെ ഭാഗമായി ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മുഴവൻ മുമരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ | ലഭ്യമായ മരുന്ന് വിശദാംശങ്ങൾ |
|---|---|---|

| | | (ഇൻവോയിസ് നമ്പർ/തീയതി | തുക |
|---|---|---|---|
| PRF224/31.05.22 | 435164/-<br>BRN<br>2215044700200018727 9/9.06.22 | 8435/11.8.22 | 12733 |
| | | 9185/24.8.22 | 7118 |
| | | 12663/30.9.22 | 27821 |
| | | 12208/26.9.22 | 6244 |
| | | 14207/18.10.22 | 40824 |
| | | 17191/15.11.22 | 65529 |
| | | 17193/15.11.22 | 1404 |
| | | 18371/23.11.22 | 10689 |
| | | 19141/29.11.22 | 3618 |
| | | 19576/9.12.22 | 4475 |
| | | 22798/11.1.23 | 702 |
| | | 23075/13.1.23 | 2578 |
| | | 23323/17.1.23 | 887 |
| | | 26702/10.3.23 | 3024 |
| | | 27870/27.3.23 | 287 |
| | | 478/5.4.23 | 6503 |
| | | 946/18.4.23 | 380 |
| | | 1574/3.3.23 | 19196 |
| | | 3193/12.5.23 | 1286 |
| | | 3320/12.5.23 | 21222 |
| | | 7451/3.6.23 | 19776 |
| | | 8423/10.6.23 | 17167 |
| | | 10742/21.8.23 | 2684 |
| | | 16234/17.8.23 | 5723 |
| | | 12869/14.7.23 | 34942 |
| | | 15182/4.8.23 | 1195 |
| | | 19347/12.10.23 | 16278 |
| | | 19592/17.10.23 | 4218 |
| | | 19136/7.10.23 | 8310 |
| | | 18973/4.10.23 | 18053 |
| | | 19847/23.10.23 | 5018 |
| | | 20318/4.11.23 | 2177 |
| | | 21903/28.11.23 | 2140 |
| | | 23778/15.12.23 | 12625 |
| | | ആകെ | **386826** |
| | | ഇനി ലഭിക്കാനുള്ളത് | **48338** |
| PRF2690/1.12.22 | 64836/-<br>BRN<br>221504470020008649 35/5.12.22 | 8770/13.6.23 | 12624 |
| | | 12680/13.7.23 | 43810 |
| | | ആകെ | **56434** |
| | | ഇനി ലഭിക്കാനുള്ളത് | **8402** |

| | | |
|---|---|---|
| | മൊത്തം ഇനി ലഭിക്കാനുള്ളത് | **56740 (48338+8402)** |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 55/23 തീയതി.12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന തുകയ്ക്കുള്ള മുഴുവൻ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-50 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല-3,20,320 രൂപയുടെ അധിക ചെലവ്

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/LSGD തിയതി. 28.05.2022 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ,എയ്ഡഡ്,സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെയും, പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകളുടെയും അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ അനുബന്ധം 4 ൽ പരാമർശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ലാപ്ടോപ്പുകൾ വാങ്ങി നൽകാവുന്നതാണ്.

ഈ പദ്ധതി പ്രകാരം വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന, നഗരസഭയിലെ 56 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു ലാപ്ടോപ്പിന് 38322/- രൂപ നിരക്കിൽ വിശ്വാസ് കമ്പ്യൂട്ടേഴ്സ് കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നും ജെംമുഖേന ഇൻവോയ്സ് നം. 649/9.2.23 ,650/9.2.23പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| നിർവ്വഹണം | പദ്ധതി | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | രണ്ടാം വർഷ മൂന്നാം വർഷ ഡിഗ്രി,പി.ജി,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (239/23) | 21,28,000 (വികസന ഫണ്ട് SCP) | 614848 | 54/8.3.23 |
| | | | 900000 | 55/10.3.23 |
| | | | 6,13,152 | 59/22.3.23 |
| | | ആകെ | 21,28,000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബന്ധപ്പെട്ട ജെം താരതമ്യപത്രിക പരിശോധിച്ചതിൽ ആകെ 9 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത L1 മുതൽ L7 വരെയുള്ള സ്ഥാപനങ്ങളെ ഒഴിവാക്കി L8 ആയ വിശ്വാസ് കംമ്പ്യബട്ടേഴ്സ് കുന്ദംകുളം എന്ന സ്ഥാപനത്തെയാണ് ലാപ്പോപ്പുകൾ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ജി.ഒ.പി നമ്പർ 3/2013/ എസ്.പി.ഡി. തിയതി 21.6.2013 ഖണ്ഡിക9-15, 9-16 എന്നിവക്ക് വിരുദ്ധമായി നിരസിക്കപ്പെട്ട ടെണ്ടറുകളുടെ വിവരം കാരണ സഹിതം പർച്ചേയ്സ് ഫയലിൽ (പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ്) രേഖപ്പെടുത്താതെ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത പവർ സി.എം.എസ് ടെക്നോളജി ( 32280) എന്നസ്ഥാപനത്തെ തഴഞ്ഞ് നഗരസഭ പർച്ചേയ്സിംഗ് കമ്മറ്റിയുടെ 31.1.23 ലെ 4 ാം നമ്പർ തീരുമാനപ്രകാരം വിശ്വാസ് കംമ്പ്യുബട്ടേഴ്സിനെ ( ക്വോട്ട് ചെയ്തത് 38,322 , നൽകിയത് 38,000 ) പദ്ധതി ഏൽപ്പിക്കുക വഴി നഗരസഭക്ക് 3,20,320 രൂപ അധികചെലവുണ്ടായി.(21,28,000(38,000 X56) -1807680 ( 32280 X56)=3,38,352)

2)സബ്സിഡി മാർഗ്ഗ രേഖയിൽ പരാമർശിച്ച സ്പെസിഫിക്കേഷൻ പ്രകാരം ലാപ്ടോപ്പിന് 3 Year Comprehensive Onsite OEM Warranty Including Battery And Charger എന്നാണ്. ഇൻവോയ്സ് പ്രകാരം 3 Year വാറണ്ടി നൽകിയിട്ടുണ്ടെങ്കിലും രണ്ട് വിദ്യാർഥികളുടെ ലാപ്ടോപ്പ് നേരിട്ട് പരിശോധിച്ചതിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് ഒരു വർഷം മാത്രമാണ് വാറണ്ടി ഉള്ളത്. ഈവിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 15/12.2.24 ന് നൽകിയ മറുപടിയിൽ 3 വർഷ വാറണ്ടി ഉറപ്പ് വരുത്തിയതായി അറിയിച്ചു . എന്നാൽ പ്രോഡക്ട് ID ഉപയോഗിച്ച് ഓൺലൈൻ മുഖേന പരിശോധിച്ചതിൽ വാറണ്ടി എക്സ്പെയേർഡ് എന്നാണ് കാണിക്കുന്നത്. ആയതിനാൽ 3 വാറണ്ടി ഉറപ്പ് വരുത്തി എന്ന മറുപടി അംഗീകരിക്കാനാവില്ല. വിതരണക്കാരൻ ലഭ്യമാക്കിയ ലാപ്ടോപ്പ് വിദഗ്ദ പരിശോധന കൂടാതെ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനാലാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്. എല്ലാ വാങ്ങലുകൾക്കും സ്റ്റോർ പർച്ചേയ്സ് ചട്ടം കർശനമായും പാലിക്കേണ്ടതും എല്ലാ വിദ്യാർത്ഥികൾക്കും മൂന്ന് വർഷം വാറണ്ടി ഉറപ്പ് വരുത്തേണ്ടതുമാണ്. ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ കാരണം സാധൂകരിക്കാവുന്ന രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്.

## 1-51 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

സെക്രട്ടറി തനതുഫണ്ടിൽ നിന്നും നടത്തിയ താഴെ ചേർത്തിരിക്കുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2022-23/ 12.02.24 ) നൽകിയ മറുപടികൂടി പരിഗണിച്ച് ചെലവുതുക 27,80,512 (18,22,014+5,27,498+ 4,31,000)രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-51-1 ചെലവുരേഖകൾ ലഭ്യമാക്കിയില്ല.

താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | ലഭ്യമാക്കേണ്ട രേഖകളുടെ വിവരം |
|---|---|---|---|
| 1 | 22200 084/ 26.04.22 | 10,20,000 | മഴക്കാല പൂർവ്വശുചീകരണത്തിനായി 51 വാർഡുതല ശുചിത്വ സമിതികൾക്ക് നൽകിയ തുക (ശുചിത്വമിഷൻ ഗ്രാന്റ് 51x10,000=5,10,000 രൂപ, നഗരസഭ വിഹിതം 51x10,000=5,10,000 രൂപ,)<br>- തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 22200718/ 02.09,22 | 93,800 | നഗരസഭയിലെ വിവിധ വാർഡുകളിലെ സേവാകേന്ദ്രങ്ങളിലേക്ക് സേവാഗ്രം പദ്ധതിയുടെ ഭാഗമായി 28 ബോർഡുകൾ തയ്യാറാക്കിയ ഇനത്തിൽ ആചാര്യൻ ആർട്സ് പൊന്നാനി എന്ന സ്ഥാപനത്തിന് നൽകിയ തുക<br>- 28 ബോർഡുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നതിന്റെ വിവരം ബോർഡുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 3 | 22200887/ 28.09.22 | 2,29,300 | മേപ്പറമ്പത്ത് ട്രേഡേഴ്സ് പൊന്നാനി എന്ന സ്ഥാപനത്തിന് Blue Star A C 4 എണ്ണം എ സി സ്റ്റാന്റ് എന്നിവ വാങ്ങിയതിന് നൽകിയ തുക<br>- ജി ഒ (പി )നം. 07/19/ എസ് പി ഡി തീ. 26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ജെം പോർട്ടൽ മുഖേനയാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയതിന് വിരുദ്ധമായി മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൾ നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.<br>- എ സി സ്ഥാപിച്ചതിന്റെ വിവരം ,സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 4 | 22200424/ 05.07,22 | 1,26,650 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ് മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ട്രാഫിക് സിഗ്നൽ ലൈറ്റിന്റെ എ എം സി തുക ഇനത്തിൽ കൈമാറിയ തുക<br>- തുക സ്ഥാപനം കൈപ്പറ്റിയതിന്റെ വിവരം , സ്ഥാപനവുമായി ചമച്ച കരാർ ,എ എം സി ലഭ്യമായതിന്റെ വിവരം ,<br>-കൂടാതെ, 1994 ലെ മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭയുടെ ചുമതലയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക അനുവദിക്കുന്നത് എപ്രകാരമെന്നും വ്യക്തമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | - തുക അനുവദിക്കുന്നതിന് കൗൺസിൽ അംഗീകാരം നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 5 | 22201204/23.11,22 | 67,714 | ഷാജി ബാറ്ററി ഹൗസ് പൊന്നാനിക്ക് EXIDE BATTERY (100AH) 7 എണ്ണം വാങ്ങിയതിന് നൽകിയ തുക<br>-ജി ഒ (പി )നം. 07/19/ എസ് പി ഡി തീ. 26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ജെം പോർട്ടൽ മുഖേനയാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയതിന് വിരുദ്ധമായി മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൾ നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.<br>-ബാറ്ററികൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 6 | 22201412/ 29.12,22 | 15 ,000 | തൗഫീഖ് അസോസിയേറ്റ്സ് ,ചാർട്ടേഡ് അക്കൗണ്ടന്റ്സ് എടപ്പാൾ എന്ന സ്ഥാപനത്തിന് 2020-21 വർഷത്തെ AUESGS വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തതിന്റെ ബിൽ തുക ഇനത്തിൽ നൽകിയത്<br>- AUESGS വരവ് ചെലവ് കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് മുഖേന ഓഡിറ്റ് ചെയ്തതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 7 | 22200350/ 22.06.22 | 41,200 | സെക്രട്ടറിയുടെ ഔദ്യോഗിക വസതിയിലേക്ക് എ സി വാങ്ങിയതിന് മേപ്പറമ്പത്ത് ട്രേഡേഴ്സ് പൊന്നാനി എന്ന സ്ഥാപനത്തിന് നൽകിയ തുക<br>-ജി ഒ (പി )നം. 07/19/ എസ് പി ഡി തീ. 26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ജെം പോർട്ടൽ മുഖേനയാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയതിന് വിരുദ്ധമായി മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൾ നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.<br>- എ സി സ്റ്റോക്കിലെടുത്തതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 8 | 22200350/ 22.06.22 | 28,350 | സെക്രട്ടറിയുടെ ഔദ്യോഗിക വസതിയിലേക്ക് ടി വി വാങ്ങിയതിന് മേപ്പറമ്പത്ത് ട്രേഡേഴ്സ് പൊന്നാനി എന്ന സ്ഥാപനത്തിന് നൽകിയ തുക<br>-ജി ഒ (പി )നം. 07/19/ എസ് പി ഡി തീ. 26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ജെം പോർട്ടൽ മുഖേനയാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയതിന് വിരുദ്ധമായി മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൾ നടത്തിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.<br>-ടി വി സ്റ്റോക്കിലെടുത്തതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയില്ല. |

| | | | |
|---|---|---|---|
| 9 | 22200953/ 07.10.2022 | 2,00,000 | ഓണം ടൂറിസം വാരാഘോഷം ,നഗരസഭ വിഹിതം ജനറൽ കൺവീനർ പൊന്നാനി താലൂക്ക് ടൂറിസം വാരാഘോഷകമ്മറ്റി തഹസിൽദാർക്ക് നൽകിയ തുക<br>- തുക കൈപ്പറ്റിയതിന്റെ വിവരം ,തുക നൽകുവാൻ ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| | ആകെ | 18,22,014 | |

## 1-51-2 ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | ലഭ്യമാക്കേണ്ട രേഖകളുടെ വിവരം |
|---|---|---|---|
| 1 | 22200045/08.04.22 | 45,004 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ ആറിടത്ത് മിനിമാസ്റ്റ് സ്ഥാപിച്ചതിന് കൺക്ഷൻ നൽകുന്നതിന് അടവാക്കിയതുക<br>- മിനിമാസ്റ്റ് ലൈറ്റുകൾ ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റെ, വിവരം മിനിമാസ്റ്റുകൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 2 | 22200069/19.04.22 | 20,387 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന് പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 39 ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് നൽകിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന്റെ വിവരം ,പോസ്റ്റ് സ്ഥിതിചെയ്യുന്ന റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 3 | 22200188/19.05.22 | 64,331 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 47 ലെ അപകടഭീഷണിയുള്ള ഇലക്ട്രിക്ക് ലൈൻ കേബിൾ ആകുന്നതിന് അടവാക്കിയ തുക<br>- തുക അടവാക്കിയതിന്റെ വിവരം, പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, പൂർത്തീകരണ വിവരം , പാത നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 4 | 22200493/21.07.22 | 20,899 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 10ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ |

| | | | |
|---|---|---|---|
| | | | ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 5 | 22200494/21.07.22 | 14,411 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 10ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- 40-ാം വാർഡിൽ പള്ളിപ്പടി കിഴക്ക് ഭാഗത്ത് പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് വെക്കുന്നതിന് നൽകിയ തുക.<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ്<br>നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 6 | 22200495/21.07.22 | 16,077 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 2 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 7 | 22200496/21.07.22 | 14,172 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 38ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 8 | 22200497/21.07.22 | 7,092 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 45ൽ വാഹന ഗതാഗതത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 9 | 22200498/21.07.22 | 45,455 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 41ൽ അഴിമുഖത്ത് വെളിച്ച കുറവ് ഉള്ളതിനാൽ പുതിയ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് വെക്കുന്നതിന് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |

| | | | |
|---|---|---|---|
| 10 | 22200499/21.07.22 | 43,285 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 8ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 11 | 22200500/21.07.22 | 18,117 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 30ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 12 | 22200500/21.07.22 | 5,396 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 15ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 13 | 22200620/10.08.22 | 34,072 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 14ൽ നടപ്പാത നിർമ്മാണത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 14 | 22200958/11.10.22 | 7,802 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 38ൽ ഗതാഗതത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 15 | 22200959/11.10.22 | 7,183 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 47ൽ പൊതുവഴി വീതികൂട്ടുന്നതിന് ഇലക്ട്രിക് പോസ്റ്റ് മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 16 | 22201177/15.11.2022 | 75,820 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 47,3,40 എന്നിവയിൽ ഗതാഗതത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 17 | 22201223/25.11.23 | 10,464 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 4 ൽ ഗതാഗതത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 18 | 22201227/29.11.22 | 45,094 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 26 ൽ ഹെൽത്ത് & വെൽനസ് സെന്ററിന്റെ പ്രവർത്തനത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 19 | 22201572/30.01.23 | 32,437 | അസി .എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് നഗരസഭയിലെ വാർഡ് 22 ൽ അംഗനവാടി മുതൽ കുട്ടുത്തുങ്കൽ വീട് വരെ ഫൂട്ട്പാത്ത് നിർമ്മാണത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റുകൾമാറ്റി സ്ഥാപിക്കുന്നതിന് അടവാക്കിയ തുക<br>-പ്രവൃത്തിയുടെ പൂർത്തീകരണ വിവരം , റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| | ആകെ | 5,27,498 | |

**1-51-3 പൈപ്പ് ലൈൻ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക - പൂർത്തീകര വിവരം ലഭ്യമാക്കിയില്ല.**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22200689/13.09.22 | 1,46,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി എടപ്പാളിന് 46-ാം വാർഡിലെ പൈപ്പ് ലൈൻ റിപ്പയർ ചെയ്യുന്നതിന് നൽകിയ തുക<br>- തുക അടവാക്കിയതിന്റെ രശീതി , പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ്, സ്ഥാപനവുമായി ചമച്ച ഉടമ്പടി, പ്രവ്യത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 2 | 22200177/17.05.22 | 2,31,000 | വാട്ടർ മീറ്ററോ കൺസ്യൂമർ നമ്പറോ ഇല്ലാത്ത അംഗനവാടികളുടെ കുടിവെള്ള കണക്ഷനുകൾ ക്രമപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയ തുക<br>- കേരള വാട്ടർ അതോറിറ്റിയിലേക്ക് ആർക്ക് നൽകിയെന്ന് വ്യക്തമല്ല. സ്ഥാപനവുമായി ഉടമ്പടിവെച്ചതിന്റെ വിവരം,വാട്ടർ മീറ്ററോ കൺസ്യൂമർ നമ്പറോ ഇല്ലാത്ത അംഗനവാടികളുടെ കുടിവെള്ള കണക്ഷനുകൾ ക്രമപ്പെടുത്തിയന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടുമില്ല. |
| 3 | 22200323/16.06.22 | 54,000 | നാലാം വാർഡിൽ വെള്ളീരി സ്കൂൾ റോഡിലെ വെള്ളകെട്ട് ഒഴിവാക്കുന്നതിന് കാന നിർമ്മാണം നടത്തുന്നതിന് കേരള വാട്ടർ അഥോറിറ്റിയുടെ മെയിൻ സപ്ലൈ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അസി. എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി,പൊന്നാനിക്ക് നൽകിയ തുക<br>-പ്രവ്യത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| | ആകെ | 4,31,000 | |

## 1-51-4 പരസ്യചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി)നം.288/14/ഐ &പി ആർ ഡി തീ.10.09.14 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ ഓഡിറ്റ് വർഷം നൽകിയ ചുവടെ ചേർത്തിരിക്കുന്ന ബില്ലുകളിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച് നൽകുകയാണുണ്ടായത്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200098/28.04.22 | 6678 | ആർ ഒ നം. & തീയ്യതി - 21295179/07.02.22 ,മാതൃഭൂമി പത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക. |
| 2 | 22200208/20.05.22 | 8904 | ആർ ഒ നം. & തീയ്യതി - H1-4968/22 തീ.26.03.22 ,മാതൃഭൂമി പത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക. |
| 3 | 22200505/22.07.22 | 11,760 | ആർ ഒ നം. & തീയ്യതി - 21318027 തീ.17.05.22 ,മാതൃഭൂമി പത്രത്തിന് പത്ര പരസ്യം ഇനത്തിൽ നൽകിയ ഇനത്തിൽ നൽകിയ തുക. |
| | ആകെ | 27,342 | |

മേൽ പത്രസ്ഥാപനത്തിൽ നിന്നും നിയമാനുസൃത കിഴിവ് ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-52 മെറിട്ടോറിയസ് സ്കോളർഷിപ്പ് അധികം നൽകി

| | |
|---|---|
| പ്രോജക്ട് | മെറിട്ടോറിയസ് സ്കോളർഷിപ്പ് (252/23) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

| | |
|---|---|
| അടങ്കൽ/ഫണ്ട് | 20,75,000 /വികസനഫണ്ട് |
| ചെലവ് | 20,60,000 |

സർക്കാർ ഉത്തരവ് (കൈ നമ്പർ 115/2022/ ത.സ്വ.ഭ.വ28.5.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം കേന്ദ്ര/ സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാ തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷങ്ങളിലും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഇത് പ്രകാരം എഞ്ചിനിയറിംഗ് മറ്റ് പ്രഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 25,000/- രൂപയും പ്ലസ്ടുവിന് ശേഷമുള്ള മറ്റ് അംഗീകൃത കോഴ്സുകൾക്ക് 15000/- രൂപയും നൽകാവുന്നതാണ്.എന്നാൽ നഗരസഭ ചില വിദ്യാത്ഥികൾക്ക് ഉത്തരവിൽ അനുവദിച്ചതിനേക്കാൾ അധികം സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.വിശദ വിവരം താഴെ .

| വിദ്യാത്ഥി | പഠിക്കുന്ന കോഴ്സ് | ബിൽ നമ്പർ | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| അമൽ പി.അശോക് | BA.LLB<br>ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്<br>ആലുവ | 46/14.2.24 | 30,000 | 25,000 | 5000 |
| അനന്യ ബാബു.പി | ജെനറൽ നേഴ്സിങ്ങ് & മിഡ് വൈഫറി<br>എസ്.ബി കോളേജ് | 42/24.2.23 | 20,000 | 15000 | 5000 |
| | | | | ആകെ | 10,000 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/10.2.24 ന് നൽകിയ മറുപടിയിൽ ക്രമ നംമ്പർ 1 പ്രകാരമുള്ള അധിക തുക ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ക്രമ നംമ്പർ 2 സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിൽ പഠിക്കുന്ന കോഴ്സ് തെറ്റായി രേഖപ്പെടുത്തിയിരുന്നതാണ് എന്നും അറിയിച്ചു .ഭാവിയിൽ സ്കോളർഷിപ്പ് നൽകുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-53 മുനിസിപ്പൽ റഗുലർ ജീവനക്കാർക്ക് പെൻഷൻ ഫണ്ട് - അപാകതകൾ പരിഹരിക്കേണ്ടതാണ്.

1996-ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9ാം ചട്ടത്തിലെ( 3) , (4) ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചതിന്റെ വിവരം, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നാളിതുവരെ നഗരസഭക്ക് ലഭിക്കുവാനുള്ള തുക, ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ,1997 ലെ കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ലോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ലോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 22/22-23/12.02.24)മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട് ട്രഷറി സേവിംഗ്സ് ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കി ആയത് വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ നഗരസഭയിലെ റഗുലർ ജീവനക്കാരുടെ കാര്യത്തിൽ അപ്രകാരം ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ ആനുകല്യങ്ങൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നാണ് അനുവദിക്കേണ്ടത് എന്നിരിക്കെ, തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള പക്ഷം നാളിതുവരെ തനത്ഫണ്ടിൽ നിന്നും വിരമിച്ച റഗുലർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ തുകയുടെ മുഴുവൻ തുകയുടേയും

വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കുവാനും ഓഡിറ്റ് എൻക്വയറികയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇതിൽ നിന്നും ഈ ഇനത്തിൽ നഗരസഭക്കുണ്ടായ അധിക ബാധ്യത എത്രയാണെന്ന് കൂടി നഗരസഭക്ക് വ്യക്തതയില്ലെന്ന് ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച് കൃത്യമായ വിവരം നഗരസഭയിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ആക്ഷേപമുള്ള പക്ഷം നഗരസഭ ഡയറക്ടറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതും ലഭിക്കാനുള്ള ഫണ്ടിന്റെ വിവരം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-54 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വൗച്ചർ നം. 22200604/06.08.2022 പ്രകാരം 44,130 രൂപ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ഇനത്തിൽ മേപ്പറമ്പ് ട്രേഡേഴ്സ് പൊന്നാനി എന്ന സ്ഥാപനത്തിന് സെക്രട്ടറി തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മേൽ ചെലവ് സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡറ്റ് എൻക്വയറി(നം.23/12.02.24)യിലൂടെ ആവശ്യപ്പെടുകയുണ്ടായി.

1) നഗരസഭയിലെ ഏത് ഹൈമാസ്റ്റ് ലൈറ്റാണ് റിപ്പയർ ചെയ്തതെന്നെ വിവരം,പ്രസ്തുത ഹൈമാസ്റ്റ് ലൈറ്റ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം .

2)പ്രസ്തുത ഹൈമാസ്റ്റ് ലൈറ്റ് സബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ( സ്ഥാപിച്ച വർഷം ,വാറണ്ടി സംബന്ധിച്ച വിവരം തുടങ്ങിയവ )

3)ഹൈമാസ്റ്റ് ലൈറ്റിന്റെ റിപ്പയർ സംബന്ധിച്ചും പ്രവൃത്തി നിർവ്വഹിച്ചതു സംബന്ധിച്ചും നഗരസഭയിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിവരം.
ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ പ്രൈവറ്റ് ബസ്സ്റ്റാന്റിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റാണ് റിപ്പയർ ചെയ്തതെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ബോധിപ്പിച്ചു.എന്നാൽ മറ്റു വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഹൈമാസ്റ്റ് ലൈറ്റ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു. അപാകതകൾ പരിഹരിക്കേണ്ടതും വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-55 അഗതി രഹിത കേരളം പദ്ധതി - അവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ പഞ്ചാബ് നാഷണൽ ബാങ്ക്,ചന്തപ്പടി അക്കൗണ്ടിൽ (നം. 4340000100106544)31.03.2023 ന് 61,393 രൂപയാണ് നീക്കിയിരിപ്പുള്ളത്. 2019 ഫെബ്രുവരിയിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതി അടങ്കൽ താഴെ പറയും പ്രകാരമാണ്.

ചലഞ്ച് ഫണ്ട്- 30,89,990 രൂപ

പ്ലാൻ ഫണ്ട് - 1,81,30,000 രൂപ

സ്പോൺഷർഷിപ്പ് - 6,96,000 രൂപ

**ആകെ - 2,19,15,990 രൂപ**

ആശ്രയ പദ്ധതി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 18,80,500 രൂപയാണ്(ഇതേ അക്കൗണ്ടിൽ ) പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളത്. കൂടാതെ ചലഞ്ച് ഫണ്ട് 2,06,407 രൂപ പ്രഥമ ഗഡുവും (02.06.22 ന്) ലഭിക്കുകയുണ്ടായി. പ്ലാൻഫണ്ട് നാളിതുവരെയും അനുവദിച്ചിട്ടില്ല. സ്പോൺഷർഷിപ്പും ലഭിക്കുകയുണ്ടായില്ല.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ ,ആവശ്യക്കാരുടെ എണ്ണം തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വിദ്യാഭ്യാസ സഹായം | 5 പേർക്ക് |
| ഭക്ഷണം ആവശ്യമുള്ളവർ | 163 പേർക്ക് |
| ചികിത്സ ആവശ്യമുള്ളവർ | 153 പേർക്ക് |

വീട് , വീട് റിപ്പയർ മറ്റാവശ്യങ്ങൾ എന്നിവ ഡി പി ആർ പ്രകാരം കാണുന്നില്ല.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ 2022 ജനവരി ,ഫെബ്രുവരി,മാർച്ച് 2021 നവംബർ,ഡിസംബർ മാസങ്ങളിൽ മാത്രമാണ് ഭക്ഷ്യകിറ്റുകൾ ലഭ്യമായത്. അതിനും പുറമെ വിദ്യാഭ്യാസ കിറ്റിന് 2000 രൂപയുമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി നഗരസഭ പ്രദേശത്തെ അലോപ്പതി/ *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയതൊഴിച്ചാൽ മറ്റു നടപടികളൊന്നുമുണ്ടായിട്ടില്ല. ഗുണഭോക്താകൾക്ക് ചികിത്സ സൗകര്യം ലഭ്യമാകുന്നതായി വിവരമില്ല.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയതായി കാണുന്നില്ല. നിലവിൽ പദ്ധതിയിലുൾപ്പെട്ട 11 ഗുണഭോക്താക്കൾ, അതിദരിദ്രരുടെ ഭക്ഷ്യകിറ്റ് ആവശ്യമുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അവരെ പദ്ധതിയിൽ നിന്നും നീക്കം ചെയ്തതായും വിവരമില്ല.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 74/22-23 /13.02.24 – മറുപടി ലഭ്യമാക്കിയില്ല.)

## 1-56 ആർ ഒ പ്ലാന്റ് പ്രവർത്തന സജ്ജമാക്കൽ - വിശദവിവരം ലഭ്യമാക്കിയില്ല.

നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള ആർ ഒ പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനായി ക്വാട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത അക്വാ മാക്സ് വാട്ടർ ഫിൽട്ടർ കമ്പനി തൃശ്ശൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത (23.01.2021 മുതൽ ഒരു വർഷത്തേക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് 1,27,000രൂപ) സ്ഥാപനവുമായി 23.01.2021 സെക്രട്ടറി ഒപ്പുവെച്ച ഉടമ്പടി പ്രകാരം 50% തുക 63,500 രൂപ (വൗച്ചർ നം.22200635/ 12.08.2022 )തനത് ഫണ്ടിൽ നിന്നും സെക്രട്ടറി സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ഒരു പ്രവൃത്തിയും ചെയ്തിട്ടില്ലായെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും ,ആർ ഒ പ്ലാന്റ് നേരിൽ സന്ദർശിച്ചതിൽ നിന്നും ബോധ്യമായി . പിന്നീട് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. തുക അനുവദിച്ചിട്ടും ആർ ഒ പ്ലാന്റ് പ്രവർത്തന സജ്ജമല്ലാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.25/22-23/12.02.24) മറുപടി ലഭ്യമാക്കിയില്ല.അടവാക്കിയ തുക സ്ഥാപനത്തിൽ നിന്നും തിരികെ ലഭ്യമാക്കുകയോ പ്ലാന്റ് പ്രവർത്തനസജ്ജമാക്കുകയോ ചെയ്യേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .അതുവരെയും ഈ ഇനത്തിൽ ചെലവഴിച്ച തുക 63,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-57 സെക്രട്ടറിയുടെ ശമ്പളം തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

1994ലെ കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിൻ പ്രകാരം 2022-23 വർഷത്തിൽ 07.03.2022 മുതൽ 31.08.2022 വരെ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.അരുൺ കെ.എസ്, അതിനുശേഷം സെക്രട്ടറിയായിരുന്ന ശ്രീ. സജിറൂൺ എസ് ന്റെയും (02.09.22 മുതൽ) ട്രഷറിയിൽ നിന്നും പിൻവലിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തനതു ഫണ്ടിൽ നിന്നുംസർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 26/22-23/12.02.24) നൽകിയ മറുപടിയിൽ തുക സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടില്ല എന്നും ആയത് തിരിച്ചടവാക്കി വിവരമറിയിക്കുന്നതാണെന്നും അറിയിച്ചു. നാളിതുവരെ ഈ ഇനത്തിൽ അടവാക്കേണ്ട മുഴുവൻ തുകയും അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-58 തെരുവ് വിളക്ക് പരിപാലനം; വിശദവിവരം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 23,70,380 രൂപ ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിൽ കാണുന്നു.

എന്നാൽ നഗരസഭയിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ / രേഖകൾ എന്നിവ പരിപാലിക്കുന്നതായി കാണുന്നില്ല. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾപ്പെട്ടതാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ.

അതോടപ്പം ,നഗരസഭയിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവയും ലഭ്യമല്ല.അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 45/22-23/ 25.01.2023)മറുപടിയിൽ നിലവിലുള്ള ലൈറ്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുന്നതിനായും, ആകെയുള്ള സ്ട്രീറ്റ്മെയിന്റെ നീളം ലഭ്യമാകുന്നതിനായും കെ എസ് ഇ ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിവരം ലഭ്യമായാലുടൻ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു.

തെരുവ് വിളക്കുകൾ സംബന്ധിച്ച് മേൽ പരാമർശിച്ച രേഖകൾ സൂക്ഷിക്കാത്തതിനാൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ടാകുന്നുണ്ട്.

1)തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണി, പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നിവയ്ക്ക്

പ്രതിവർഷം നഗരസഭ വൻതുക ചെലവഴിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ആവശ്യമായ തുക തന്നെയാണോ ഒടുക്ക് വരുത്തുന്നത് എന്ന് കണ്ടെത്താൻ സാധിക്കുന്നില്ല.

2)സ്ഥാപിക്കപ്പെടുന്ന തെരുവ് വിളക്കുകൾ ഗ്യാരണ്ടി / വാറണ്ടി കാലയളവ് അവസാനിക്കുന്നതിന് മുമ്പ് കേടാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അതുവഴി നഗരസഭക്ക് അർഹമായ സേവനം നേടുന്നതിനും സാധിക്കുന്നില്ല.

3)ഹൈമാസ്റ്റ്, മിനിമാസ്റ്റ്, മറ്റ് തെരുവ് വിളക്ക് മീറ്ററുകൾ എന്നിവയുടെ വ്യക്തമായ വിവരം സൂക്ഷിക്കാത്തതിനാൽ ഇവയുടെ വൈദ്യുതി ബില്ലുകൾ യഥാസമയം ഒടുക്ക് വരുത്തുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതുവഴി മേൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള പാഴ്ചെലവുകൾ , വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്ക് വരുത്താത്തതിനാലുള്ള പിഴ എന്നിവ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-59 'വാട്ടർ കണക്ഷന് സബ്സിഡി നൽകൽ ' – ക്രമവിരുദ്ധമായി തുക ചെലവഴിച്ചു.

2021-22 വർഷത്തെ 'വാട്ടർ കണക്ഷന് സബ്സിഡി നൽകൽ 'പദ്ധതിയ്ക്കായുള്ള ഗ്രാന്റ് തുക 4,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 31.03.2022 ന് പിൻവലിച്ച് നഗരസഭയുടെ തനത്ഫണ്ട് അക്കൗണ്ടിൽ സെക്രട്ടറി നിക്ഷേപിച്ചിട്ടുണ്ട്.പിന്നിട് വൗച്ചർ നം.22200038/06.04.2022 പ്രകാരം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 80 ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം അക്കൗണ്ടിലേക്ക് നൽകിയതായി അറിയിച്ചു. പ്രസ്തുത നടപടികളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)ഒരു സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കണമെന്നിരിക്കെ 2021-22 വർഷത്തിൽ നഗരസഭക്ക് അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്നും 4,00,000 രൂപ സർക്കാരിന്റെ അനുമതി ഇല്ലാതെ പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചു.
2)പുതുവർഷത്തിൽ പദ്ധതിക്ക് സ്പിൽ ഓവറായി അംഗീകാരം നേടാതെ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചു.

3)പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

4)2021-22 വർഷത്തിൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം വാട്ടർ കണക്ഷൻ ലഭ്യമായത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്കാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബസിഡി തുക അനുവദിക്കേണ്ടത് എന്നാൽ മേൽ 80 ഗുണഭോക്താക്കൾക്കും വാട്ടർ കണക്ഷൻ ലഭ്യമായത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തിയോ എന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 28/22-23/12.02.24) ഗുണഭോക്താക്കളുടെ പട്ടിക പരിശോധനക്ക് ലഭ്യമാക്കി. പോയവർഷം പി എഫ് എം എസ് സൈറ്റ് സ്ളോ ആയതിനാൽ പുതിയ അക്കൗണ്ടുകൾ മാപ്പുചെയ്ത് ബാങ്കിൽ നിന്നും കൺഫർമേഷൻ ലഭിക്കുന്നതിനും സാങ്കേതികമായി സാധിക്കാത്തതിനാൽ തുക ലാപ്സാകാതിരിക്കാനാണ് അപ്രകാരം ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കി.
എന്നാൽ, ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭ്യമായത് സംബന്ധിച്ചും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ എത്തി എന്നത് സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല.രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവുതുക 4,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
ഒരു സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കാതെയും പദ്ധതിക്ക് പുതുവർഷത്തിൽ സ്പിൽ ഓവറായി അംഗികാരം നേടാതെയും തുക നൽകിയതും തീർത്തും ക്രമവിരുദ്ധമായ നടപടികളാണ്.പ്രോജക്റ്റ് നടത്തിപ്പിലും ധനവിനിയോഗത്തിലും സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 1-60 ടെക്നിക്കൽ സർവ്വീസിന് 2% ഇൻകം ടാക്സ് ടി ഡി എസ് ഈടാക്കിയില്ല.

നഗരസഭ ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ അവസാന ബിൽ അനുവദിക്കുന്ന വേളയിൽ ഇൻകം ടാക്സ് ടി ഡി എസ് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**1)പ്രോജക്റ്റ് നം. 406/23**

ഖരമാലിന്യ സംസ്കരണത്തിന് ഡി പി ആർ തയ്യാറാക്കൽ

വിനിയോഗിച്ച തുക – 2,54,124 (കേന്ദ്രാവിഷ്കൃത ഫണ്ട്)

വൗച്ചർ നം. 22201986/25.03.23 – 2,54,124 രൂപ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ
ഖരമാലിന്യ സംസ്കരണത്തിന് 'വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ' തയ്യാറാക്കുന്നതിന് Tide Technocrats Pvt.Ltd. ബാംഗ്ലൂർ എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുള്ളത്.

(ഓഡിറ്റി എൻക്വയറി നം. 30/22-23/12.02,24 – എൻക്വയറിയിലെ മറ്റു പരാമർശങ്ങൾക്ക് രേഖകൾ ലഭ്യമാക്കി)
**2)പ്രോജക്റ്റ് നം. 43/23**

ഹരിത സഹായസ്ഥാപനത്തിന് തുക അനുവദിക്കൽ പദ്ധതി(സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 2,29,060 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം. 22201901/16.03.23 – 2,29,060 രൂപ

**3)പ്രോജക്റ്റ് നം. 405/23**

ഹരിത സഹായസ്ഥാപനത്തിന് തുക അനുവദിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 4,00,855 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം. 22201991/22.03.23 – 1,71,795 രൂപ

വൗച്ചർ നം. 22200600/06.08.22 – 1,71,795 രൂപ

വൗച്ചർ നം. 22201897/30.03.23 – 57,265 രൂപ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ, പൊന്നാനി നഗരസഭ

ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഇൻറർ ഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ,മുണ്ടൂർ, പാലക്കാടിന് പ്രതിമാസം 57,265 രൂപ നിരക്കിൽ മേൽ പദ്ധതികൾ പ്രകാരം ആകെ 6,29,915 രൂപ നൽകിയിട്ടുണ്ട്.

ഐ ടി ആക്റ്റ് 1961 സെക്ഷൻ 194 J പ്രകാരം മേൽ സാങ്കേതിക സഹായത്തിന് 2% ടി ഡി എസ് ഈടാക്കുവാൻ നിഷ്കർഷിച്ചിട്ടുള്ളതാണെങ്കിലും ക്രമ നമ്പർ (1)(2)(3) എന്നിവയുടെ അവസാന ബിൽ അനുവദിച്ച വേളയിൽ ആയതും പാലിച്ചിട്ടില്ല.തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.
(ഓഡിറ്റി എൻക്വയറി നം. 58/22-23/12.02,24 – എൻക്വയറിയിലെ മറ്റു പരാമർശങ്ങൾക്ക് രേഖകൾ ലഭ്യമാക്കി)

## 1-61 സെക്രട്ടറിക്ക് വീട്ടുവാടക ബത്ത അനുവദിച്ചത് – തുക തിരികെ ഈടാക്കി വിവരമറിക്കേണ്ടതാണ്.

ധന(ചട്ടങ്ങൾ ) വകുപ്പിന്റെ 12.02.04 ലെ സർക്കുലർ നം. 12/04 ,ധന വകുപ്പിന്റെ 26.02.92 ലെ (പി )218/92 ഉത്തരവ് എന്നിവ പ്രകാരം സർക്കാർ വക ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ്, ടൂറിസ്റ്റ് ബംഗ്ലാവ് തുടങ്ങിയവയിൽ സൗജന്യ നിരക്കിൽ ഒരു മാസത്തിൽ 15 ദിനത്തിൽ കൂടുതൽ ഉപയോഗിച്ചാൽ പ്രസ്തുത ഉദ്യോഗസ്ഥന് വീട്ടുവാടക ബത്തക്ക് അർഹനല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി ശ്രീ.അരുൺ കെ എസ് ന് നഗരസഭ(2022-23 വർഷത്തിൽ 07.03.22 മുതൽ 31.08.22 വരെ ടിയാൻ നഗരസഭ സെക്രട്ടറിയായിരുന്നകാലം) പ്രതിമാസം 11,000 രൂപ നിരക്കിൽ ക്വാർട്ടേഴ്സ് റെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും ടിയാനിൽ നിന്നും വീട്ടു വാടക ബത്ത കുറവുചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും ശമ്പളത്തിനോടൊപ്പം അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വൗച്ചർനം./തീയ്യതി | അനുവദിച്ച റൂം വാടക | അനുവദിച്ച വീട്ടു വാടക ബത്ത (സ്പാർക്കിൽ നിന്നുള്ള സാലറി ഡ്രോൺ സ്റ്റേറ്റുമെന്റ് പ്രകാരം) |
|---|---|---|---|
| 1 | 22200068/19.04.22 | 11,000 (മാർച്ച് 2022 ) | 3390 |
| 2 | 22200164/09.05.22 | 11,000 (ഏപ്രിൽ 2022 ) | 3390 |
| 3 | 22200258/07.06.22 | 11,000 (മെയ് 2022 ) | 3390 |
| 4 | 22200429/06.07.22 | 11,000 (ജൂൺ 2022 ) | 3390 |

| | | | |
|---|---|---|---|
| 5 | 22200566/04.08.22 | 11,000 (ജൂലൈ 2022 ) | 3390 |
| 6 | 22200719/04.08.22 | 11,000 (ആഗസ്റ്റ് 2022 ) | 3390 |
| | **ആകെ** | | **20,340** |

ടിയാനിൽ നിന്നും വീട്ടു വാടക ബത്ത കുറവുചെയ്യാതെ മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് / മേൽ തുക തിരികെ അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 63/2022-23/13.02.24) തുക തിരികെ ഈടാക്കി വിവരമറിയിക്കുന്നതാണെന്ന് അറിയിച്ചു. തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-62 കുടിവെള്ള വിതരണപദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം.24/23

കുടിവെള്ള വിതരണപദ്ധതി

വിനിയോഗിച്ച തുക – 10,35,450 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് )

വൗച്ചർ നം. 2220459/08.07.2022 (10,04,385 രൂപ )

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

പൊന്നാനി നഗരസഭ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തിൽ തടസ്സം നേരിട്ട, അടിയന്തിര സാഹചര്യത്തിലും കുടിവെള്ള വിതരണം മുടങ്ങുമെന്നത് സംബന്ധിച്ച എക്സിക്യൂട്ടിവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയുടെ കത്ത് പരിഗണിച്ചും ടെണ്ടർ കൂടാതെ, മുൻവർഷത്തിൽ കുടിവെള്ള വിതരണം നടത്തിയ പി വി രാജു പണ്ടാരവളപ്പിൽ പടിഞ്ഞാറെക്കര പുറത്തൂർ എന്ന വ്യക്തിമുഖേന മുൻവർഷത്തെ അതേ നിരക്കില്(ലിറ്ററിന് 0.39 രൂപ ) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.03.2022 മുതൽ 16.04.2022 വരെ കുടിവെള്ള വിതരണം നടത്തിയതിന് 10,35,450 രൂപ ( 26,55,000 Liter X 0.39)(1% ഐ ടി ,എസ് ജി എസ് ടി ,ടി ജി എസ് ടി എന്നിവ കുറച്ച് 10,04,385 രൂപ)അനുവദിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് .അടിയന്തിര സാഹചര്യം പരിഗണിച്ച് വാഹനത്തിൽ ജി പി എസ് ഘടിപ്പിക്കാതെയാണ് കുടിവെള്ളം വിതരണം നടത്തിയതെന്ന് ഫയലിലുണ്ട്.
കുടിവെള്ളവിതരണം സംബന്ധിച്ച സ.ഉ(സാധാ)നം.652/2022/ തസ്വഭവ തീ. 16.03.2022 ഉത്തരവിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിർദ്ദേശമുണ്ട് .എന്നാൽ കുടിവെള്ളം എവിടെ നിന്ന് ലഭ്യമാക്കി എന്നതു സംബന്ധിച്ച ഒരു രേഖയും ഫയലിൽ കാണുന്നില്ല. കൂടാതെ, കരാറുകാരനുമായി ഉടമ്പടിവെച്ചതിന്റെ രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.58/22-23/12.02.24) മേൽ വസ്തുതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-63 ഖരമാലിന്യ സംസ്കരണം -റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിക്കൽ പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 202 /23

ഖരമാലിന്യ സംസ്കരണം -റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ ,പൊന്നാനി നഗരസഭ

| **അടങ്കൽ തുക** | **1,87,60,000 രൂപ** |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 59,47,920 രൂപ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 65,66,000 രൂപ |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 43,71,080 രൂപ |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 18,75,000 രൂപ |

| **വിനിയോഗിച്ച തുക** | **32,19,120 രൂപ** |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,33,846 രൂപ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 12,02,646 രൂപ |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 8,82,628 രൂ |

| **വൗച്ചർ നം/തീയ്യതി** | **തുക** |
|---|---|

| | |
|---|---|
| 22202006/23.03.23 | 3,68,200 രൂപ |
| 22202000/23.03.23 | 2,45,116 രൂപ |
| 22202005/22.03.23 | 3,33,484 രൂപ |
| 22202113/31.03.23 | 2,11,250 രൂപ |
| 22202112/31.03.23 | 34,076 രൂപ |
| 22202111/31.03.23 | 1,33,394 രൂപ |
| 22202003/24.03.23 | 3,33,484 രൂപ |
| 22202002/24.03.23 | 2,45,116രൂപ |
| 22202004/24.03.23 | 3,68,200രൂപ |
| 22202095/30.03.23 | 3,68,200രൂപ |
| 22202096/30.03.23 | 2,45,116രൂപ |
| 22202094/30.03.23 | 3,33,484രൂപ |
| **ആകെ** | **32,19,120 രൂപ** |

ശുചിത്വമിഷൻ എം പാനൽ ചെയ്തിട്ടുള്ള ഏജൻസിയായ റെയ്ഡ്കോ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഇ ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്തതിനാലാണ്(2104 രൂപ) സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്.1700 എണ്ണം റിംഗ് കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)10% ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) കൂടി ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത് . 1700 ഗുണഭോക്താക്കളിൽ നിന്നും 2104 രൂപ നിരക്കിൽ 35,76,800 രൂപയാണ് സ്ഥാപനത്തിന് നൽകുവാനുള്ളത്. 32,19,120 രൂപ മേൽ വൗച്ചറുകൾ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട് നൽകാൻ അവശേഷിക്കുന്നത് 3,57,680 രൂപയാണ്(35,76,800- 32,19,120).കൂടാതെ 1700 ഗുണഭോക്താക്കളിൽ നിന്നും 375 രൂപ നിരക്കിൽ 6,37,500 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത് നഗരസഭ തനത്ഫണ്ടിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കി. ഗുണഭോക്തൃ വിഹിതം യൂനിറ്റ് കോസ്റ്റിന്റെ 10% (201.40 രൂപ) പിരിച്ചെടുത്താൽ മതി എന്നിരിക്കെ (3,42,380 രൂപ) ഇപ്രകാരം ചെയ്തിട്ടുണ്ട്.
സ്ഥാപനത്തിന് നൽകുവാൻ അവശേഷിക്കുന്നത് 3,57,680 രൂപയാണ് എന്നതിനാലും, ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ അവശേഷിക്കുന്ന 2,79,820 രൂപ (6,37,500 – 3,57,680) ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകി വിവരമറിയിക്കേണ്ടതാണ്.

2)സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തീയ്യതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യസംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്. എന്നാൽ ജില്ലാ ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

3)സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 തീയ്യതി. 24.07.2019 സ്റ്റാമ്പ് ഷെഡ്യൂൾ (5 F) പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 1,000/- രൂപക്ക് 1 രൂപ മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത പദ്ധതിക്കായി 100 രൂപയുടെ കരാർ പത്രികയാണ് തയ്യാറാക്കിയിട്ടുള്ളത്. (ഈ പദ്ധതിയുടെ അടങ്കൽ തുകയുടെ മൂല്യം = ₹18,760-).

4) പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/22-23/12.02.24) രേഖകൾ പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ അപാകതകൾക്ക് വ്യക്തമായ മറുപടി നൽകിയില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ സ്ഥാപനത്തിന് നൽകാനുള്ള തുക അനുവദിച്ചതിന് ശേഷം അവശേഷിക്കുന്ന 2,79,820 രൂപ (6,37,500 – 3,57,680) ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ അടവാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1–64 മുൻകൂറുകൾ ക്രമീകരിച്ചില്ല.

സെക്രട്ടറി തനത്ഫണ്ടിൽ നിന്നു അനുവദിച്ച താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം/ചെലവ് രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| വൗച്ചർ നം./തീയ്യതി | തുക | റിമാർകസ് |
|---|---|---|

| | | |
|---|---|---|
| 22200357/22.06.2022 | 45,000 | മനോജ് പി ഡബ്ള്യു ഒ ക്ക് ഹൈഡ്രോളിക് ഗ്രാഫിക് സെന്റർ ആരംഭിക്കുന്നതിന് കെട്ടിടത്തിന്റെ അറ്റകുറ്റപണിക്കായി നൽകിയ തുക |
| 22200442 / 07.07.2022 | 50,000 | സുജിത്ത് ഗോപിനാഥ് ,നഗരസഭ എഞ്ചിനീയർക്ക് മാതൃശിശു ആശുപത്രിയിൽ എക്സ് റേ മെഷീൻ റൂമിൽ നിലവിലുള്ള വുഡൻ ഫ്ലോറിംഗ് മാറ്റി സെറാമിക് ഫ്ലോറിംഗ് ആക്കുന്നതിന് നൽകിയ തുക |
| 22200565/26.07.2022 | 50,000 | സുജിത്ത് ഗോപിനാഥ് ,നഗരസഭ എഞ്ചിനീയർക്ക് സി ഡി എസ് I,II ഓഫീസുകളുടെ ഭൗതീക സൗകര്യം മെച്ചപ്പെടുത്തുന്നതിന് മുൻകൂർ നൽകിയ തുക |
| 22201219 /24.11.22 | 50,000 | മോഹനൻ ജെ എച്ച് ഐ , കേരളോൽസവം മുൻകൂർ നൽകിയ തുക |
| 22201350/ 16.12.2022 | 70,000 | അനിരുദ്ധൻ ഓവർസീയർക്ക് നഗരസഭയിൽ ജംഗാർ ബോട്ടു സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടി ജെട്ടിയിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നൽകിയ തുക |
| 22201544/ 24.01.2023 | 1,00,000 | അനിരുദ്ധൻ ഓവർസീയർക്ക് നഗരസഭയിൽ ജംഗാർ ബോട്ടു സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടി ജെട്ടിയിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പണി അടിയന്തിരമായി പൂർത്തീകരിക്കുന്നത് നൽകിയ തുക |
| 22201552/ 25.01.2023 | 50,000 | മോഹനൻ ജെ എച്ച് ഐ , കേരളോൽസവം മുൻകൂർ നൽകിയ തുക |
| 22201396/ 29.12.2022 | 50,000 | ബീയ്യം നഗരാരോഗ്യകേന്ദ്രത്തിന്റെ കെട്ടിടം പെയിന്റിംഗ് ,മറ്റു പ്രവൃത്തികൾ മുൻകൂർ അനിരുദ്ധൻ ഓവർസീയർ |
| 22201737/22.02.23 | 10,000 | രഘു പി ,നഗരസഭ എഞ്ചിനീയർക്ക് പ്ലാറ്റിന ബൈക്കിന്റെ ഫിറ്റ്നസ് പുതുക്കുന്നതിന് നൽകിയ മുൻകൂർ തുക<br>- ഫിറ്റ്നസ് പുതുക്കിയതിന്റെ രേഖ ലഭ്യമാക്കിയില്ല. |
| 22201787/28.02.23 | 50,000 | അനിരുദ്ധൻ ഓവർസീയർക്ക് 5-ാം വാർഡ് പൊതുശ്മശാമത്തിലേക്ക് ഇലക്ട്രിക്കൽ പ്ലംബിംഗ് ,വാട്ടർ കണക്ഷൻ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക |
| 22201948/ 20.03.23 | 10,000 | ജെ എച്ച് ഐ മുഹമ്മദ് ഹുസൈന് M C F ,R R F എന്നിവിടങ്ങളിൽ Fire Extinguisher കൾ സ്ഥാപിക്കുന്നത് നൽകിയ മുൻകൂർ തുക |
| **ആകെ** | **5,35,000** | |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം തുക വിനിയോഗിച്ച് മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും( നം. 57/22-23/12.02.24) മേൽ തുകകൾ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്. പ്രസ്തുത നടപടികൾ പൂർത്തികരിച്ച് വിവരം ലഭ്യമാക്കുന്നത് വരെ മേൽ ഇനങ്ങളിൽ ചെലവഴിച്ച തുക 5,35,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

**1-65 ക്ലീൻ കേരള കമ്പനിക്ക് തുക നൽകിയത് - TDS (GST TDS) ഈടാക്കിയില്ല.**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)പ്രോജക്റ്റ് നം. 425/23**

ക്ലീൻ കേരള കമ്പനിക്ക് തിരസ്കരണികൾ കൊണ്ടുപോകുന്നതിന് തുക വകയിരുത്തൽ പദ്ധതി

വിനിയോഗിച്ച തുക – 19,98,094രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. 22201823/ 02.03.23 – 1,10,448 രൂപ

വൗച്ചർ നം. 22201824/ 02.03.23 – 1,98,476 രൂപ

വൗച്ചർ നം. 22201825/ 02.03.23 – 5,33,478 രൂപ

വൗച്ചർ നം. 22201988/ 22.03.23 – 6,79,680 രൂപ

വൗച്ചർ നം. 22201989/ 22.03.23 – 1,57,648 രൂപ

വൗച്ചർ നം. 22202001/ 25.03.23 – 3,18,364 രൂപ

**2)പ്രോജക്റ്റ് നം. 44/23**

ക്ലീൻ കേരള കമ്പനിക്ക് തുക അനുവദിക്കൽ (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 1,01,362 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

BRN – 22150447002201264989/ 28.02.2023 - 1,01,362 രൂപ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

ക്ലീൻ കേരള കമ്പനിക്ക് റിജക്റ്റഡ് വേസ്റ്റുകൾ കയറ്റികൊണ്ടു പോയതിന് തുക അനുവദിക്കുയാണ് മേൽ പദ്ധതികൾ പ്രകാരം ചെയ്തിട്ടുള്ളത്. കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് തുക നിരക്കിലാണ് രണ്ടു പദ്ധതിപ്രകാരവും തുക അനുവദിച്ചിട്ടുള്ളത് .
ജി എസ് ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത് .സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷൻ നം. 50/2018 തീ.13.09.18 പ്രകാരം, സപ്ലൈ ചെയ്ത സാധനങ്ങളുടെ മൊത്തം മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികമാകുന്ന പക്ഷം നൽകിയ തുകയുടെ 2% TDS (GST TDS) ഈടാക്കി സർക്കാറിലേക്ക് അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നോട്ടിഫിക്കേഷന് 01.10.2018 മുതൽ പ്രബല്യമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രകാരം TDS ഈടാക്കി അടവാക്കിയിട്ടില്ല.

അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 72/22-13/13.02.24)ജി എസ് ടി (GST TDS) ഈടാക്കാത്തതിന് വ്യക്തമായ കാരണം ബോധിപ്പിക്കുകയുണ്ടായില്ല. അപാകതക്ക് വ്യക്തമായ കാരണം ബോധിപ്പിക്കേണ്ടതും ക്രമപ്രകാരം സ്ഥാപനത്തിൽ നിന്നും ജി എസ് ടി (GST TDS) ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-66 തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് – അപാകതകൾ

പ്രോജക്റ്റ് - S0053/23

ഫണ്ട് - CFC

ചെലവ് - **13,35,805**

Bill – 18150447000300127358/18.5.18 – 4,33,000

Voucher – 22202099/29.3.23 – 9,02,805

DAR 2016 (Cl – 37.25%)

കരാർ - 109/28.3.18

കരാറുകാരൻ - നിർമ്മിതി കേന്ദ്ര, മലപ്പുറം

അളവ് പുസ്തകം - 438/17-18

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തുമ്പൂർ മൊഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് വേണ്ടി 2022-23 വർഷം വരെ 13,35,805 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത ഈ പദ്ധതി പ്രകാരം നഗരസഭയിലെ പ്രധാനപ്പെട്ട ജനവാസ കേന്ദ്രങ്ങളിൽ തുമ്പൂർ മൊഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന് വേണ്ടി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 35,55,000 രൂപ വകയിരുത്തി. നിർമ്മിതി കേന്ദ്ര, മലപ്പുറത്തെയാണ്

പദ്ധതി നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചത്. സിവിൽ സ്റ്റേഷൻ, ഹാർബർ, ബീയ്യം കെട്ട് , കുണ്ടുകടവ് ജംഗ്ഷൻ, പള്ളപ്പുറം പാലത്തിന് അടിവശം, പൊന്നാനി നഗരസഭ, മാതൃ-ശിശു ആശുപത്രി എന്നീ 7 കേന്ദ്രങ്ങളിലാണ് പദ്ധതി പ്രകാരം പ്ളാന്റുകൾ സ്ഥാപിക്കുന്നത്. 7 കേന്ദ്രങ്ങളിലായി പ്ളാന്റുകൾ സ്ഥാപിക്കുന്നത് താഴെ പറയും പ്രകാരം 21,65,000 രൂപയുടെ എസ്റ്റിമേറ്റ് നിർമ്മിതി കേന്ദ്ര, മലപ്പുറം സമർപ്പിക്കുകയും 17.3.18 ലെ 3ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം നിർമ്മിതി കേന്ദ്രയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| Construction Of Thumboormozhi Biobin Shed | 7 | 215000 | 1505000 |
| Thumboormozhi Bins | 28 | 23230 | 650440 |
| Bio Enhancer For Thumboormozhi Compost | 7 | 920 | 6440 |
| | | L.S | 3120 |
| | | Total | 21,65,000 |

എസ്റ്റിമേറ്റ് പ്രകാരം ഒരു Thumboormozhi Biobin Shed ന് 4 Thumboormozhi ബിന്നുകളാണ് വേണ്ടത്. ലഭ്യമാക്കിയ ഫയൽ പ്രകാരം 4.1.19 ന് തുടങ്ങിയ പ്രവൃത്തി 20.2.21 ന് പൂർത്തിയായിട്ടുണ്ട്. എന്നാൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത് എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം (39/12.2.24) മുഖേന സ്ഥാപിച്ച കേന്ദ്രങ്ങളുടെ വിവരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 13.2.24 ന് നഗരസഭയിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. 7 കേന്ദ്രങ്ങളിലായി സ്ഥാപിക്കേണ്ട തുമ്പൂർ മൊഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ളാന്റുകൾ മുഴുവനായി 2 കേന്ദ്രങ്ങളിലായി സ്ഥാപിച്ചു. പ്ളാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് മാതൃ-ശിശു ആശുപത്രിയിലും പൊന്നാനി നഗരസഭയിലും മാത്രമാണ് എന്ന് ബോധ്യപ്പെട്ടു. മാതൃ-ശിശു ആശുപത്രിയിൽ 2 ബയോബിൻ ഷെഡുകളും 8 Thumboormozhi Bin കളും സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയിൽ 2 ബയോബിൻ ഷെഡുകളും 20 Thumboormozhi Bin കളും സ്ഥാപിച്ചിട്ടുണ്ട്. അളവ് പുസ്തക പ്രകാരം 18,26,415.80 രൂപയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപിച്ച തുമ്പൂർ മൊഴി മോഡൽ എയ്റോബിക് മാലിന്യ സംസ്കരണ പ്ളാന്റുകളിൽ താഴെ പറയുന്ന അപാകതകൾ കാരണം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

**2. Thumboormozhi Biobin Shed ന് അധിക നിരക്ക് നൽകി**

അളവ് പുസ്തകം ഇനം 7 പ്രകാരം Thumboormozhi Biobin Shed നിർമ്മിച്ചതിന് DAR Code 9.48.2 പ്രകാരമമുള്ള നിരക്ക് വച്ച് തുക അനുവദിച്ചിട്ടുണ്ട്. ഈ നിരക്ക് കെട്ടിടങ്ങളിൽ ജനലിന് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. MS റൗണ്ട് ബാർ, ഫ്ലാറ്റ് എന്നിവ ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്. എന്നാൽ പ്രവൃത്തിയിൽ എം.എസ് ഫ്ലാറ്റ്, 2 Mm Thickness വെൽഡഡ് മെഷ് എന്നിവ ഉപയോഗിച്ച് ഫ്രെയിം വർക്ക് ചെയ്യുക മാത്രമാണ്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമമുള്ള നിരക്കാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക താഴെ പറയുന്ന

അനുവദിച്ച തുക

1659.954 Kg X154.34/Kg = 2,56,197.30

അനുവദിക്കാവുന്ന തുക

1659.954 Kg X117.96/Kg = 1,95,808.17

അധികം നൽകിയ തുക – 60,389 (2,56,197.30 - 1,95,808.17)

3. ഷീറ്റ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

അളവ് പുസ്തകം ഇനം 9 പ്രകാരം മാതൃ ശിശു ആശുപത്രിയിൽ സ്ഥാപിച്ച ഷീറ്റ് (Precoated Galvanised Profile Sheet) പ്രവൃത്തികൾക്ക് 0.50 Mm ഷീറ്റിന് DAR Code 12.50 പ്രകാരമമുള്ള നിരക്ക് വച്ച് തുക അനുവദിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ മാതൃ-ശിശു ആശുപത്രിയിൽ 0..35 Mm ഷീറ്റ് ആണ് പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് 582.05/M2 ആണ്. (പ്രവൃത്തിയുടെ അധിക ഇനം 2 ൽ നഗരസഭയിൽ സ്ഥാപിച്ച ഷെഡിൽ ഇട്ടിട്ടുള്ളത് 0.35 Mm കനത്തിലുള്ള ഷീറ്റ് ആണ്. ഇതിന് അനുവദിച്ചിട്ടുള്ളത് 582.05/M2 ആണ്) . ഈ ഇനത്തിലെ അധിക ചെലവ് താഴെ പറയുന്ന

അനുവദിച്ച തുക

99.456 M2 X755.42/M2 = 75131.05

അനുവദിക്കാവുന്ന തുക

99.456 M2 X582.05 /M2 = 57888.36

അധികം നൽകിയ തുക – 17242.69 (75131.05 – 57888.36)

4. Bio Enhancer For Thumboormozhi Compost 6 എണ്ണം ചെയ്തതിന് 5520 രൂപ അനുവദിച്ചു. എന്നാൽ പ്രവൃത്തികളിൽ ഇത് കാണാൻ കഴിഞ്ഞില്ല.

5. പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

6.പ്രവൃത്തിയിൽ ചെയ്തിട്ടുള്ള 4 ബയോബിൻ ഷെഡുകൾക്കും 28 ബിന്നുകൾക്കും 6 ബയോ എൻഹാൻസറുകൾക്കും എസ്റ്റിമേറ്റ് പ്രകാരമമുള്ള തുക അനുവദിക്കുകയാണെങ്കിൽ തന്നെ 15,15,960 രൂപ ( Shed-8,60,000+ Bin-650440+ Bio Enhancer-5520) മാത്രമേ വരൂ. എന്നാൽ നിർമ്മിതി കേന്ദ്രയുടെ ഫൈനൽ ബിൽ പ്രകാരം 18,26,415.80 രൂപയുടെ മൂല്യനിർണ്ണയം രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/12.2.24) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം നൽകേണ്ടതും മേൽ പരാമർശിച്ച തുകകളല്ലാതെ നിർമ്മിതി കേന്ദ്ര, മലപ്പുറത്തിന് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും പ്രവൃത്തിയിൽ വിശദമായ പരിശോധന നടത്തി അധിക ചെലവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് നിർമ്മിതി കേന്ദ്രയിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ 7 കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടിയിരുന്ന യൂണിറ്റുകൾ 2 കേന്ദ്രങ്ങളിൽ സ്ഥാപിച്ചതിനാൽ ഇതിന്റെ പരിപാലനത്തിൽ വീഴ്ച സംഭവിക്കാതെ നോക്കുന്നതിന് നഗരസഭ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-67 വണ്ടിപ്പേട്ട റോഡ് കോൺക്രീറ്റിംഗ് – ആദായ നികുതി കുറവായി ഈടാക്കി– കരാറുകാരന് അധികം നൽകിയത് 6956 രൂപ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയി താഴെ പറയുന്ന പ്രവൃത്തിയിൽ ആദായ നികുതി കുറവായി ഈടാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക തുക കരാറുകാരന് നൽകി.

പ്രോജക്റ്റ് - S00180/23

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

Voucher-22201539 /18.1.23 – 695633

എം. ബുക്ക് - 125/22-23

കരാർ - 163/30.3.22

മൂല്യനിർണ്ണയം - 695633

കരാറുകാരൻ - Everest Builders (Company)

Cost Index -31.06% (DSoR 2016)

Esti. No.- 2021/80156

TS- 38386/4.10.21 –12,81,000

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി 2% ഈടാക്കുന്നതിന് പകരം 1% ഈടാക്കിയത് വഴി കരാറുകാരന് അധികം തുക നൽകി.

Final Bill – 695633 (Valuation Except GST)

IT ഈടാക്കേണ്ടത് 2% - 13912 ( As Per Income Tax Act 1961, Sec.194C)

ഈടാക്കിയത് 1% - 6956

**കരാറുകാരന് അധികം നൽകിയ തുക =** 6956

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/12.2.24) നഷ്ട തുക 6956 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം നഷ്ട തുക **6956** രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച

അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും ഇൻകം ടാക്സ് വകുപ്പിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-68 മരാമത്ത് പ്രവൃത്തി - ഫൈൻ ഈടാക്കിയതിൽ കുറവ് 49,452 രൂപ

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മേൽ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ പിഴ ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="2">1.പ്രൊജക്റ്റ്: കോലോത്ത് പറമ്പ് റോഡ് കോൺക്രീറ്റിംഗ് (SO166/23)</td></tr>
<tr><td>Agr.No: 164/30.3.2022</td><td>പിഴ ഇനത്തിൽ ഈടാക്കേണ്ട തുക</td></tr>
<tr><td>TS No. 95176/21.3.2022</td><td rowspan="9">ഈടാക്കേണ്ടത് -16,105<br>[Ie, 30.6.2022 To 29.9.2022 (1%PAC)= 4419/-<br>30.9.2022 To 29.12.2022 (2%PAC)= 8838/-<br>30.12.2022 To 28.1.2023 (2%PAC)} = 2848<br>(441939x2%X29/90)</td></tr>
<tr><td>Est. No - 2022/151130</td></tr>
<tr><td>M.Book No: 79/22-23</td></tr>
<tr><td>PAC: 441939.19</td></tr>
<tr><td>BR.No: 20150447000801187785/14.2.2023 (CFC)-494971.89</td></tr>
<tr><td>സൈറ്റ് കൈമാറിയത്: 30.3.2022</td></tr>
<tr><td>പൂർത്തീകരിക്കേണ്ട തിയ്യതി: 29.6.2022 (3 മാസം)<br>(As Per TS Slip)</td></tr>
<tr><td>പൂർത്തീകരിച്ച തിയ്യതി: 28.1.23</td></tr>
<tr><td>കരാറുകാരൻ: ഫിറോസ്.KV</td></tr>
</table>

<table>
<tr><td colspan="2">2.പ്രൊജക്റ്റ്: വെള്ളീരി സ്കൂൾ ഡ്രൈനേജ് പൂർത്തീകരണം (SO167/23)</td></tr>
<tr><td>Agr.No: 160/30.3.2022</td><td>പിഴ ഇനത്തിൽ ഈടാക്കേണ്ട തുക</td></tr>
<tr><td>TS No. 88777/26.2.2022</td><td rowspan="6">ഈടാക്കേണ്ടത് - 3999<br>[Ie, 30.5.2022 To 22.8.2022 (1%PAC)= 3999/-<br>(432840x1%X85/92)</td></tr>
<tr><td>Est. No - 2022/14739</td></tr>
<tr><td>M.Book No: 54/22-23</td></tr>
<tr><td>PAC: 432840</td></tr>
<tr><td>Vr.No: 22201374/24.12.2022 (CFC)-389282</td></tr>
<tr><td>സൈറ്റ് കൈമാറിയത്: 30.3.2022</td></tr>
</table>

| | |
|---|---|
| പൂർത്തീകരിക്കേണ്ട തിയ്യതി: 29.5.2022 (2 മാസം)<br>(As Per TS Slip) | |
| പൂർത്തീകരിച്ച തിയ്യതി: 22.8.22 | |
| കരാറുകാരൻ: CV.അബ്ദുൽ ലത്തീഫ് | |

| 3.പ്രൊജക്ട്: പള്ളിപ്പടി അംഗണവാടി ചുറ്റുമതിൽ (SO122/23) | |
|---|---|
| Agr.No: 97A/22.10.2020 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 72141/27.9.2020 | ഈടാക്കേണ്ടത് -29348<br>[le, 22.2.2021 To 21.5.2021 (1%PAC)= 2668/-<br>22.5.2021 To 21.8.2021 (2%PAC)= 5336/-<br>22.8.2021 To 21.11.2021 (2%PAC)} = 5336<br>22.11.2021 To 21.2.2022 (2%PAC)} = 5336<br>22.2.2022 To 21.5.2022 (2%PAC)} = 5336<br>22.5.2022 To 20.8.2022 (2%PAC)} = 5336<br>(266817x2%X91/91) |
| Est. No - 2020/116634 | |
| M.Book No: 49/22-23 | |
| PAC: 266817 | |
| BR.No: 22150447000801457066/23.3.2023 (CFC)-196231 | |
| സൈറ്റ് കൈമാറിയത്: 22.10.2020 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 21.2.2021 (4 മാസം)<br>(As Per TS Slip) | |
| പൂർത്തീകരിച്ച തിയ്യതി: 20.8.22 | |
| കരാറുകാരൻ: TS.മണികണ്ഠൻ | |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/12.2.24) മറുപടിയായി പ്രവൃത്തികൾ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കാലാവധി നീട്ടിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പ്രവൃത്തികളിലൊന്നിലും തന്നെ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം പ്രവൃത്തി കാലാവധി നീട്ടി നൽകിയിട്ടില്ലെന്നു മാത്രമല്ല പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുമില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തികളിൽ ഫൈൻ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം പ്രവൃത്തികൾക്ക് പേമെന്റ് അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-69 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തതിൽ മുജീബ് റഹ്മാൻ.സി എന്ന കരാറുകാരനാണ് കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടിയാൻ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമല്ലാതെ പരാതികളും ചർച്ചകളും നടത്തിയ ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന കാരണത്താൽ ടിയാന്റെ സാധ്യത (കരിമ്പട്ടിക) പരിശോധിച്ച് മുനിസിപ്പൽ എഞ്ചിനീയറുടെ നിർദേശപ്രകാരവും കൗൺസിൽ തീരുമാനവും (2.11.21 ലെ 4ാം നമ്പർ തീരുമാനം) പ്രകാരവും തൊട്ടടുത്ത് കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള കരാറുകാർക്ക് ടെണ്ടർ അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തി | L1 | L2 |
|---|---|---|
| വണ്ടിപ്പേട്ട റോഡ് കോൺക്രീറ്റിംഗ്<br>(SO180/23) | 6,21,100.48 | 6,70,925.55 |
| കഴപ്പള്ളി ശാന്തകുമാരി വീട് മുതൽ കെ.പി താമി വീട് വരെ റോഡ് കോൺക്രീറ്റിംഗ് | 5,05,846 | 5,39,586 |

(SO176/23)

മുജീബ് റഹ്മാൻ.സി എന്ന കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാന് നോട്ടീസ് അയക്കുകയും ടിയാന്റെ പേരിൽ സാധ്യത കരിമ്പട്ടിക സംബന്ധിച്ച് കൗൺസിൽ തീരുമാനങ്ങൾ എടുക്കുകയും ചെയ്തതിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/12.2.24) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മേൽ കരാറുകാരന്റെ കരിമ്പട്ടിക സംബന്ധിച്ച് കൗൺസിൽ തീരുമാനങ്ങൾ, മറ്റ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

## 1-70 അസി.എഞ്ചിനീയർ - കാഷ്ബുക്ക് പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 47,05,042 രൂപ

നഗരസഭ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിൽ ചന്തപ്പടി SBI ശാഖയിൽ ഉള്ള 67103971015 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 47,05,042 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. (8.1.24 ന് 48,92454.75 രൂപ നീക്കിയിരിപ്പ് ഉണ്ട്.)

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. ഇതിൽ ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ സ്വീകരിക്കുന്നതിന് 30.1.24 ന് മാത്രമാണ് അക്കൗണ്ട് തുറന്നിട്ടുള്ളത് ( A/C No. 42638096842 - SBI Chandapadi Branch ) . AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽ തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല. ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (80/14.2.24) മറുപടി ലഭ്യമാക്കിയില്ല. നീക്കിയിരിപ്പ് തുക ഏത് ഇനങ്ങളിലായി ഉള്ളതായിരുന്നുവെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിൽ സ്ഥാപനത്തിന് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽനിന്നും ലഭിക്കാനുള്ള തുക ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറി അറിയിക്കേണ്ടതുമാണ്. കൂടാതെ കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-71 ഡ്രൈനേജ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി -19,357 രൂപയുടെ നഷ്ടം

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

പ്രവൃത്തികളിൽ അധികം തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| 1 | പടുന്ന വളപ്പിൽ ഡ്രൈനേജ് (SO133/23)<br>ഫണ്ട് - CFC<br>ചെലവ്- 1047925<br>ബിൽ - 22238754754/31.07.2022-1047925 | 17.09 $M^3$ (ഇനം 2) | 131114.14 @7671.98/ $M^3$ (6974.53/ M3+10% Tender | 126071.22 @7376.90/ $M^3$ (6706.27/ M3+10% Tender | **5648** (5042.92 +12% GST) |

| | | | | | |
|---|---|---|---|---|---|
| | കരാർ 108/31.01.2022<br>കരാറുകാരൻ - ശ്രീ.AV.മൂസക്കുട്ടി<br>അളവ് പുസ്തകം 45/22-23<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No.- 27006/8.9.21 – 11,00,000<br>Estimate No.- 2021/69344 | | Excess) | Excess) | |
| 2 | അംഗൻവാടി ഡ്രൈനേജ് കം ഫുട്ട്പാത്ത് (SO134/23)<br>ഫണ്ട് – CFC<br>ചെലവ്- 863136<br>വൗച്ചർ - 22202093/30.03.2023-863136<br>കരാർ 167/31.03.2022<br>കരാറുകാരൻ - ശ്രീ.പ്രവീൺ.S<br>അളവ് പുസ്തകം 99/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44%<br>TS No.- 82460/9.2.22 – 15,00,000<br>Estimate No.- 2021/68720 | 33.95 $M^3$ (ഇനം 2) | 196910 @5800/$M^3$ (7841.67/ M3-26.036% Tender Below) | 189336.77 @5576.93/ $M^3$ (7540.07/ M3-26.036% Tender Below) | **8936** (7573.23 +18% GST) |
| 3 | തെക്കെക്കുട്ടാട് റോഡ് കോൺക്രീറ്റിംഗ്, ഡ്രൈനേജ് (SO144/23)<br>ഫണ്ട് – MG (R)<br>ചെലവ്- 871705<br>ബിൽ - 22150447000801315147/18.03.2023 -871705<br>കരാർ 146/18.03.2022<br>കരാറുകാരൻ - ശ്രീ.TV.ഷാജേഷ്<br>അളവ് പുസ്തകം 89/22-23<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No.- 20357/9.8.21 – 8,00,000<br>Estimate No.- 2021/59211 | 8.75 $M^3$ (ഇനം 2) | 61027.14 @6974.53/ $M^3$ | 58679.86 @6706.27/ $M^3$ | **2770** (2347.28 +18% GST) |
| 4 | വെള്ളീരി സ്കൂൾ ഡ്രൈനേജ് (SO167/23)<br>ഫണ്ട് – CFC<br>ചെലവ്- 405502<br>വൗച്ചർ-22201374/24.12.2022-405502<br>കരാർ -160/30.03.2022<br>കരാറുകാരൻ - Everest Builders<br>അളവ് പുസ്തകം- 54/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44%<br>TS No.- 88777/26.2.22 – 4,90,000 | 5.930 $M^3$ (ഇനം 2) | 46501.10 @7841.67/ $M^3$ | 44712.61 @7540.07/M3 | **2003** (1788.49 +12% GST) |

| | | | | | |
|---|---|---|---|---|---|
| | Estimate No.- 2022/14739 | | | | |
| | അധികം നൽകിയ തുക | | | | 19357/- |

മണ്ണിന്റെ ഘടന, പ്രത്യേക സ്വഭാവം എന്നിവ സംബന്ധിച്ചും അധിക നിരക്ക് നൽകേണ്ട സാഹചര്യം സംബന്ധിച്ചും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. മാത്രമല്ല തൻവർഷത്തിൽ തന്നെ ചെയ്ത പല പ്രവൃത്തികളിലും ഈ ഡാറ്റയിൽ നിന്നും സെന്ററിംഗിനുള്ള നിരക്ക ഒഴിവാക്കിയാണ് നൽകിയിട്ടുള്ളത്. ഉദാ - NH മുതൽ മുക്കിലപീടിക വരെ ഡ്രൈനേജ് നിർമ്മാണം -Proj-SO287/23(Ward 29), കളത്തിൽ പറമ്പിൽ ഡ്രൈനേജ് നിർമ്മാണം -Proj-SO287/23.

കരാറുകാർക്ക് അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/12.2.24) നഷ്ട തുക 19,357 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം നഷ്ട തുക **19,357** രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-72 മരാമത്ത് പ്രവൃത്തികളിൽ GST ഇനത്തിൽ അധിക ചെലവ് - 17,744 രൂപ.

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ അധിക ചെലവ് വന്നു. (സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണറുടെ 11.8.22 ലെ കത്ത് പ്രകാരം 18.7.22 ന് ശേഷം നൽകുന്ന ബില്ലുകൾക്ക് GST ബാധ്യത 18% ആണെന്ന് എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്)

**1. പള്ളിപ്പടി അംഗൻവാടി (നമ്പർ 3) ചുറ്റുമതിൽ നിർമ്മാണം (വാർഡ് 14)**

പ്രോജക്റ്റ് - (SO122/23)

ഫണ്ട് - CFC

BRN- 22150447000801457066/23.3.23

കരാർ 97A/22.10.2020

മൂല്യനിർണ്ണയം - 197908 (GST ഉൾപ്പെടെ )

അളവ് പുസ്തകം -49/2223

കരാറുകാരൻ- TS . മണികണ്ഠൻ

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-72141/27.9.20 – 3,00,000

Est.No-2020/116634

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 22.10.2020 ന് കരാർ വച്ച മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 20.8.22 ന് ആണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 4 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 167718.60

GST -18% - 30189.35

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

Final Bill – 167718.60

GST -12% - 20126.23

30189.35– 20126.23 = 10063 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 10063 രൂപ.

**2. പുന്നക്കാട് പടി മുതൽ മാരാം തോട് വരെ ഡ്രൈനേജ് നിർമ്മാണം**

പ്രോജക്റ്റ് - (SO124/23)

ഫണ്ട് - CFC

BRN- 22150447000801365441/15.3.23

കരാർ 75/19.11.2021

മൂല്യനിർണ്ണയം - 334085 (GST ഉൾപ്പെടെ )

അളവ് പുസ്തകം - 83/22-23

കരാറുകാരൻ- പ്രവീൺ. S

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-92061/29.1.21 – 5,00,000

Est.No-2021/3638

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 19.11.2021 ന് കരാർ വച്ച മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 31.1.23 ന് ആണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 1 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 283123

GST -18% - 50962

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

Final Bill – 283123

GST -12% - 33974.76

50962– 33974.76 = 16,987 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 16,987 രൂപ.

**3. കോളക്കോടൻ റോഡ് മാളിയേക്കൽ റോഡ് പ്രവൃത്തി**

പ്രോജക്റ്റ് - (S0149/23)

ഫണ്ട് - MG(R)

BRN- 22150447000801553286/29.3.23

കരാർ 118/2.2.2022

മൂല്യനിർണ്ണയം - 472758.78 (GST ഉൾപ്പെടെ )

അളവ് പുസ്തകം - 100/22-23

കരാറുകാരൻ- സുജേഷ്.M

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-30813/20.9.21 – 6,00,000

Est.No-2021/37994

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2.2.2022 ന് കരാർ വച്ച മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 31.1.23 ന് ആണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 4 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 400643.03

GST -18% - 72115.75

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

Final Bill – 400643.03

GST -12% - 48077.16

72115.75– 48077.16 = 24039 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 24039 രൂപ.

അധിക ചെലവിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/12.2.24) മറുപടിയായി മനപൂർവമല്ലാത്ത വീഴചയാണെന്ന് മറുപടി നൽകി. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കി ബിൽ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-73 മണ്ണ് നീക്കം ചെയ്യുന്നതിന് ഡോസർ / എസ്കവേറ്റർ എന്നിവ ഉപയോഗിക്കാതെ മനുഷ്യ വിഭവ ശേഷി മാത്രം ഉപയോഗിക്കുന്നതിനാൽ അധിക ചെലവ് – പ്രവൃത്തികളിലെ അധികചെലവ് 48,279 രൂപ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന്റെയും, ഡ്രൈനേജ് ഉണ്ടാക്കുന്നതിന്റെയും ഭാഗമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പ്രവൃത്തികളിൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (ശരാശരി 3 മീറ്റർ വീതി) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) അനുവദിക്കാമായിരുന്നു. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. ഡോസർ/എസ്കവേറ്റർ എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് MoRD Code 3.5.2, 3.5.3 എന്നിവ ഉള്ളതാണ്. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ഉണ്ടായ അധിക ചെലവിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1). പൊന്നാനി അങ്ങാടി പാലം മക്കി പള്ളി പിൻവശം റോഡ് കോൺക്രീറ്റിംഗ്

പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന്റ ഭാഗമായി റോഡ് ലെവൽ ചെയ്യുന്നതിന വേണ്ടി 16.08 M3മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം 15 Cm കനത്തിൽ ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

( റോഡിന് ശരാശരി 3 മീറ്റർ വീതിയുണ്ട്. 3 മീറ്റർ വീതിയിൽ അളവ് പുസ്തകം ഇനം 2, 3 പ്രകാരം ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.).

| | |
|---|---|
| പ്രൊജക്റ്റ് | (SO388/23) |
| അടങ്കൽ/ ചെലവ് | 7,00.000/ 657968 |
| കരാർ | 44/ 8.02.2023 |
| ടി എസ് | 95078/1.12.2022 (DsoR 2018) |
| Esti.No. | 95078/22-23 |
| BRN | 22150447000801457074/24.03.23<br>Plan (G) |
| കരാറുകാരൻ | പ്രവീൺ. S |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$M^3$- Cost Index 36.44% ) | 6432<br>(16.08$m^3$ * 400/M3 (360.75/M3 +10.880% Tender Excess) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$M^3$- Cost Index 36.44% ) | 1149<br>( 16.08 $M^3$ * 71.46/M3 (64.45/M3 +10.880% Tender Excess)) |
| അധികം നൽകിയ തുക | 6234/- (Ie, 5283+18% GST) |

പ്രവൃത്തിയിലെ അധിക ചെലവ് 6234 രൂപ.

2). കൊളക്കാടൻ റോഡ് നവീകരണം (Stde Protection And Concreting)

പ്രവൃത്തിയിൽ സൈഡ് പ്രൊട്ടക്ഷന വേണ്ടി DR Masonry ചെയ്യുന്നതിന് 24.327 M3 മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന 2.5 മീറ്റർ വീതിയിൽ 15 Cm കനത്തിൽ ക്വാറി മക്ക് ഫിൽ ചെയ്യുകയും

കോൺക്രീറ്റിംഗ് ചെയ്യുകയും ചെയ്തിട്ടുണ്ട് (അളവ് പുസ്തകം ഇനം 4,5). ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | (SO347/23) |
| അടങ്കൽ/ ചെലവ് | 300000/ 265210 |
| കരാർ | 61/ 21.2.2023 |
| ടി എസ് | 1827/12.1.2023 (DsoR 2018) |
| Esti.No. | 1827/22-23 |
| Voucher No.- | 22201745/25.03.23-265210<br>CFC |
| കരാറുകാരൻ | പ്രവീൺ.S |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$M^3$- Cost Index 36.44% ) | 8775.97/-<br>( 24.327 $M^3$ * 360.75/ $M^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$M^3$- Cost Index 36.44% ) | 2242.86/-<br>( 34.800 $M^3$ * 64.45/ $M^3$) |
| അധികം നൽകിയ തുക | 7709/-<br>(6533.10+18% GST) |

പ്രവൃത്തിയിലെ അധിക ചെലവ് 7709 രൂപ.

3). KSRTC ബസ്റ്റാന്റിന് പിൻവശം റോഡ് നിർമ്മാണം & ഡ്രൈനേജ് നിർമ്മാണം

പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മാണത്തിന് വേണ്ടി 155.76 M3 മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനു 3 മീറ്റർ വീതിയിൽ 15 Cm കനത്തിൽ ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റിംഗ് ചെയ്യുകയും ചെയ്തിട്ടുണ്ട് (അളവ് പുസ്തകം ഇനം 4,5). ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | (SO0152/23) |
| അടങ്കൽ/ ചെലവ് | 30,00,000/ 1207070 |
| കരാർ | 132/ 10.02.2022 |
| ടി എസ് | 28090/11.9.2021 |
| BRN | 3232144098991801/10.02.23<br>CFC |
| കരാറുകാരൻ | TV. ഷാജേഷ് |
| M Book | 35/22-23 |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം @ 249.09/M3 (228.52/ M3 + 9% Tender Excess)- Cost Index 31.06% ) | 38798.26<br>(155.76 $M^3$ * 249.09/M3 ) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം-65.98/M3 (60.54/M3 + 9% Tender Excess- Cost Index 31.06% ) | 10277.04/-<br>( 155.76 $M^3$ * 65.98/$M^3$) |

| | |
|---|---|
| അധികം നൽകിയ തുക | 31944/- (ie, 28521.22+12% GST) |

പ്രവ്യത്തിയിലെ അധിക ചെലവ് 31944 രൂപ.

4). തോട്ട് വളപ്പിൽ ദേവയാനി വീട് മുതൽ കരുവടി സുശീല വീട് വരെ റോഡ് കോൺക്രീറ്റിംഗ്

പ്രവ്യത്തിയിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി റോഡ് ലെവൽ ചെയ്യുന്നതിനു വേണ്ടി 8.4 M3മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം 15 Cm കനത്തിൽ ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. റോഡിന് ശരാശരി 3 മീറ്റർ വീതിയുണ്ട്. 3 മീറ്റർ വീതിയിൽ അളവ് പുസ്തകം ഇനം 2, 3 പ്രകാരം 15 Cm കനത്തിൽ ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | (SO186/23) |
| അടങ്കൽ/ ചെലവ് | 2,00,000/ 95785 |
| കരാർ | 32/ 12.10.2021 |
| ടി എസ് | 9221/8.7.2021 |
| വൗച്ചർ | 22201958/22.03.23<br>CFC |
| കരാറുകാരൻ | TP. ദിലീഷ് |
| M Book | 93/22-23 |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം @ 228.52/M3 - Cost Index 31.06% ) | 1937.85<br>(8.48 $M^3$ * 228.52/ M3 ) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം-60.54/M3 - Cost Index 31.06% ) | 508.53/-<br>( 8.40 $M^3$ * 60.54/ $M^3$) |
| അധികം നൽകിയ തുക | 1601/-<br>(1429.32+12% GST) |

പ്രവ്യത്തിയിലെ അധിക ചെലവ് 1601 രൂപ.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/12.2.24) താഴെ പറയും പ്രകാരമുള്ള മറുപടി നൽകി.

1. MoRD Specification Code 3.5.2 പ്രകാരമുള്ള ഡാറ്റയിൽ ലിഫ്റ്റ് എന്ന പദം ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഈ ഡാറ്റ പ്രകാരമുള്ള പ്രവ്യത്തി മേൽ പ്രവ്യത്തികൾക്ക് അനുയോജ്യമല്ല.

2. MoRD Specification Code 11.1.1.2 പ്രകാരമുള്ള നിരക്കാണ് ഡ്രൈനേജ് പ്രവ്യത്തിയിൽ ഉപയോഗിക്കേണ്ടത്. എന്നാൽ ഈ നിരക്ക് വളരെ കൂടുതൽ ആയതിനാൽ താരതമ്യേന നിരക്ക് കുറഞ്ഞതും ഇത്തരം പ്രവ്യത്തികൾക്ക് DSR ൽ ഉപയോഗിക്കുന്ന 2.8.1 നിരക്കിനോട് തത്തുല്യമായ നിരക്കുള്ള MoRD Code 3.5.1 പ്രകാരമുള്ള നിരക്കാണ് ഇവിടെ നൽകിയിട്ടുള്ളത്.

മറുപടി ഭാഗികമായി അംഗീകരിക്കുന്നു. എന്നാൽ MoRD Specification സബ് ഹെഡ് 3 യിൽ Earth Work, Erosion Contol And Drainage എന്ന് പറയുന്നുണ്ട്. വലിയ വാഹനങ്ങൾക്ക് കടന്നു പോകാവുന്നതും വീതി കൂടിയ റോഡുകളിൽ ഇത്തരം മൺപണികൾ സാധാരണയായി നടത്തുന്നത് JCB/HITTAACHI എന്നിവ ഉപയോഗിച്ചാണ്, മറിച്ച് മനുഷ്യ വിഭവ ശേഷി ഉപയോഗിച്ചല്ല എന്ന കാര്യം വസ്തുതയാണ്. അതുകൊണ്ട് തന്നെ ഇത്തരം പ്രവ്യത്തികൾക്ക് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യന്ത്രസാമഗ്രികളുടെ നിരക്ക് ഉൾപ്പെടുത്തി Observed Data തയ്യാറാക്കി പ്രവ്യത്തി നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവ്യത്തികൾ ചെയ്യാൻ കഴിയുന്ന സാഹചര്യങ്ങളിൽ ആയത് ഉപയോഗപ്പെടുത്തി അനാവശ്യമായ ചെലവുകൾ നിയന്ത്രിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൃക്കാവ് ഗവ,ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ-ഫർണിച്ചർ ലഭ്യമായില്ല.ചെലവ് തുക നിരാകരിക്കുന്നു

പൊന്നാനി നഗരസഭയിലെ തൃക്കാവ് ഗവ.ഹൈസ്കൂളിലേക്ക് ഫർണിച്ചർ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 25/22-23 സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 3000000രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2915988രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പ്രൊജക്റ്റിന്റെ ഭാഗമായി 608380 രൂപ ചെലവഴിച്ച് ആർട്കോ ലിമിറ്റഡ് മലപ്പുറത്തു നിന്നും ജിഎച്ച്എസ് തൃക്കാവിലേക്ക് താഴെ പറയുന്ന ഫർണിച്ചർ നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ MPM448/25.3.23)

ബിൽ നമ്പർ 804/27.3.23 608380 രൂപ

| ക്രമനമ്പർ | ഫർണിച്ചർ | അളവ് | റേറ്റ് | തുക | CGST | SGST | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | OFFICE CUPBOARD PARTICLE BOARD1M2 SETTING UP OF OFFICE CUPBOARD BY USING GOOD QUALITY 18 MM PRELAMINATED PARTICLE BOARD WITH DOORS INCLUDING STEEL HANDLE MULTI LOCK AND AUTOHIGES ETC. | 11.800 | 9097 | 107344.60 | 9661.01 | 9661.01 | 126666.63 |
| 2 | EXECUTIVE TABLE-BY USING GOOD QUALITY LAMINATED 18MM PARTICLE BOARD INCLUDING | 3.990 | 9912.00 | 39548.88 | 3559.40 | 3559.40 | 46667.68 |

| | | | | | | | |
|---|---|---|---|---|---|---|---|
| | DRAWER@ CUPBOARD WITH SLIDING KEY BOARD,FILE MANAGER.STEEL HANDLE PROVISION FOR CPU/UPS WITH LOCK @KEY OF SIZE 1.125M2 RATE | | | | | | |
| 3 | EXECUTIVE TABLE BY USING GOOD QUALITY LAMINATAED PARTICLE BOARD INCLUDING DRAWER @ CUPBOARD WITH SLIDING KEY BOARD,FILE MANAGER,STEEL HANDLE ,PROVISION FOR CPU/UPS WITH LOCK @ KEY OF SIZE1.125M2 RATE | 21.600 | 9912.00 | 214099.20 | 19268.93 | 19268.93 | 252637.06 |
| 4 | PARTITION WALL 18MM PLYWOOD RATE FOR 1M2 OFFICE PARTITION WALL WITH DOOR BY USING GOOD QUALITY PLYWOOD | 21.800 | 7091.00 | 154583.80 | 13912.54 | 13912.54 | 182408.88 |
| | | | | 515576.49 | 46401.88 | 46401.88 | 608380.25 |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ആർട്‌കോ മലപ്പുറത്തിന്റെ ഇൻവോയ്സ്/ ബില്ലുകൾ എന്നിവ അംഗീകരിച്ച നഗരസഭാ തീരുമാനം ലഭ്യമാക്കിയില്ല.നഗരസഭാ തീരുമാനം കൂടാതെ എങ്ങനെയാണ് വാങ്ങൽ നടത്തിയതെന്ന് വിശദമാക്കേണ്ടതാണ്.

2 മേൽ ഫർണിച്ചറിന്റെ ആവശ്യകതാ നിർണയം നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.പർച്ചേസ് കമ്മിറ്റി മിനുട്ട്സിൽ മേൽ വാങ്ങൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാണാൻ കഴിഞ്ഞില്ല.

3 പ്രൊജക്ടിൽ നേരിട്ടുള്ളനിർവഹണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഏത് ഏജൻസി വഴിയാണ് നിർവഹണം നടത്തുന്നതെന്ന് പരാമർശിച്ചിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച ഫർണിച്ചർ വിതരണവുമായി ബന്ധപ്പെട്ട് 25.3.23 ന് ആർട്‌കോയുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയും ഫർണിച്ചർ 10 ദിവസത്തിനകം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.3.23 ന് ആർട്‌കോയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 7.2.24 ന് തൃക്കാവ് ജി എച്ച്എസിൽ സ്ഥല പരിശോധന

നടത്തിയിരുന്നു. സ്ഥല പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

മുകളിലെ പട്ടിക പ്രകാരമുള്ള

ക്രമനമ്പർ 1 UF 1852 OFFICE CUPBOARD സാധന സാമഗ്രികൾ ലഭ്യമാക്കി പണി പൂർത്തീകരിച്ചിട്ടില്ല.(11.800sqm)

ക്രമനമ്പർ 2UF 1858 EXECUTIVE TABLE ലഭിച്ചിട്ടുണ്ട്.(3.99sqm).എന്നാൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

ക്രമനമ്പർ 3 UF 1858 EXECUTIVE TABLE 200*60*75 HDJKEJX 9 ടേബിളുകൾ ലഭിച്ചിട്ടുണ്ട്.(15sqm).6 ടേബിളുകൾ ലഭിച്ചിട്ടില്ല.200*60*75 Cm=5 എണ്ണം,60*60*75cm=1 എണ്ണം.ആകെ ലഭിക്കേണ്ടത് (21.600sqm) സാധനസാമഗ്രികൾ ലഭ്യമാക്കി പണി പൂർത്തിയാക്കിയിട്ടില്ല. ലഭിച്ച ടേബിളുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

ക്രമനമ്പർ 4 UF1882 PARTITION TABLE സാധന സാമഗ്രികൾ ലഭിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടില്ല. ആകെ ലഭിക്കേണ്ടത് (21.8sqm) .

ക്രമനമ്പർ ഒന്ന്,നാല് എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല.ക്രമനമ്പർ രണ്ട് ലഭ്യമായി.ക്രമനമ്പർനാല് ഭാഗികമായി ലഭ്യമായിട്ടുണ്ട്.

4 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയുന്ന സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്ററിൽ പതിച്ചു വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ പട്ടികയിൽ കാണിച്ച ഫർണിച്ചർ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ജിഎച്ച്എസ് ഹെഡ്മാസ്റ്റർക്ക് കൈമാറിയതാണെങ്കിലും സ്കൂളിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ലഭ്യമായിട്ടില്ല എന്ന് കാണുവാൻ കഴിഞ്ഞു.സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ വാങ്ങലുകൾ രേഖപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുകയും എല്ലാ ഫർണിച്ചറും മുഴുവനായി ഗുണമേന്മയോടെ ലഭിച്ചുവെന്ന നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടില്ല.കൂടാതെ തൃക്കാവ് ഹൈസ്കൂളിലെ ഹെഡ്മിസ്ട്രസ്സിന്റെ ഒപ്പ് മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉള്ളത്.

5 വിദ്യഭ്യാസം,കായികം,യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പ്രകാരം 15.2.23 നും 22.3.22 നും യോഗങ്ങൾ ചേർന്നിട്ടുണ്ട്.പണി പൂർത്തിയാക്കിയ നാല് സ്കൂളുകൾക്ക് ഫർണിച്ചർ വിതരണം , ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതു സ്കൂളുകൾക്കാണ് മേൽ പറഞ്ഞവ നൽകുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.മുൻ വർഷ പ്രൊജക്ടുകൾ അവലോകനം ചെയ്യുകയും ആവശ്യകത നിർണയിക്കുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്തിട്ടില്ല.

6 പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നമ്പർ 61/13.2.24 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 നഗരസഭാ തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ്.

2 പ്രൊജക്ടിൽ നേരിട്ടുള്ള നിർവഹണം എന്നു രേഖപ്പെടുത്തിയത് ടെണ്ടർ വഴിയോ ക്വട്ടേഷൻ വഴിയോ സപ്ളയറെ കണ്ടെത്തി നൽകുക എന്ന ഉദ്ദേശത്തോടെയല്ലെന്നും അതിനാലാണ് ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങിയത്.

3 ഓഫീസ് കബോർഡ് ,പാർട്ടീഷൻ ടേബിൾ എന്നിവ പണി പൂർത്തിയാക്കുന്നതാണ്.

4 എക്സ്ക്യൂട്ടിവ് ടേബിൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നമ്പറിട്ട് സൂക്ഷിക്കുന്നതാണ്.

5 സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതാണ്.

6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കുന്നതാണ്.

സ്കൂളുകളിലേക്ക് സാധന സാമഗ്രികൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കുകയും സ്റ്റോക്ക് രജിസ്റ്റർ കത്യമായി എഴുതി സൂക്ഷിക്കുകയും സാധന സാമഗ്രികൾ യഥാസമയം ലഭിച്ചുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്.

ലഭ്യമാകാത്ത ഫർണിച്ചറിന്റെ വില തിരികെ ഈടാക്കേണ്ടതാണ്.

ക്രമനമ്പർ 1 ഇൻവോയ്സ് പ്രകാരം 126666.63 +ക്രമനമ്പർ 3 ഇൻവോയ്സ് പ്രകാരം 101054.82(16842.47*6)+ക്രമനമ്പർ 4 ഇൻവോയ്സ് പ്രകാരം 182408.88= 410130 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഡ്രൈനേജ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി -19,357 രൂപയുടെ നഷ്ടം

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

പ്രവൃത്തികളിൽ അധികം തുക കരാറുകാർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| 1 | പടുന്ന വളപ്പിൽ ഡ്രൈനേജ് (SO133/23)<br>ഫണ്ട് – CFC<br>ചെലവ്- 1047925<br>ബിൽ - 22238754754/31.07.2022-1047925<br>കരാർ 108/31.01.2022<br>കരാറുകാരൻ - ശ്രീ.AV.മൂസക്കുട്ടി<br>അളവ് പുസ്തകം 45/22-23<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No.- 27006/8.9.21 – 11,00,000<br>Estimate No.- 2021/69344 | 17.09 $M^3$ (ഇനം 2) | 131114.14 @7671.98/ $M^3$ (6974.53/ M3+10% Tender Excess) | 126071.22 @7376.90/ $M^3$ (6706.27/ M3+10% Tender Excess) | **5648** (5042.92 +12% GST) |
| 2 | അംഗൻവാടി ഡ്രൈനേജ് കം ഫുട്ട്പാത്ത് (SO134/23)<br>ഫണ്ട് – CFC<br>ചെലവ്- 863136<br>വൗച്ചർ - 22202093/30.03.2023-863136<br>കരാർ 167/31.03.2022<br>കരാറുകാരൻ - ശ്രീ.പ്രവീൺ.S<br>അളവ് പുസ്തകം 99/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44%<br>TS No.- 82460/9.2.22 – 15,00,000<br>Estimate No.- 2021/68720 | 33.95 $M^3$ (ഇനം 2) | 196910 @5800/$M^3$ (7841.67/ M3-26.036% Tender Below) | 189336.77 @5576.93/ $M^3$ (7540.07/ M3-26.036% Tender Below) | **8936** (7573.23 +18% GST) |
| 3 | തെക്കെക്കുട്ടാട് റോഡ് കോൺക്രീറ്റിംഗ്, ഡ്രൈനേജ് (SO144/23)<br>ഫണ്ട് – MG (R)<br>ചെലവ്- 871705<br>ബിൽ - 22150447000801315147/18.03.2023 -871705<br>കരാർ 146/18.03.2022 | 8.75 $M^3$ (ഇനം 2) | 61027.14 @6974.53/ $M^3$ | 58679.86 @6706.27/ $M^3$ | **2770** (2347.28 +18% GST) |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ.TV.ഷാജേഷ്<br>അളവ് പുസ്തകം 89/22-23<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No.- 20357/9.8.21 – 8,00,000<br>Estimate No.- 2021/59211 | | | | |
| 4 | വെള്ളീരി സ്കൂൾ ഡ്രൈനേജ് (SO167/23)<br>ഫണ്ട് – CFC<br>ചെലവ്- 405502<br>വൗച്ചർ-22201374/24.12.2022-405502<br>കരാർ -160/30.03.2022<br>കരാറുകാരൻ - Everest Builders<br>അളവ് പുസ്തകം- 54/22-23<br>കോസ്റ്റ് ഇൻഡക്സ് 36.44%<br>TS No.- 88777/26.2.22 – 4,90,000<br>Estimate No.- 2022/14739 | 5.930 $M^3$ (ഇനം 2) | 46501.10 @7841.67/ $M^3$ | 44712.61 @7540.07/M3 | **2003** (1788.49 +12% GST) |
| | അധികം നൽകിയ തുക | | | | **19357/-** |

മണ്ണിന്റെ ഘടന, പ്രത്യേക സ്വഭാവം എന്നിവ സംബന്ധിച്ചും അധിക നിരക്ക് നൽകേണ്ട സാഹചര്യം സംബന്ധിച്ചും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. മാത്രമല്ല തൻവർഷത്തിൽ തന്നെ ചെയ്ത പല പ്രവൃത്തികളിലും ഈ ഡാറ്റയിൽ നിന്നും സെന്ററിംഗിനുള്ള നിരക്ക ഒഴിവാക്കിയാണ് നൽകിയിട്ടുള്ളത്. ഉദാ - NH മുതൽ മുക്കിലപീടിക വരെ ഡ്രൈനേജ് നിർമ്മാണം -Proj-SO287/23(Ward 29), കളത്തിൽ പറമ്പിൽ ഡ്രൈനേജ് നിർമ്മാണം -Proj-SO287/23.

കരാറുകാർക്ക് അധികം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/12.2.24) നഷ്ട തുക 19,357 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം നഷ്ട തുക **19,357** രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 437/23 പോസ്റ്റ് മാറ്റി | (1) Bill No. 646/23 Dtd.10.03.23 | **95114/-** | 0 | ലഭ്യമല്ല | **95114/-** |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപിക്കൽ - ലൈൻ ദീർഘിപ്പിക്കൽ | തുക-20637/<br>(2) Bill No. 694/23 Dtd.16.03.23<br>തുക-53308/-<br>(3) Bill No. 720/23 Dtd.18.03.23<br>21169/-<br>**Total- 95114/-** | | | | |
| KWA | പ്രൊജക്ട് നമ്പർ 433/23-ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യൽ | 015751/21.03.2023 | 600000 | 0 | ഇല്ല | 600000 |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പതുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹) | തൻവർഷം അടച്ചത് (₹) | വർഷാവസാന ബാക്കി (₹) |
|---|---|---|---|---|---|---|
| | | | | | മുതൽ | |
| 1 | HUDCO | 6872/22 Dt-12.102022<br><br>1049/23 Dt-13.02.2023 | 0 | *135392000* | 11306668 | 124085332 |

കുറിപ്പ്

2021-22 ലെ ബാലൻസ് ഷീറ്റ് പ്രകാരം Loan From HUDCO ഇനത്തിൽ 158925334 - *അടവാക്കാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 135392000*-രൂപയാണ്, ആയതിനാൽ ലോൺ ഇനത്തിൽ അടവാക്കാൻ ശേഷിക്കുന്ന തുകയുടെ പ്രാരംഭബാക്കിയിലും ഈ വ്യത്യാസം വന്നിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 64976604 |
| തൻവർഷം നിക്ഷേപിച്ച തുക | 6175093 |
| ആകെ | 71151697 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 71151697 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| PSC ബാങ്ക്, പൊന്നാനി | 9608480 | 11845/05.08.22 |
| | 9608480 | 11842/05.08.22 |
| | 9608480 | 11844/05.08.22 |
| | 7981742 | 11843/05.08.22 |
| | 8007067 | 11841/05.08.22 |
| | 5018284 | 212716/15.3.23 |
| | 5018284 | 212717/15.3.23 |
| | 4309130 | 12372/22.12.22 |
| | 11491750 | 12091/18.10.22 |
| Clean Kerala Company Share | 500000 | വിവരങ്ങൾ ലഭ്യമല്ല |
| ആകെ | **71151697** | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ / തിയ്യതി |
|---|---|---|---|---|
| 2016-2017 | 3-18 | 2585/- | ശ്രീ.രഘു.പി. അസിസ്റ്റന്റ് എഞ്ചിനിയർ ,പൊന്നാനി നഗരസഭ | 122050100854 Dtd 19.04.2022 |
| 2016-2017 | 3-18/P | 16436/- | ശ്രീമതി.മീനാക്ഷി, അസിസ്റ്റന്റ് എഞ്ചിനിയർ,പൊന്നാനി നഗരസഭ | 122050101252 Dtd 27.04.2022 |
| 2016-2017 | 3-18/P | 10000/- | ശ്രീമതി.മീനാക്ഷി, അസിസ്റ്റന്റ് എഞ്ചിനിയർ,പൊന്നാനി നഗരസഭ | 122050103657 Dtd 15.06.2022 |
| 2017-2018 | 3-18/B | 9412 | ശ്രീമതി.മീനാക്ഷി, അസിസ്റ്റന്റ് എഞ്ചിനിയർ,പൊന്നാനി നഗരസഭ | 122050103658 Dtd 15.06.2022 |
| 2016-2017 | 3-18/P | 10000 | ശ്രീമതി.മീനാക്ഷി, അസിസ്റ്റന്റ് എഞ്ചിനിയർ,പൊന്നാനി നഗരസഭ | 122050106082 Dtd 19.08.2022 |
| 2017-2018 | 3-7 | 39412 | ശ്രീ.രഘു.പി. അസിസ്റ്റന്റ് എഞ്ചിനിയർ ,പൊന്നാനി നഗരസഭ | 122050106531 Dtd 27.08.2022 |
| 2016-2017 | 3-18 | 20000 | ശ്രീമതി.മീനാക്ഷി, അസിസ്റ്റന്റ് എഞ്ചിനിയർ,പൊന്നാനി നഗരസഭ | 122050111953 Dtd 05.12.2022 |
| | | 107845 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37(1),43,47 49,62,65,79, 74,84,82 | 2001-02 | - | മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല | നടപടികൾ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 1998-99 | 3-9,3-24, | 2006-07 | -- | ലഘു അവലോ കനങ്ങൾ | നടപടികൾ തുടരുന്നു |
| 1998-99 | 3-7,3-9 | 2006-07 | | 3-7മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല.<br>3-9- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി. | |
| 1999-2000 | 3-53, 3-71, 3-28, 3-69, 3-34, 3-43, 3-56, 3-54, 3-55 | 2006-07 | - | 3-53- യു.പി.എ. ഫണ്ടിലേക്ക് പദ്ധതി വിഹിതം വകമാറ്റി<br>3-71- വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക സ്ഥിര നിക്ഷേപമാ ക്കി.<br>3-28, 3-69 മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ച് പിടിച്ചില്ല.<br>3-34-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി.<br>3-43-രാസവളത്തിന് മാത്രമായി പദ്ധതി.<br>3-54-K.U.D.F.Cയ്ക്ക് വായ്പ തിരിച്ചടവ് പദ്ധതി വിഹിതം വിനിയോഗിച്ചു.<br>3-55-N.S.D.P ഭവന പദ്ധതി വായ്പ തിരിച്ചടവ് വിവരം ലഭ്യമല്ല.<br>3-56-S.J.S.R.Y. ഫണ്ടിൽ നിന്ന് സ്കൂട്ടർ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br><br>പരസ്യ നികുതി<br>ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം (Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br><br>3-1 – മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2000-01 | 2-32(1), 2-36(1), 2(37) | ശ്രീ.പി.ജി.ഗോപി, സെക്രട്ടറി | LF 7205/Spl Cell/ Sc5/08dt 16.7.09/20.7.09 | 39258 | ഈടാക്കിയിട്ടില്ല (ഒ.പി.എൽ.എഫ്.54/2011 ജില്ലാ കോടതി-കേരള ഹൈക്കോടതിയിൽ അപ്പീൽ നടപടികൾ സ്വീകരിക്കുന്നു.) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ)സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 403715749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 378954046 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | 429487 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21452605 |

**ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| **ഖണ്ഡിക നമ്പർ** | **ചാർജ്ജ്** | **സർചാർജ്ജ്** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും** |
|---|---|---|---|
| 3-1 | | 410130 | ശ്രീ. പ്രശാന്ത് വികെ, ഹെഡ്മാസ്റ്റർ |
| 3-2 | | 19357 | ശ്രീ. സുജിത്ത് ഗോപിനാഥ്, മുനിസിപ്പൽ എഞ്ചിനീയർ-9678.5<br>ശ്രീമതി. സുധ എൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ-9678.5 |
| | **ആകെ** | 429487 | |

**സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-22 | 48,70,798 | ശ്രീ.പ്രദീപ് .പി, കൃഷി ഓഫീസർ |
| 1-23 | 695884 | ശ്രീ.പ്രദീപ് .പി, കൃഷി ഓഫീസർ |
| 1-25 | 600000 | ശ്രീ.സജിറൂൺ.എസ് , സെക്രട്ടറി |
| 1-26 | 2000000 | ശ്രീ.സജിറൂൺ.എസ് , സെക്രട്ടറി |
| 1-27 | 415027 | ശ്രീ.അരുൺ.കെ.എസ്, സെക്രട്ടറി |
| | 15095114 | ശ്രീ.സജിറൂൺ.എസ് , സെക്രട്ടറി |
| 1-30 | 79157 | ശ്രീമതി. നീന എ.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-32 | 82800 | ശ്രീ. പ്രശാന്ത് വി കെ ,ഹെഡ്മാസ്റ്റർ |
| 1-34 | 402000 | ശ്രീ. പ്രശാന്ത് വി കെ , ഹെഡ്മാസ്റ്റർ |
| 1-35 | 230873 | ശ്രീ. പ്രശാന്ത് വി കെ , ഹെഡ്മാസ്റ്റർ |
| 1-38 | 198250 | ശ്രീ പ്രശാന്ത് വി കെ , ഹെഡ്മാസ്റ്റർ |
| 1-45 | 1055000 | ഡോ. ഷാജ് കുമാർ. എ , മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 1-51-1 | 18,22,014 | ശ്രീ.അരുൺ.കെ.എസ്-സെക്രട്ടറി 1216200 |
| | | ശ്രീ.സുജിത്ത് ഗോപിനാഥ് സെക്രട്ടറി -93800 |
| | | ശ്രീ.സജിറൂൺ.എസ് സെക്രട്ടറി-512014 |
| 1-51-2 | 5,27,498 | ശ്രീ.അരുൺ.കെ.എസ് സെക്രട്ടറി -348698 |
| | | ശ്രീ.സജിറൂൺ.എസ് സെക്രട്ടറി -178800 |
| 1-51-3 | 4,31,000 | ശ്രീ.അരുൺ.കെ.എസ് സെക്രട്ടറി -285000 |
| | | ശ്രീ.സജിറൂൺ.എസ് സെക്രട്ടറി--146000 |
| 1-56 | 63500 | ശ്രീ.അരുൺ.കെ.എസ് സെക്രട്ടറി |
| 1-59 | 4,00,000 | ശ്രീ.അരുൺ.കെ.എസ് സെക്രട്ടറി |
| 1-64 | 535000 | ശ്രീ.അരുൺ.കെ.എസ് സെക്രട്ടറി-1,45,000 |
| | | ശ്രീ.സജിറൂൺ.എസ് സെക്രട്ടറി--3,90,000 |

| | |
|---|---|
| **ആകെ** | 21452605 |

**ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം**

ഇല്ല

**ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ് )റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്നനഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത് ഗോപിനാഥ് , മുനിപ്പൽ എഞ്ചിനിയർ | മുനിപ്പൽ എഞ്ചിനിയർ, വടക്കാഞ്ചേരി നഗരസഭ | ശ്രുശാന്തി,ഹരിനഗർ,പൂങ്കുന്നം തൃശ്ശൂർ-2,പിൻ: 680002 |
| ശ്രീമതി. സുധ എൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ , മുനിപ്പൽ എഞ്ചിനിയർ | വിരമിച്ചു. | നടുവിലത്തേതിൽ (വീട്) മഞ്ഞക്കാട് , ഷൊർണ്ണൂർ പിൻ:679121 |
| ശ്രീ. പ്രശാന്ത് വി.കെ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് ചെറുവൈക്കര | വാരിയംപറമ്പിൽ (വീട്) ഈഴുവത്തിരുത്തി, പൊന്നാനി (പി.ഒ) പിൻ:679577 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.25/1918/14(20)/16-03-2015 | 60 |
| 2000-01 (ചെലവ്) | എൽ.എഫ്.എം.25/1918/14(21)/16-03-2015 | 49 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.25/1918/14(21)/16-03-2015 | 18 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.25/1918/14(22)/16-03-2015 | 18 |
| 2003-04(ചെലവ്) | എൽ.എഫ്.എം.25/1918/14(23)/16-03-2015 | 12 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.25/1918/14(24)/16-03-2015 | 17 |
| 2005-2006(ചെലവ്) | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09,2009-10 2010-11 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14,2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 31 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി 10/02/2017 | 41 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.21/2452/2017 തീയതി 30/11/2017 | 30 |
| 2017-18 | കെ.എസ്.എ.എം.പി.എം.21/2867/2018 തിയ്യതി.29-01-2019 | 67 |
| 2018-19 | കെ.എസ്.എ.എം.പി.എം.21/1494/2020 തിയ്യതി.21.10.2021 | 38 |
| 2019-20 | കെ.എസ്.എ.എം.പി.എം.21/1706/2022 തിയ്യതി 7/11/2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം.21/1707/2022 തിയ്യതി 20/04/2023 | 36 |
| 2021-22 | കെ.എസ്.എ.എം.പി.എം.21/446/2023 തിയ്യതി 10/07/2023 | 39 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number w1 dated 20-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ponnani Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ponnani Municipality for the year 2022-2023

**Date: 04/03/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Ponnani Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. AFS not included notes , ratios on accounts
2. Annual abstract of Demant collection balance not prepared.
3. Invesetment certificate not presented for physical verification
4. Advance register not maintained properly.
5. Deposit register not updated properly.
6. Income and Expenditure details of employment guaranty programme does not reflected in AFS
7. Loan register does not match with AFS
8. Current Arrear of Rent does not tally with its Demand and collection .
9. A few figures in AFS are not recorded in whole numbers in accordance with accounting rules.
10. Audit recovery receipt not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്